ട്, കോഴിക്കോട്-673004.

# ത്സവം

F.207

2

Гоу

സി. വി. കുഞ്ഞുരാമൻ

SENGUPTA PUBLIC LIBRARY • KOZHIKODE •
F/207.



# ആശാൻ സ്മരണകൾ

210084

# ആശാൻസ്മരണകൾ

S. No. 7903

(Malayalam)

Asan Smaranakal

Memoirs

**By C. V. KUNJURAMAN**

First Published August 1965

Printed at

INDIA PRESS, KOTTAYAM

Price Rs. 1.50

Copyright

Sarada Book Depot

Published by

SARADA BOOK DEPOT

THONNAKKAL

Distributors:

NATIONAL BOOK STALL

**Kottayam Kerala State India**

# ആശാൻസ്മരണകൾ

സി. വി. കുഞ്ഞുരാമൻ

PUBLIC LIBRARY KOZHIKODE
F / 207.

വിതരണം
നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 1.50

NATIONAL BOOK STALL KOZHIKODE SPCS Ltd.

## സി. വി. കുഞ്ഞുരാമൻെറ കൃതികൾ

| | |
|---|---|
| പഞ്ചവടി | (നോവൽ) |
| രാഗപരിണാമം | ,, |
| എൻെറ ശ്രീകോവിൽ | ,, |
| വ്യാസഭാരതം | (പുരാണം) |
| വാല്മീകിരാമായണം | ,, |
| കാർത്തികോദയം | (പദ്യം) |
| ആശാൻസ്മരണകൾ | |

S606 D6/65–66 1–1000

SENGUPTA PUBLIC LIBRARY
KOZHIKODE
F/207

# ഉള്ളടക്കം


| | |
|---|---|
| അവതാരിക | 7 |
| ചില സ്മരണകൾ | 15 |
| പരേതനായ മഹാകവി | 40 |
| ആശാൻെറ ചരമവൃത്താന്തം | 46 |
| നളിനി | 58 |
| മഹാകവി കുമാരനാശാൻ | 63 |
| ദുരവസ്ഥ | 83 |
| കുചേലവൃത്തവും കരുണയും | 88 |

# അവതാരിക

സാഹിത്യമഹാരഥനായിരുന്ന സാക്ഷാൽ സി. വി. കുഞ്ഞുരാമന്റെ സ്മരണമാധുരിയും നിരൂപണചാതുരിയും ഒത്തിണങ്ങിയ ഈ വിശിഷ്ടഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിക്കാൻ അളവററ അഭിമാനവും, ആത്യന്തികമായ ആഹ്ലാദവുമാണ് എനിക്കുള്ളതു്. സാഹിത്യമണ്ഡലത്തിലും സമുദായവേദിയിലും രാഷ്ട്രീയരംഗത്തിലും സി. വി. സാറിനെപ്പോലെ മായാത്ത വ്യക്തിമുദ്ര പതിപ്പിക്കാൻ മറേറതെങ്കിലും ഒരു കേരളീയനു സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കഴിഞ്ഞ അരനൂററാണ്ടിനുള്ളിൽ അത്ഭുതാവഹമായ എന്തെല്ലാം പരിവർത്തനങ്ങളാണ് ഈ നാട്ടിൽ ഉണ്ടായിട്ടുള്ളതു്! അവയിലോരോന്നിനുംവേണ്ടി അശ്രാന്തപരിശ്രമം ചെയ്ത മഹാശയന്മാരിൽ അഗ്രിമനാണു സി. വി. കുഞ്ഞുരാമൻ അവർകൾ. അദ്ദേഹത്തിനു സമശീർഷനായി വേറൊരു മലയാളസാഹിത്യകേസരിയെ ചൂണ്ടിക്കാണിക്കാനില്ല. സാഹിത്യത്തിൻെറ സകല സരണികളിലും ആ രസികശിരോമണി സഞ്ചരിച്ചിട്ടുണ്ടു്; അവിടെയൊക്കെയും അദ്ദേഹം വിജയംവരിച്ചിട്ടുമുണ്ടു്. അദ്ദേഹം രചിച്ചിട്ടുള്ള ചെറുകഥകളും, ആഖ്യായികകളും, ആത്മോപന്യാസങ്ങളും, കലാനിരൂപണങ്ങളും, ചരിത്രലേഖനങ്ങളും, കവിതകളും സശ്രദ്ധം വായിക്കുന്നവർക്ക് ഇപ്പറഞ്ഞതു ബോദ്ധ്യമാകാതിരിക്കുകയില്ല.

സംസ്കൃതഭാഷയിൽ പാണ്ഡിത്യം ഇല്ലാത്ത വർ കവികളായി അംഗീകരിക്കപ്പെടാതിരുന്ന ഒരു കാലഘട്ടത്തിൽ, ഗണ്യമായ സംസ്കൃതപാണ്ഡിത്യമോ, സർവ്വകലാശാലാവിദ്യാഭ്യാസമോ ഇല്ലാതെ സി. വി. ഒരു സാഹിത്യസവ്യസാചിയായിട്ടുയന്നതു് ഒരത്ഭുതസംഭവമായിരുന്നുവെന്നുതന്നെ പറയണം. അപ്രതിമമായ പ്രതിഭയും അക്ഷീണമായ പ്രയത്നവുമാണു് അദ്ദേഹത്തിനു് ആ സമുന്നത സ്ഥാനം സമ്പാദിച്ചുകൊടുത്തതു്. മലയാളത്തിലെ അംഗുലീപരിമിതന്മാരായ ഉൽകൃഷ്ടഗദ്യകാരന്മാരിൽ ഒരാൾ സി. വി.യാണെന്നുള്ളതു നിസ്തർക്കമായ ഒരു വസ്തുതയാണു്. സന്ദർഭമനുസരിച്ചു പോർവാളിൻെറ മൂർച്ചയോ, പൂവിതളിന്റെ മാർദ്ദവമോ കൈക്കൊള്ളാൻ അദ്ദേഹത്തിന്റെ തൂലികയ്ക്കുണ്ടായിരുന്ന ശക്തി ആരെയാണു് ആശ്ചര്യപ്പെടുത്തിയിട്ടില്ലാത്തതു്?

കുമാരനാശാനെപ്പറ്റി സി. വി. പലപ്പോഴായി എഴുതിയിട്ടുള്ള സ്മരണകളുടേയും നിരൂപണങ്ങളുടേയും സമാഹാരമാണു് ഈ ഗ്രന്ഥം. ഷേക്സ്പീയർ, ഡാൻെറ, ഗോയ്ഥെ, കാളിദാസൻ തുടങ്ങിയ വിശ്വമഹാകവികളുടെ പദവിയിലേക്കു് ഉയന്നു കഴിഞ്ഞിരിക്കുന്ന ഒരു ഉത്തുംഗപ്രതിഭനാണു് ആശാൻ എന്നുള്ളതിൽ എനിക്കു സംശയമില്ല. അദ്ദേഹത്തെപ്പോലെ ആത്മവിശ്വാസമുള്ള ഒരു കവി കേരളത്തിൽ ഉണ്ടായിട്ടില്ലെന്നു തോന്നുന്നു. തൻെറ കവിത വായിച്ചു രസിക്കുന്നതിനുവേണ്ടി അന്യരാജ്യക്കാർ മലയാളഭാഷ പഠിക്കുന്ന ഒരു കാലം ഉണ്ടാകുമെന്നു് ആശാൻ പ്രസ്താവിച്ചതായി

ശ്രീ കെ. ദാമോദരൻ ബി. ഏ. (മയ്യനാട്ട്) ഒരിക്കൽ എന്നോടു പറയുകയുണ്ടായി. സമുദായോദ്ധാരകൻ, തത്വജ്ഞാനി, സൗന്ദര്യാരാധകൻ എന്നീ നിലകളിലെല്ലാം ആശാൻ സ്വകൃതികളിൽ പ്രത്യക്ഷപ്പെട്ടുന്നുണ്ട്. എന്നാൽ ഭാവിലോകം അദ്ദേഹത്തെ ബഹുമാനിക്കുന്നതു് അത്യുൽകൃഷ്ടനായ ഒരു കലാകാരൻ എന്ന നിലയിലായിരിക്കുമെന്നു് എനിക്കു തോന്നുന്നു. മഹാകവികളുടെ കൃതികളിൽ മഹാരീതി (Grand Style) എന്നൊരു വിശിഷ്ടകാവ്യഗുണം ഉള്ളതായി സെയിൻസ്ബെറി എന്ന പാശ്ചാത്യവിമർശകാഗ്രേസരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രതിപാദ്യവിഷയത്തിനു് അഭിനവമായ ഒരു ഭാവം നല്കുന്നതിനും സഹൃദയരെ ആനന്ദത്തിൻെറ പരകോടിവരെ കൊണ്ടുപോകുന്നതിനും പര്യാപ്തമായ ശബ്ദപ്രയോഗപാടവമാണു് ഈ മഹാരീതി എന്നു സെയിൻസ്ബെറി വിശദീകരിക്കുന്നു. പദസൗന്ദര്യം, വൃത്തസൗന്ദര്യം, ധ്വനി, ഉപമാദ്യലങ്കാരങ്ങൾ പ്രയോഗിക്കുന്നതിലുള്ള നൈപുണ്യം മുതലായവയാണു് ഈ മഹാരീതിയുടെ വിവിധാംശങ്ങളെന്നും ആ വിമർശകകേസരി വെളിപ്പെടുത്തിയിട്ടുണ്ട്. ഈ മാനദണ്ഡംവച്ചു നോക്കിയാലും ആശാൻ ഒരു വിശ്വമഹാകവിയാണെന്നു തെളിയുന്നതാണു്.

ഇപ്പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ഏഴു ലേഖനങ്ങളിൽ മൂന്നെണ്ണം ആശാനെപ്പററിയുള്ള സ്മരണകളും ശേഷമുള്ളവ ആശാൻെറ കൃതികളെക്കുറിച്ചുള്ള നിരൂപണങ്ങളുമാണു്. 'ചില സ്മരണകൾ' എന്ന സുദീർഘലേഖനം അതിസുന്ദരമായ ഒരു നോ

വൽപോലെ രസനിഷ്യന്ദിയായിട്ടുണ്ട്. മുക്കാൽ നൂററാണ്ടിനുമുമ്പ് ഇന്നാട്ടിൽ ഉണ്ടായിരുന്ന സാമൂഹികമായ അവസ്ഥാവിശേഷം എന്തായിരുന്നുവെന്ന് ആ ലേഖനം സ്ഫടികസ്ഫുടമായി കാണിച്ചുതരുന്നു. അന്നത്തെ അനീതികളോടു നിർഭയം പടവെട്ടിയ ബാരിസ്റ്റർ ജി. പി. പിള്ള, സാഹിത്യകുശലൻ സി. വി. കുഞ്ഞുരാമൻ, മഹാകവി കുമാരനാശാൻ എന്നീ മഹാശയന്മാക്കു നേരിടേണ്ടിവന്ന ബഹുമുഖങ്ങളായ പ്രതിബന്ധങ്ങളെ സ്വതസ്സിദ്ധമായ വൈദഗ്ദ്ധ്യത്തോടെ സി. വി. ലേഖനംചെയ്തിട്ടുള്ളതു വായിച്ചാൽ ഏതു മനുഷ്യസ്നേഹിയുടേയും ഹൃദയം വേദനിക്കാതിരിക്കുകയില്ല. ആ സുകൃതചരിതന്മാരുടെ ലഘുചിത്രങ്ങൾ വരച്ചുകാണിക്കുന്നതിലും സി. വി. പ്രദർശിപ്പിച്ചിരിക്കുന്ന കലാനൈപുണ്യം അനന്യസാമാന്യമാണ്. അരുവിപ്പുറത്തുവച്ച് ആശാനെ സി. വി. ആദ്യമായി കാണുന്ന രംഗം ചിത്രീകരിക്കാനാണ് ആ ലേഖനത്തിന്റെ പ്രഥമഭാഗം എഴുതിയിട്ടുള്ളതു്. ശ്രീനാരായണപരമഹംസൻ, ഡാക്ടർ പൽപ്പു, മഹാകവി ആശാൻ എന്നീ മൂന്നു ധന്യാത്മാക്കളെയും ഒരുമിച്ചു കാണുന്നതിനെ സി. വി. വർണ്ണിച്ചിരിക്കുന്നതും ഹൃദയംഗമമായിട്ടുണ്ട്. അനന്തര കാലഘട്ടങ്ങളിൽ ആശാനുമായുണ്ടായ സമാഗമങ്ങളെപ്പററിയുള്ള വിവരണമാണു ലേഖനത്തിൻെറ അടുത്തഭാഗത്തിലുള്ളതു്. മഹാകവിയെ സംബന്ധിക്കുന്ന പല പുതിയ വിവരങ്ങളും നല്കുന്ന ആ ഭാഗവും അത്യന്തം രസാവഹമായിട്ടുണ്ട്.

അനുഗൃഹീതനായ കവിശ്രേഷ്ഠൻെറ അകാലചരമത്തിനിടയാക്കിയ ബോട്ടപകടത്തിനു് ഉത്തര

വാദപ്പെട്ടവരോടുള്ള ക്ഷോഭം പ്രകടിപ്പിച്ചുകൊണ്ടെഴുതിയ ഒരു ഉപന്യാസമാണു് 'പരേതനായ മഹാകവി' എന്ന ഉജ്ജ്വലലേഖനം.

ആശാൻ മരിച്ചിട്ടു് ഇപ്പോൾ നാല്പതിലധികം സംവത്സരങ്ങളായിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ ആരാധകന്മാൎക്കു കണ്ണുനീർ തുടയ്ക്കാതെ വായിക്കാൻ കഴിയാത്തമട്ടിൽ ഹൃദയസ്പൃശിയായ ഒരു വിവരണമാണു് 'ആശാൻെറ ചരമവൃത്താന്തം' എന്ന ലേഖനം. സാഹിത്യകുശലനായ സി. വി.യുടെ അന്യാദൃശമായ കലാപാടവമാണു് അതിൽ കളിയാടുന്നതു്.

മലയാളകവിമൂൎദ്ധന്യന്മാരുടെ മുൻപന്തിയിൽ ആശാനെ പെട്ടെന്നു കൊണ്ടുനിൎത്തിയതു് അദ്ദേഹത്തിൻെറ നളിനി എന്ന പ്രഥമ ഖണ്ഡകാവ്യമാണല്ലോ. പൗരസ്ത്യവും പാശ്ചാത്യവുമായ സാഹിത്യസംസ്കാരങ്ങളുടെ ഒരു സമഞ്ജസസമ്മേളനമാണു് ആ കലാസൃഷ്ടിയിൽ കാണുന്നതു്. വിശ്വസാഹിത്യത്തിലെ പരമോൽകൃഷ്ടങ്ങളായ ഖണ്ഡകാവ്യങ്ങളുടെ കൂട്ടത്തിൽ അനിഷേധ്യമായ ഒരു സ്ഥാനം ആ കാവ്യത്തിനുണ്ടു്. അതു പുറത്തുവന്ന കാലത്തു് കുഞ്ഞുരാമൻ അവർകൾ എഴുതിയ ഒരു ലഘുനിരൂപണമാണു് 'നളിനി' എന്ന ലേഖനം. "ഇതിനേക്കാൾ പ്രൗഢവും മനോജ്ഞവുമായ ഒരു മണിപ്രവാളകാവ്യം മലയാളഭാഷാസാമ്രാജ്യത്തിൽ ഉണ്ടായിട്ടുണ്ടോ" എന്നു് സി. വി. അരനൂറ്റാണ്ടിനുമുമ്പു ചോദിച്ച അതേചോദ്യം ഇന്നും സംഗതമായിത്തന്നെയിരിക്കുന്നു.

വെയിൽസ് രാജകുമാരനിൽനിന്നു പട്ടും വളയും സമ്മാനംവാങ്ങി മടങ്ങിവന്ന കുമാരനാശാനെ അനുമോദിക്കാൻ തിരുവനന്തപുരത്തു കൂടിയ മഹായോഗത്തിൽ സി. വി. ചെയ്ത പ്രൗഢഗംഭീരമായ പ്രസംഗമാണു് 'മഹാകവി കുമാരനാശാൻ' എന്ന ലേഖനം. അത്യഗാധമായ ആശാൻകവിതയുടെ അടിത്തട്ടിലേക്കു് ഇത്രത്തോളം നിപുണമായി പ്രവേശിച്ചിട്ടുള്ള മറെറാരു വിമർശരശ്മി ഇന്നേവരെ കണ്ടിട്ടുള്ളതായി ഓക്കുന്നില്ല. ആശാൻെറ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന മലയാളകവിതയുടെ പോരായ്മയെ ചൂണ്ടിക്കാണിച്ചശേഷം ആശാൻ വരുത്തിയ ആശാസ്യമായ പരിഷ്കാരം എന്താണെന്നു ഗ്രന്ഥകർത്താവു വിശദീകരിക്കുന്നു. ആ ലേഖനം വായിക്കുന്ന സഹൃദയർ,

"അംഗാരത്തിലെരിഞ്ഞു ശുദ്ധിതടവും
പൊന്നൊത്തു സത്ത്വാഗ്നിയിൽ
ശൃംഗാരക്കറ പോയ്ത്തെളിഞ്ഞൊരു മഹാ
സൗന്ദര്യസാരാകൃതി"

എന്നു് കാളിദാസനെ ആശാൻ വർണ്ണിച്ചിട്ടുള്ളതു സ്മരിക്കാതിരിക്കുകയില്ല. ആശാൻെറ കവിതയിൽ കാണുന്ന ശൃംഗാരരസത്തിൻെറ മഹനീയതയേയും മനോഹാരിതയേയും പ്രയോജനത്തേയുംപററി എത്ര സാമർത്ഥ്യത്തോടുകൂടിയാണു് സി. വി. പ്രതിപാദിക്കുന്നതു്! "ഇത്ര വിദഗ്ദ്ധതയോടെ ശൃംഗാരം ഗോപനംചെയ്യുന്നതിനു ശൃംഗാരകവനത്തിൽ അതിവിദഗ്ദ്ധനായ കാളിദാസനുപോലും കഴിഞ്ഞിട്ടില്ല" എന്നു് സി. വി. പറയുന്നതിനോടു നിർമ്മത്സരന്മാർ യോജിക്കുകതന്നെ ചെയ്യും.

ആശാൻെറ വൎണ്ണനാപാടവം തുടങ്ങിയ ഇതര കവിതാഗുണങ്ങളെക്കുറിച്ചും ഗ്രന്ഥകൎത്താവു പ്രതിപാദിക്കുന്നതു ശ്രദ്ധേയമായിട്ടുണ്ടു്. ചില ദോഷൈകദൃക്കുകൾ ആശാൻകവിതയിൽ ചൂണ്ടിക്കാണിക്കുന്ന ശബ്ദസംബന്ധമായ ദോഷങ്ങൾക്കു തക്കതായ മറുപടി പറഞ്ഞുകൊണ്ടു ലേഖനം ഉപസംഹരിച്ചിരിക്കുന്നു. ഈ ഒരൊററ ലേഖനം സി. വി.യെ മലയാളകാവ്യകലാനിരൂപകന്മാരുടെ മുന്നണിയിൽ എത്തിച്ചിട്ടുണ്ടെന്നു നിൎവ്വിശങ്കം അഭിപ്രായപ്പെടാം.

In poets as true genius is but rare
True taste as seldom is the critic's share;
Both must alike from heav'n derive their light,
These boon to judge as well as those to write.

എന്നു് ആംഗലേയകവിയായ അലക്സാണ്ടർ പോപ്പു് അഭിപ്രായപ്പെട്ടതു് ഈ സന്ദൎഭത്തിൽ സ്മരണയിൽ വരുന്നു. കവിതയെഴുതുന്നവൎക്കു മാത്രമല്ല കവിതയെ വിമൎശിക്കുന്നവൎക്കും ദൈവികമായ അനുഗ്രഹം വേണമെന്നാണു പോപ്പു് പറഞ്ഞതിൻെറ സാരം.

'ദുരവസ്ഥ' എന്ന സാമുദായികകാവ്യത്തിൽ ആശാൻ മുസ്ലിംസമുദായത്തെ ആക്ഷേപിച്ചുകളഞ്ഞു എന്നു് ഒരു ആരോപണം ഉണ്ടായതിനെ സംബന്ധിച്ചു സി. വി.യും ആശാനും എഴുതിയ സമാധാനങ്ങളാണു് 'ദുരവസ്ഥ' എന്ന ലേഖനത്തിലുള്ളതു്. അതും ശ്രദ്ധേയമായിരിക്കുന്നു.

'കുചേലവൃത്തവും കരുണയും' എന്ന ലേഖനം സി. വി.യുടെ വിമൎശനവൈദഗ്ദ്ധ്യത്തെ ഒന്നുകൂടി ഉയൎത്തിക്കാട്ടാൻ പൎയ്യാപ്തമായിട്ടുണ്ടു്. ആശാൻെറ

കരുണ, കുചേലവൃത്തം വഞ്ചിപ്പാട്ടിനെ ഉപജീവി ച്ചെഴുതിയതാണെന്നു വാദിച്ചുകൊണ്ടു സാഹിത്യ പഞ്ചാനനൻ ശ്രീ പി. കെ. നാരായണപിള്ള എഴുതിയ പ്രസിദ്ധ നിരൂപണത്തിനു മറുപടിയാ യി സി. വി. രചിച്ച ലേഖനമാണ് അതു്. ശ്രീമാ ന്മാരായ ഐ. സി. ചാക്കോ, മൂർക്കോത്തു കുമാരൻ തുടങ്ങിയ സാഹിതീമണ്ഡലേശ്വരന്മാർ സജീവ മായി പങ്കെടുത്ത ആ വാദപ്രതിവാദം അന്നു സാ ഹിത്യലോകത്തു് വലിയ കോളിളക്കമാണല്ലോ ഉളവാക്കിയതു്. അന്നു പുറപ്പെട്ട പ്രത്യാഖ്യാന ങ്ങളിൽ പലതുകൊണ്ടും പ്രഥമഗണനീയം സി. വി. യുടേതാണ്. പ്രതിയോഗിയുടെ വാദമുഖങ്ങളെ യുക്തിയുടെ ഖഡ്ഗധാരകൊണ്ട് സി. വി. അരി ഞ്ഞരിഞ്ഞുതള്ളുന്ന കാഴ്ച ഏതു സഹൃദയനേയും രസിപ്പിക്കാതിരിക്കയില്ല. സി. വി.ക്കു് സഹജ മായ നർമ്മബോധവും ലേഖനത്തിൽ ഉടനീളം ഒളി വീശുന്നുണ്ടു്.

അസുലഭവും ആസ്വാദ്യവുമായ ഈ സാഹി ത്യസദ്യയിൽ പങ്കുകൊള്ളാൻ സകല സഹൃദയരേ യും സാദരം ക്ഷണിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
21–4–'65

എം. പി. അപ്പൻ

S/7903

SENGUPTA PUBLIC LIBRARY
F/207.
KOZHIKODE

## ചില സ്മരണകൾ

മുപ്പത്തഞ്ചുകൊല്ലം മുമ്പുള്ള മലയാളസാഹിത്യലോകത്തിന്റെ ചരിത്രം സൂക്ഷിച്ചുവായിക്കുന്നവൎക്കു ഭാഷാകവികളെ സൃഷ്ടിക്കയും രക്ഷിക്കയും ചെയ്തുകൊണ്ടിരുന്ന രണ്ടു മഹാശക്തികളായി കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമേനിയേയും മലയാളമനോരമപ്പത്രത്തേയും സ്പഷ്ടമായി കാണാൻകഴിയുന്നതാണു്. കേരളീയസാഹിത്യസാമ്രാജ്യത്തിൽ അന്നു കേരളവൎമ്മവലിയകോയിത്തമ്പുരാൻ സാൎവ്വഭൗമനും, ജനപ്രഭുത്വമുള്ള ആ സാമ്രാജ്യത്തിലെ കവിപൗരാവലിയാൽ തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി മലയാളമനോരമപ്പത്രാധിപർ മിസ്റ്റർ വർഗീസ് മാപ്പിളയുമായിരുന്നു. ആ സാമ്രാജ്യത്തിൽ കവികൾക്കുള്ള വോട്ടവകാശലിസ്റ്റു മനോരമയുടെ കവിതാപംക്തിയാണു തയാറാക്കിവന്നിരുന്നതു്. വോട്ടവകാശയോഗ്യത സമസ്യാപൂരണം, സംസ്കൃതശ്ലോകതൎജ്ജിമ, ചിത്രപ്രശ്നോത്തരം, മംഗളാശംസ മുതലായ പദ്യനികുതികൾ മനോരമ ആപ്പീസിൽ അടച്ചു കവിതാപംക്തിയിൽ അച്ചടിച്ച പററുശീട്ടി വാങ്ങുകയായിരുന്നു. ഇക്കാലത്തു

---

1100 കൎക്കടകം—ചിങ്ങം ലക്കം 'സേവിനി'യിലാണു് ഈ സ്മരണകൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതു്. മാസിക നിന്നുപോകയാൽ വളരെക്കാലം ഇതു തുടൎന്നെഴുതാൻ സാധിച്ചില്ല.

പാർവ്വത്യാരന്മാരും തഹസീൽദാരന്മാരും തയാറാക്കുന്ന വോട്ടേഴ്സ്‌ലിസ്റ്റിൽ വോട്ടവകാശയോഗ്യതയുള്ള ഈഴവന്മാരുടെ പേരു ചേർക്കുവാനുള്ള പ്രയാസത്തെക്കുറിച്ചുള്ള പരാതി അന്നു മനോരമയുടെ കവിതാപംക്തിയെക്കുറിച്ചും ന്യായമായോ അന്യായമായോ ഈഴവരുടെ ഇടയിലുണ്ടായിരുന്നു. പി. കെ. കൃഷ്ണൻ വൈദ്യൻ, പരവൂർ കേശവനാശാൻ, മൂലൂർ എസ്സ്. പത്മനാഭശൗണ്ഡികൻ, കെ. സി. കുഞ്ഞൻ വൈദ്യൻ എന്നു നാല് ഈഴവകവികളുടെ പേരുമാത്രമേ മനോരമയുടെ ആദ്യത്തെ ഒന്നുരണ്ടു കൊല്ലങ്ങളിലെ ലിസ്റ്റിൽ കാണ്മാനുണ്ടായിരുന്നുള്ളൂ എന്നാണ് എൻെറ ഓർമ്മ. ഞാനും ആയിടയ്ക്കു ചില പദ്യക്കരങ്ങൾ മനോരമ ആപ്പീസിലേക്ക് അടച്ചുകൊണ്ടിരുന്നെങ്കിലും അവയെല്ലാം മുറയ്ക്കു നിഷേധിക്കുകയാണു ചെയ്തുവന്നിരുന്നതു്. അതുകൊണ്ടു ഭഗ്നാശനാകാതെ ഏതാണ്ട് ഒരാണ്ടുവട്ടത്തെ നിരന്തരപരിശ്രമത്തിൻെറ ഫലമായി ഒരു മംഗളാശംസാപദ്യം ഞാൻ പണിതു്, ചിന്തേരിട്ട്, തേച്ചുമിനുക്കി, വാർണീഷുമിട്ടു മനോരമയ്ക്കയച്ചു. ആദ്യമായി എൻെറ ഒരു പദ്യം പത്രത്തിൽ അച്ചിട്ടു കണ്ടപ്പോൾ എനിക്കുണ്ടായ കൃതാർത്ഥത വെയിൽസ് രാജകുമാരൻ തിരുമനസ്സിലെ തൃക്കൈയിൽനിന്നു മദ്രാസ് സർവ്വകലാശാലയിലെ പണ്ഡിതസദസ്സിൽവച്ചു പട്ടും വളയും സമ്മാനമായി വാങ്ങിയ ആ സ്മരണീയമുഹൂർത്തത്തിൽ കുമാരനാശാൻ അവർകൾക്കു് ഉണ്ടായിക്കാണുമോ എന്നു് എനിക്കു സംശയമാണു്. എനിക്കു് ഒരിക്കലും മറക്കാൻ നിവൃത്തിയില്ലാത്ത എൻ്റെ ആ പദ്യം ഒന്നു കേട്ടാൽക്കൊള്ളാമെന്നു് ഒരുപക്ഷേ, വായനക്കാരിൽ ചിലർക്കെങ്കിലും താൽപര്യമുണ്ടായി എന്നു വരാവുന്നതാകയാൽ ആ പദ്യം താഴെ ചേർക്കുന്നു:

ആഴിക്കെട്ടിലദഭ്രകീർത്തിയൊട്ട ശോഭിച്ചീ
ട്ടമിച്ചാരുവാ-
മൂഴിത്തട്ടിനു നേത്രമായി വിലസും ശ്രീമൂല
ഭൂപാലകൻ
കേഴ്വിക്കൊട്ടമഹോ കുറച്ചിൽ ഭവതിക്കേശാതെ
പോറ്റിസ്സുഖം
വാഴിക്കെട്ടെ മനോരമേ, ബഹുഗുണം ഞങ്ങൾക്കു
തിങ്ങീട്ടവാൻ.

ഇങ്ങനെ പ്രാസവും അനുപ്രാസവും വായനക്കാരുടെ മനസ്സിലെ ഒരു മണൽത്തരിക്കുപോലും സ്ഥാനഭേദം വരുത്താതെ സുഖമായി ഒഴുകിപ്പോകുന്ന ഒഴുക്കും കൂടിച്ചേർന്ന ഒരു പദ്യം അന്നത്തെ മനോരമയുടെ ഗ്ലേസ്ഡ് പേപ്പറിൽ ഭംഗിയായി അച്ചിട്ടു കണ്ടാൽ എങ്ങനെയാണു് ഒരു കൃതാർത്ഥത ഉണ്ടാകാതെയിരിക്കുക! മനോരമയുടെ വോട്ടേഴ്സ് ലിസ്റ്റിൽ എന്റെ പേരുകൂടി ചേർക്കപ്പെട്ടുന്നതുവരെ കുമാരനാശാൻെറ പേരു ഞാൻ കേൾക്കുകതന്നെ ഉണ്ടായിട്ടില്ല. മനോരമയുടെ കവിതാപംക്തിയിൽ സ്ഥലംകിട്ടാതെവന്ന കവിപോതങ്ങൾക്കു കളിയാട്ടവാൻ ഒരു കളരി മനോരമയുടെ ജന്മഭൂമിയായ കോട്ടയത്തുതന്നെ ഉത്ഭവിച്ചു. 'മലയാളവിനോദിനി' അക്കാലത്തുള്ള സാമാന്യകവികൾക്ക് അവരുടെ കവിതാസാമർത്ഥ്യം പ്രകടിപ്പിക്കുവാനും പരസ്പരം ശകാരിക്കുവാനുമുള്ള ഒരു രംഗമായിരുന്നു. വിനോദിനിയുടെ പംക്തികളിൽ നിർഭയം കടന്നു് "ഞാനും പദ്യം ചിലതെഴുതിട്ടും താനുമവ്വണ്ണമല്ലോ" എന്ന മട്ടിൽ കളിച്ചുകൊണ്ടിരുന്ന കവിതക്കാരുടെ കൂട്ടത്തിൽ സാമാന്യം ഭേദപ്പെട്ട ഒരാളായിട്ടു കായിക്കര കെ. എൻ. കുമാരൻ എന്ന ഒരു ഈഴവകവിയുടെ പേരു കണ്ടപ്പോൾ ഈ വിദ്വാൻ

ആരാണെന്നു ഞാൻ അന്വേഷിച്ചുതുടങ്ങി. പക്ഷേ, കെ. എൻ. കുമാരനാകട്ടെ, പത്രപംക്തിവഴിയായുള്ള പ്രസിദ്ധിയിൽ വിരക്തനായിട്ടെന്നപോലെ അചിരേണ അന്തർദ്ധാനംചെയ്കതിനാൽ അദ്ദേഹം ആരെന്നറിയുവാൻ പിന്നെയും കുറേനാൾകൂടി കാത്തിരിക്കേണ്ടിവന്നു. നാണുസ്വാമിയുടെ (അന്നു ശ്രീനാരായണഗുരുസ്വാമിയെ അങ്ങനെയാണു പറഞ്ഞുവന്നതു്) ശിഷ്യനായിട്ടു് ഈഴവരുടെ ഇടയിൽ മാത്രം വ്യാപിച്ച കീർത്തിയോടുകൂടി കുമാരനാശാൻ എന്നൊരു യുവകവിയുണ്ടെന്നു് അല്പകാലം കഴിഞ്ഞപ്പോൾ കേൾക്കുവാനിടയായി. കായിക്കര കെ. എൻ. കുമാരൻ എന്നു മലയാളവിനോദിനിയിൽ കണ്ട അദ്ദേഹം ഇദ്ദേഹമാണെന്നും മനസ്സിലായി.

ആശാൻ സ്വാമിതൃപ്പാദങ്ങളുമായി പരിചയപ്പെട്ടതിനെ സംബന്ധിച്ചു് ഒരു കഥ കേട്ടിട്ടുണ്ടു്. തൃപ്പാദങ്ങൾ കുമാരനാശാൻെറ സ്വദേശമായ കായിക്കരെ (അഞ്ചുതെങ്ങിനു് അടുത്തു വടക്കുവശം) ഒരിക്കൽ എഴുന്നള്ളിയിരുന്ന അവസരത്തിൽ കുമാരനാശാനെ കാണുവാനും, കുറേശ്ശെ കവിത എഴുതുന്ന ഒരു യുവാവാണെന്നു് അറിവാനും ഇടയായി. സ്വാമിതൃപ്പാദങ്ങൾ ഒരു പദ്യത്തിൻെറ പൂർവ്വാർദ്ധം പറഞ്ഞിട്ടു് അതിനെ പൂരിപ്പിക്കുവാൻ ആശാനോടു പറഞ്ഞു. പൂർവ്വാർദ്ധം മുഴുവൻ ശരിയായി ഓർമ്മിക്കുന്നില്ല.

"കോലത്തുകരെ കുടികൊണ്ടരുളും
ബാലപ്പിറ ചൂടിയ......യേ."

ആശാൻ ഉടൻതന്നെ അതിൻെറ ഉത്തരാർദ്ധം ഇങ്ങനെ ചൊല്ലി:

"കാലൻ കനിവററു കുറിച്ചുവിടു-
ന്നോലപ്പടിയെന്നെയയയ്ക്കരുതേ."

തൃപ്പാദങ്ങൾ ഇതു കേട്ട വളരെ സന്തോഷിച്ചു. മററു വത്തമാനങ്ങൾക്കശേഷം കൂടെ ചെല്ലാമോ എന്നു് ആശാനോട്ട ചോദിച്ചു. ആശാൻ സമ്മതിച്ചു കൂടെ പോയി അരുവിപ്പുറത്തു താമസിക്കുന്ന കാലത്താണു് ആശാനെ ഇദംപ്രഥമമായി എനിക്കു കാണ്മാനും പരിചയപ്പെട്ടവാനും ഇടയായതു്.

ഞങ്ങളുടെ ഈ പരിചയം ആരംഭിച്ചതു് ഈഴവ സമുദായചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായത്തിൻെറ ആരംഭഘട്ടത്തിലാണു്. ആ സമുദായചരിത്രംകൂടി സംക്ഷിപ്തമായെങ്കിലും വിവരിക്കാംത്താൽ എൻെറ ഈ സ്മരണകളുടെ എല്ലാ മമ്മസ്ഥാനങ്ങളും വായനക്കാക്കു വിശദമാകാൻ കുറെ പ്രയാസമുണ്ടു്.

ഈഴവസമുദായത്തിൽ അന്നു സവ്വകലാശാലാപ്പരീക്ഷാവിജയികളായി പ്രസിദ്ധനായ ഡാക്ടർ പൽപ്പുവും, അദ്ദേഹത്തിൻെറ ജ്യേഷ്ഠനായ റാവുബഹദൂർ പി. വേലായുധനും മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ രണ്ടുപേരും വിദേശങ്ങളിൽ ഉദ്യോഗംവഹിച്ചു താമസിച്ചിരുന്നതിനാൽ, അവർമൂലം സമുദായത്തിനുണ്ടാകേണ്ട അഭിവൃദ്ധിക്കു യാതൊരു മാഗ്ഗവും ഇല്ലായിരുന്നു. ഇപ്പോൾ കലാശാലാബിരുദധാരികളായി കാണപ്പെടുന്ന നാലൊ അഞ്ചൊ ഡസൻ ഈഴവരിൽ ഒട്ടുമുക്കാൽപേരും അന്നു ഭൂലോകജാതരാവുകതന്നെ ഉണ്ടായിട്ടില്ല. പത്രങ്ങളിലും കയറിനിന്നു് ഇപ്പോൾ അതിഗംഭീരമായ അവകാശവാദങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പേരെടുത്ത സമുദായനായകന്മാരിൽ അന്നു് സ്ത്രീകളുടെ നിയന്ത്രണശാസനങ്ങളും, അവരുടെ ഉത്സംഗങ്ങളും, അട്ടക്കളയും, നാലുകെട്ടും വിട്ട വെളിക്കിറങ്ങിയവർ വല്ലവരുമുണ്ടോ എന്നു സംശയമാകുന്നു. സ്വാമി തൃപ്പാദങ്ങൾ അന്നു് ഒരു പരിമിതപരിധിക്കകത്തടങ്ങുന്ന

ഏതാനും ഭക്തജനങ്ങൾക്കു് ആരാധ്യനായിരുന്നതല്ലാതെ, അദ്ദേഹത്തെ സമുദായം പൊതുവെ അറിയുകയോ, സമുദായത്തിൽ ഏതെങ്കിലുംപ്രകാരത്തിലുള്ള നായകത്വം അദ്ദേഹത്തിനു ലഭിക്കുകയോ ചെയ്തിരുന്നില്ല. സ്വാമിഭക്തന്മാരുടെ പരിധിക്കു വെളിയിൽ നിന്നിരുന്ന എന്നെപ്പോലെയുള്ള 'ജ്ഞാനലവദുർവിദശ്ധന്മാർ' തൃപ്പാദങ്ങളെക്കുറിച്ചു ചിലരുടെ അബദ്ധവിശ്വാസവും അമിതഭക്തിയുംകൂടി സൃഷ്ടിച്ചു പരത്തിയ അത്ഭുതകഥകളെ അവിശ്വസിക്ക മാത്രമല്ല, കഥാനായകനെയും കഥാകഥകന്മാരെയും മുക്തകണ്ഠം കളിയാക്കുകയും ചെയ്തുവന്നിരുന്നു.

തിരുവിതാംകൂറിലെ ഈഴവസമുദായത്തിൻെറ ജനസംഖ്യ അന്നു് അഞ്ചുലക്ഷമാണെന്നു സെൻസസ് കമ്മീഷണർക്കുപോലും പട്ടിക നോക്കി പറയാനല്ലാതെ ഓർമ്മയിൽനിന്നു പറയാൻ കഴിഞ്ഞിരുന്നില്ല. ഓർമ്മയിൽ നിന്നു് ആ സംഖ്യ പറയാനും, മറ്റു സമുദായങ്ങളുടെ സംഖ്യയുമായി അതിനുള്ള താരതമ്യം ചൂണ്ടിക്കാണിക്കാനും കഴിവുണ്ടായിരുന്ന ഒറ്റയാൾ ഇന്നു് ഏതാണ്ടു നിർവാണമായ അഗ്നിപർവതംപോലെ എറണാകുളം കായലോരത്തു കാററുമേററു വിശ്രമിക്കുന്ന ഡാക്ടർ പൽപ്പു മാത്രമായിരുന്നു.

സമുദായമോ? ഈശ്വരാ! സമുദായമെന്ന ശബ്ദംതന്നെ ഈഴവർക്കു് അന്നു് അശ്രുതപൂർവമായിരുന്നു. അവരിൽ സംസ്കൃതപണ്ഡിതന്മാരായ ചിലർ ആ ശബ്ദത്തിൻെറ അർത്ഥം ഗ്രഹിച്ചിരുന്നു എങ്കിലും, തങ്ങളുടെ സമുദായത്തെ സംബന്ധിച്ചു് ആ പദത്തിൻെറ അർത്ഥത്തിനു് അവ്യാപ്തിദോഷമുണ്ടെന്നു് അവർ ശങ്കിച്ചിരുന്നു. ഈ സന്ദർഭത്തിലാണു വിഖ്യാതനായ ജി. പി. പിള്ള മുതലായ ദേശാഭിമാനികൾ മലയാളിമെമ്മോറിയലുംകൊണ്ടു

മലയാളിസമുദായസമുദ്രത്തിൽ കിഴക്കൻ കാററിന്നെതിരായ കോളിളക്കമുണ്ടാക്കി, ഈഴവസമുദായത്തെയും വല്ലാതെയൊന്നു കുലുക്കിയുണർത്തിയതു്. ലങ്കയിൽനിന്നു വന്നവരെന്നു ജാതിനാമം വഹിക്കുന്ന ഈഴവർ കുംഭകർണ്ണമഹാരാജാവിൻെറ സ്വന്തം പ്രജകളായിരുന്നതുകൊണ്ടു്, മലയാളിമെമ്മോറിയലാകുന്ന തുമ്പിക്കൈയ്കൊണ്ടു മൂക്കിലെ രോമത്തിൽ പിടികൂടിയപ്പോൾ ഒന്നുണന്നു തുമ്മി ഒരു ഊണുംകഴിച്ചു്, യഥാ രാജാ തഥാ പ്രജാ എന്ന രാജഭക്തിക്കു ഭംഗംവരുത്താതെ, "കണ്ണടച്ചു...കാൽനീട്ടി നിശ്ശേഷ്ഷ"രായി വീണ്ടും കൂക്കംവലിതുടങ്ങി. സ്വന്തം ചക്ഷുസ്സിനുപുറമെ ചാരചക്ഷുസ്സുംകൂടിയുള്ള അന്നത്തെ മന്ത്രിവരൻ രാമാരായർ, ഈഴവർ ഈവകകായ്യങ്ങളിൽ ഉറച്ച കുംഭകർണ്ണസേവക്കാരാണെന്നു നല്ലവണ്ണം അറിഞ്ഞു്, "തെങ്ങുചെത്തു്, കയറുപിരിപ്പു മുതലായ സ്വന്തം തൊഴിലുകളെക്കൊണ്ടു തൃപ്തിപ്പെട്ടുറങ്ങുന്ന ഈഴവരെക്കൂടി മെമ്മോറിയൽകാർ ആകഷിച്ചുചേത്തതാണെ"ന്നു ധൈയ്യപൂവ്വം ഇണ്ടാസുമെഴുതി തള്ളിക്കൊട്ടത്തു. ഈ ഇണ്ടാസു കണ്ടു് ഈഴവരെല്ലാം മിണ്ടാതെതന്നെ ഉറങ്ങിയെങ്കിലും, മഹിഷാസുരദുഗ്ഗത്തിൻെറ (മൈസൂറിന്റെ) മദ്ധ്യത്തിൽ അന്നു ഹൃദയം ചുട്ടുപുകഞ്ഞുകൊണ്ടിരുന്ന ഒരു അഗ്നിപവ്വതം തീജ്ജ്വാല ഉദ്വമിക്കുവാൻതുടങ്ങി. സക്കാർസർവീസിൽ ഇരിക്കുന്ന ഒരാൾക്കു ചെയ്യാമൊ, ചെയ്തുകൂടയൊ എന്നു നിശ്ചയമില്ലാത്ത ഒരു സംഗതിയിൽ, തൻെറ ഉദ്യോഗം അതോടെ തെറിച്ചുപോകയാണെങ്കിൽ പൊയ്ക്കൊള്ളട്ടെ എന്നുള്ള ധൈയ്യത്തോടുകൂടി ഡാക്ടർ പൽപ്പു അവർകൾ പ്രവേശിച്ചു്, രാമാരായരുടെ അനന്തരഗാമിയായ ദിവാൻ മിസ്റ്റർ ശങ്കരസുബ്ബയ്യക്കു സമുദായത്തിനുവേണ്ടി താൻ മാത്രമായി ഒപ്പിട്ട ഒരു മെമ്മോറിയൽ അയച്ചു. ഏകദേശം

ആറുമാസക്കാലത്തോളം കാത്തിരുന്നിട്ടും, പലപല റിമൈൻഡർകൾ അയച്ചിട്ടും, മറുപടിയൊന്നും കാണായ്കയാൽ ദിവാൻജിയെ നേരിട്ടുകണ്ടു കാര്യമറിയാനായി സമുദായസ്നേഹത്തിൻെറ ആ അവതാരമൂത്തി അവധിയെടുത്തു മൈസൂരിൽനിന്നു തിരുവനന്തപുരത്തെത്തി.

കഥ അല്പം പിറകിലേക്കു പിന്നെയും പോകേണ്ടിയിരിക്കുന്നു. മലയാളിമെമ്മോറിയലിൻെറ ഇണ്ടാസുകൊണ്ടു് തൃപ്തരാവാത്ത മെമ്മോറിയൽകാർ മഹാരാജാവു തിരുമനസ്സിലെ മുഖം കാണിച്ചു സങ്കടമുണത്തിക്കാൻ ഒരു ഡപ്യൂട്ടേഷൻ പോകണമെന്നു് തീർച്ചപ്പെടുത്തി. ഡപ്യൂട്ടേഷൻ പറവൂർമുതൽ തെക്കോട്ടു പല താലൂക്കുകളിലും സഭകൾ കൂടി, തങ്ങളുടെ പ്രാതിനിധ്യത്തെ സർവ്വസമ്മതമാക്കിത്തീർത്തുകൊണ്ടു് കൊല്ലത്തെത്തി. നായരീഴവമൈത്രിയെപ്പററി പ്രസംഗത്തിൻെറ ആവശ്യം അശേഷമില്ലാതിരുന്ന അക്കാലത്തു് കൊല്ലം മലയാളിമന്ദിരത്തിൽ വച്ചു കൂടിയ സഭയാണു് ഇന്നത്തെ പരിഷ്കൃതരീതിയിലുള്ള സഭകളുടെ കൂട്ടത്തിൽ എനിക്കു് ആദ്യം കാണ്മാനിടയായ സഭ. എന്തുത്സാഹവും ഉന്മേഷവും സാഹോദര്യവുമാണു് അന്നു് നായരീഴവന്മാരും ഇതരന്മാരുമായി ആ സഭയിൽ കൂടിയിരുന്നവരുടെ ഇടയിൽ പ്രകാശിച്ചു കളിയാടിയിരുന്നതു്! ജാതിമതഭേദബുദ്ധി രാഷ്ട്രീയങ്ങളായ പൊതുക്കാര്യങ്ങളിൽ അരുതാത്ത കാര്യമാണെന്നു് ഇന്നു നാക്കുകൊണ്ടും, അന്നു പ്രവൃത്തികൊണ്ടുമായിരുന്നു നായകന്മാർ പ്രസംഗിച്ചുവന്നിരുന്നതു്. അന്നത്തെ നായകന്മാരുടെ നടുനായകമായിരുന്ന കാവാലം നീലകണ്ഠപ്പിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ആ സഭയിൽ സമുജ്ജ്വലദേശാഭിമാനവും, സമുദായമൈത്രിയും, സാഹോദര്യവും, വാക്കിലും നോക്കിലും, ആവശ്യത്തിനുമാത്രം

പ്രസരിക്കുന്ന അംഗവിക്ഷേപങ്ങളിലും പ്രസന്നപ്രൗഢമായി പ്രകാശിപ്പിച്ചുകൊണ്ടു്, വിഖ്യാതനായ ജി.പി. പിള്ള അവർകൾ, നക്ഷത്രമദ്ധ്യേ രാകാസുധാകരനെപ്പോലെ എഴുന്നേറ്റുനിന്നു ചെയ്ത പ്രസംഗത്തിന്റെ സ്നിഗ്ദ്ധഗംഭീരധ്വനി, അന്നൊരു വിദ്യാർത്ഥിയായിരുന്നു് കക്ഷത്തിൽ പുസ്തകവുമേന്തിനിന്നു ശ്രദ്ധിച്ചിരുന്ന എന്റെ കർണ്ണമൃദംഗങ്ങളിൽ ഇപ്പോഴും പ്രതിധ്വനിച്ചുകൊണ്ടിരിരിക്കുന്നതുപോലെതന്നെ, 'പുരുഷസൗന്ദര്യത്തിന്റെ പൂർണ്ണാഭോഗ' മായിരുന്ന ആ മഹാനുഭാവന്റെ കോമളവിഗ്രഹവും, അദ്ദേഹത്തിന്റെ അന്നത്തെ ഫുൾസൂട്ടും, അനന്തപത്മനാഭനെപ്പോലെ ഭുജത്തോളം നീട്ടിവെട്ടിയിരുന്ന മേചകവർണ്ണത്തിൽ തിളങ്ങുന്ന കേശത്തിന്റെ തിളക്കവും, കുട്ടികൾ പറത്തുന്ന പട്ടത്തിന്റെ വാലുപോലെ തലപ്പാവിന്റെ പിൻഭാഗത്തു തൂങ്ങിക്കിടന്നിരുന്ന വാലിന്റെ പാറലും എന്റെ ബാലഹൃദയത്തിൽ അന്നു പതിഞ്ഞിരുന്നതു് ഇപ്പോഴും അവിടെ പ്രതിബിംബിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

അദ്ദേഹത്തിന്റെ അന്നത്തെ പ്രസംഗം കൊല്ലത്തുകാരിലും, അതിലും വിശേഷിച്ചു് പരവൂർക്കാരും മയ്യനാട്ടുകാരുമായ ഈഴവരിലും, ഉണ്ടാക്കിയ ഉണർവ്വ് ഉടൻതന്നെ ഉറക്കത്തിൽ അവസാനിച്ചില്ല. അവർ പരവൂറിലും മയ്യനാട്ടും ഈഴവസമാജങ്ങൾ ഏർപ്പെടുത്തുകയും, സ്കൂളുകൾ സമുദായംവകയായി സ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങുകയും ചെയ്തു. മയ്യനാട്ടെ ഈഴവരുടെ 'വിദ്യാവിലാസിനി' സമാജത്തിൽനിന്നു് ഡാക്ടർ പൽപ്പു തിരുവനന്തപുരത്തെത്തിയിരിക്കുന്നു എന്നുള്ള വർത്തമാനമറിഞ്ഞു്, അദ്ദേഹത്തിന്റെ ഉദ്യമത്തിൽ സമാജം കഴിവുള്ള സർവ്വ സഹായങ്ങളും ചെയ്‌വാൻ സന്നദ്ധമാ

ണെന്നും, സമാജംവക ഫണ്ടിൽനിന്നു് ഒരു ചെറിയ സംഖ്യ തൽക്കാലം അയയ്ക്കുന്നു എന്നുമുള്ള സന്ദേശത്തോടുകൂടി, സമാജപ്രതിനിധിയായ സന്ദേശവാഹകനായി എന്നെ തിരുവനന്തപുരത്തിന്നു് അയച്ചു.

തിരുവനന്തപുരം അന്നു് എനിക്കു് ആറാട്ടുത്സവം വഴിയായി സാമാന്യം പരിചിതമായ ഒരു നഗരമായിരുന്നു എങ്കിലും, ഡാക്ടർ പൽപ്പു എനിക്കു കേവലം അത്യന്തം അപരിചിതനായിരുന്നു. എൻെറ പരിചയക്കാരനായി, അന്നു തിരുവനന്തപുരത്തു കാളേജിൽ വായിച്ചുകൊണ്ടിരുന്ന ഏക ഈഴവവിദ്യാർത്ഥിയായിരുന്ന ജഡ്ജി മിസ്റ്റർ ഗോവിന്ദൻ ഒരാൾ മാത്രമെ ഉണ്ടായിരുന്നുള്ളു. വിദ്യാഭ്യാസകാലത്തും സമുദായകാര്യങ്ങളിൽ സശ്രദ്ധം ഏർപ്പെട്ടിരുന്ന അദ്ദേഹംവഴിയായി ഡാക്ടർ പൽപ്പുവിനെ പ്രാപിച്ചു സന്ദേശമറിയിക്കാമെന്നുള്ള വിചാരത്തോടുകൂടി ഞാൻ അദ്ദേഹത്തെ കണ്ടു വിവരം പറഞ്ഞപ്പോൾ, ഡാക്ടർ തിരുവനന്തപുരത്തില്ലെന്നും, സ്വാമിതൃപ്പാദങ്ങളെ സന്ദർശിക്കുവാനും, ഉത്സവത്തിൽ സംബന്ധിക്കുവാനുമായി അരുവിപ്പുറത്തു പോയിരിക്കയാണെന്നും അറിഞ്ഞു. ഞങ്ങൾ രണ്ടാളുംകൂടി സോത്സാഹം അരുവിപ്പുറത്തേക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ ഞങ്ങളുടെ സംഭാഷണവിഷയം, മുഖ്യമായും, അന്നു തിരുവനന്തപുരം കോളേജിൽ കെമിസ്ത്രി പ്രൊഫസറായിരുന്ന മിസ്റ്റർ റീഡിൻെറ നാസ്തികവാദങ്ങളായിരുന്നു. സ്പെൻസറുടേയും കാന്റിൻേറയും മില്ലിൻേറയും മററും തത്വജ്ഞാനവാദങ്ങളും, റീഡിൻെറ നാസ്തികവാദങ്ങളും, ഇടയ്ക്കിടയ്ക്കു ഹിന്ദുക്കളുടെ വേദാന്തവാദങ്ങളും കലർത്തിയുള്ള മിസ്റ്റർ ഗോവിന്ദൻെറ സംഭാഷണചാതുര്യവും, ഞങ്ങൾ കയറിയിരുന്ന വണ്ടിയിൽ കെട്ടിയിരുന്ന തുരംഗത്തിൻ്റെ ചുറുചുറുക്കോടു

കൂടിയ ത്വരിതഗമനവും, പ്രതീക്ഷിക്കാത്ത വേഗത്തിൽ ഞങ്ങളെ നെയ്യാററുംകരെ എത്തിച്ചു. അവിടെനിന്നു കുറേദൂരം കാൽനടയായി പോകേണ്ടതുണ്ടായിരുന്നു. സംഭാഷണം തുടൻകൊണ്ടും, ഇടയ്ക്കിടയ്ക്കു വാദപ്രതിവാദങ്ങൾ ചെയ്തുകൊണ്ടും, അധ്വക്ലേശം അശേഷം അറിയാതെ, ഏകദേശം നാലുമണിയോടുകൂടി ഞങ്ങൾ അരുവിപ്പുറത്തെത്തി.

അരുവിപ്പുറത്തെ അരുവി കടന്നു ഞങ്ങൾ കുന്നിൻമുകളിലേക്കു കയറിപ്പോകുമ്പോൾ, ഒരു സിംഹത്തിന്റെ ഗംഭീരനാദം അരുവിയിലേക്ക് ഉരുണ്ടുരുണ്ടു പോകുന്നതുപോലെ ഒരു പ്രസംഗധ്വനി അകലെനിന്നു മുഴങ്ങിത്തുടങ്ങി. ക്ഷേത്രപ്രാന്തത്തിലെത്തിയപ്പോഴേക്ക്, ആളിനെ കണ്ടില്ലെങ്കിലും, അതു ഹിന്ദുമതപ്രാസംഗികനായിരുന്ന കരുവാ കൃഷ്ണനാശാന്റെ, ഇക്കാലത്തു് ആർക്കും പിടിക്കാത്തതും, അക്കാലത്തു് എല്ലാവർക്കും പിടിച്ചിരുന്നതുമായ മതപ്രസംഗമാണെന്നു് ആരും പറയാതെതന്നെ ഞങ്ങൾക്കു മനസ്സിലായി. പ്രസംഗസ്ഥലത്തോടു് ഏകദേശം സമീപിച്ചപ്പോൾ, ഉന്നതമായ ഫാലസ്ഥലം മുഴുവൻ വിഭൂതി അണിഞ്ഞു് വിനീതവും എന്നാൽ വിശുദ്ധവുമായ വസ്ത്രങ്ങൾ ധരിച്ചു്, ഉജ്ജ്വലമായ നയനങ്ങൾക്കല്ലാതെ മററൊന്നിനും ചാഞ്ചല്യമില്ലാത്ത ദൃഢകായനും ദൃഢചിത്തനുമായ ഒരു യുവബ്രഹ്മചാരി ചെറുമന്ദഹാസത്തോടുകൂടി ഞങ്ങൾക്കഭിമുഖമായി വന്നു് മിസ്റ്റർ ഗോവിന്ദനെ അഭിവാദ്യംചെയ്തു. മിസ്റ്റർ ഗോവിന്ദൻ ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തി. ഇങ്ങനെയാണു്, വളരെനാൾ കാണുവാനാഗ്രഹിച്ചിരുന്ന കുമാരനാശാനുമായി എനിക്കു് ആദ്യം കണ്ടു പരിചയപ്പെടുവാൻ സംഗതിയായതു്.

ആശാനുമായുള്ള പരിചയം മാത്രമല്ല, അന്ന് ആദ്യമായി എനിക്കു സമ്പാദിക്കുവാൻ ഭാഗ്യമുണ്ടായതു്. ഞങ്ങൾ പ്രസംഗസ്ഥലത്തെത്തി; സദസ്യരെ ആകപ്പാടെ ഒന്നു നോക്കി. ഇരുനൂറിനുമേൽ മുന്നൂറിനകം പുരുഷന്മാർ സദസ്സിലിരിപ്പുണ്ടു്. സ്ത്രീകൾ പല പ്രായക്കാരായി ഒരു ഡസനിൽ അധികമില്ല. സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും കുളിച്ചു ശുഭ്രവസ്ത്രം ധരിച്ചു വിഭൂതി അണിഞ്ഞവരായി കാണപ്പെട്ടു. വിഭൂതി ധരിച്ചിരുന്നവരിൽ, കൃഷ്ണനാശാനും മററു നാലോ അഞ്ചോ ചെറുപ്പക്കാരും നെററിയിലും, നെഞ്ഞത്തും, ഭുജങ്ങളിലും, കൈവള്ളയിലും, കൈമുട്ടിലും, കൈത്തണ്ടിലും, തോൾപലക മുതലായി മററു ചില സ്ഥാനങ്ങളിലും കണക്കൊപ്പിച്ചു്, ശാസ്ത്രമൊപ്പിച്ചു മുരുങ്ങക്കായുടെ വടിവിൽ, ഭസ്മം കുഴച്ചു്, കണ്ണാടി നോക്കി, ശ്രദ്ധയോടുകൂടി ത്രിപുണ്ഡ്റക്കുറി വരച്ചവരും, ശേഷമെല്ലാവരും നെററിയിലും, നെഞ്ഞത്തും, കണ്ഠത്തിലും കണ്ണാടി നോക്കാതേയും, ശാസ്ത്രോക്തമാലോചിക്കാതേയും, വിശേഷിച്ചൊരു വടിവും ആകൃതിയും കരുതാതേയും ഭസ്മലേപനം ചെയ്തവരുമായി കാണപ്പെട്ടു. ഭക്തി ഒരു സുകുമാരകലയായും, ഭക്തി വെറും ഭക്തിയായും ഈ രണ്ടു തരക്കാരിലും തെളിഞ്ഞുകാണാമായിരുന്നു. ഞങ്ങളെ (മി. ഗോവിന്ദനെയും എന്നെയും)പോലെ, കോട്ടും ഷർട്ടും ധരിച്ച 'പരിഷ്കാരികളെ' ആരെയും ആ സദസ്സിൽ കണ്ടില്ല. കോട്ടു് എനിക്കന്നു് ഇന്നത്തെപ്പോലെതന്നെ സാധാരണവേഷമായിരുന്നില്ലെങ്കിലും, ഡാക്ടറെ കാണാനുള്ള യാത്രയായിരുന്നതുകൊണ്ടാണ് കോട്ടു ധരിച്ചിരുന്നതു്. പരിഷ്കൃതവേഷത്തിൽ പല പടികളായ ബനിയൻ, മുറി

ക്കെയെന്നും മുഴക്കൈയെന്നുമായ ഹാഫാറങ്ങൾ, ഷർട്ട് ഇവയിലേതെങ്കിലുമൊന്നോ, പച്ചപ്പരിഷ്കാരത്തിന്റെ വേഷമായ ബനിയൻ, ബനിയൻെറ പുറത്തു മസ്സിൻ ഹാഫാറം, ഇവ രണ്ടും കൂടിയോ ധരിച്ചവരായും ആരെയും ആ സദസ്സിൽ കണ്ടില്ല. നാടൻ തോർത്തും, നാടൻ നേര്യതും, ദുർലഭമായി കരയനും, ചരട്ടുകരയനും, തുപ്പട്ടാവുകളും മാത്രമേ ഉടുമുണ്ടിനു പുറമെ എല്ലാവരും ധരിച്ചിരുന്നുള്ളു. മുണ്ഡനംചെയ്ത ശിരസ്സുകളോടുകൂടിയ ചില ബ്രഹ്മചാരികളെ ആ കൂട്ടത്തിൽ കണ്ടിരുന്നുവെങ്കിലും, ക്രാപ്പും അദ്ധക്ഷൗരവും ചെയ്ത ആരെയും അക്കൂട്ടത്തിൽ കണ്ടില്ല. എലിവാലുമുതൽ ഉലറ്റിക്കലവരെ പല അളവിലുള്ള മുൻകുടുമകൾ കഷണ്ടിക്കാരല്ലാത്ത എല്ലാവരുടെയും ശിരസ്സുകളെ അലങ്കരിച്ചിരുന്നു. ഇതിനെല്ലാം വ്യത്യസ്തമായി അദ്ധ്യക്ഷൻെറ പിന്നിൽ ഒരാൾ നില്പുണ്ടായിരുന്നു. ഒത്ത എകരത്തിൽ അല്പം കുറവുണ്ടെങ്കിലും, ആൾ ഹ്രസ്വകായനായിരുന്നില്ല. ദേഹം സാമാന്യം സ്ഥൂലമായിരുന്നു. ക്രാപ്പും അദ്ധക്ഷൗരവും ചെയ്തിട്ടുണ്ട്. കുപ്പായം ഒരുതരത്തിലുള്ളതും ധരിച്ചിരുന്നില്ല. കഥകളിയിലെ ഹനുമാൻവേഷക്കാരൻെറ കുപ്പായത്തിനുപയോഗിക്കുന്ന തുണിപോലെ നൂൽ നീണ്ടെഴുന്നു ചുരുണ്ടുനില്ക്കുന്ന ഒരുതരം തുവാലകൊണ്ടു ദേഹം നല്ലവണ്ണം പുതച്ചിട്ടുണ്ട്. മദ്രാസ് മൽമൽപോലെ നേർമ്മയും മിനുസവുമുള്ള ഒരുതരം വേഷ്ടി, രണ്ടു മടക്കിട്ടു കച്ചമുറിയുടെ മാതിരി ഉടുത്തിരിക്കുന്നു. ഉജ്ജ്വല നയനങ്ങളും, പ്രസന്നഭാവവും, ആത്മവിശ്വാസത്തിൻെറ പ്രത്യക്ഷലക്ഷണമായ കൂസലില്ലായ്മയും കളിയാടുന്ന ആ മുഖം ഒരിക്കൽ കണ്ടാൽ പിന്നെ മറക്കാൻ പ്രയാസമായിരുന്നു. അദ്ധ്യക്ഷപീഠത്തിൽ അസാധാരണമുഖശ്രീയോടുകൂടിയ പ്രൗഢവയസ്കനായ ഒരാൾ പ്രശാന്തഗംഭീരനാ

യിരിപ്പുണ്ടു്. പിന്നെയും പിന്നെയും കാണ്മാനാഗ്രഹം ജനിപ്പിക്കുന്ന ഒരു അസാധാരണമായ ആകൎഷണീയത അദ്ദേഹത്തിൻെറ മുഖത്തിനും ഉണ്ടു്. ഒരു മദ്രാസ് മൽമൽ ഉടുത്തു്, മറെറാരു മദ്രാസ് മൽമൽ തല മൂടിപ്പുതച്ചിരിക്കുന്നു. ദൎശനീയന്മാരായ ഈ രണ്ടു് അസാധാരണന്മാരും ആരെന്നു് എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. മി. ഗോവിന്ദൻ രണ്ടുപേരേയും അഭിവാദ്യംചെയ്യുന്നതു കണ്ടു ഞാനും വിനീതനായി അവരെ വന്ദിച്ചു. പ്രതിവന്ദനം രണ്ടുപേരിൽനിന്നുമുണ്ടായില്ല. അദ്ധ്യക്ഷൻ എന്നെ, എന്തിനെന്നും എന്തൎത്ഥത്തിലെന്നും അറിഞ്ഞില്ല, പാദാദികേശവും, കേശാദിപാദവും ഒന്നു സൂക്ഷിച്ചുനോക്കി. എന്നാൽ ആ നോട്ടം എനിക്കു ലേശം അസുഖമുണ്ടാക്കിയില്ല. അതിനെ തുടൎന്നു മറെറാരാളുടെ ഒരു നോട്ടമുണ്ടായതു് ഈ ജന്മം എനിക്കു മറക്കുവാൻ കഴിയുന്നതല്ല.

ഞങ്ങൾ സദസ്സിലെത്തിയപ്പോഴും ഏറത്തു കൃഷ്ണനാശാൻ പ്രസംഗിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. ആശാൻെറ സിംഹനാദം, എന്നെ കണ്ടപ്പോൾ സിംഹഗൎജ്ജനമായിത്തീൎന്നു. "വിഗ്രഹാരാധനയെ ആക്ഷേപിക്കുന്നവരായി, ഇംഗ്ലീഷു പഠിച്ച ചില ജ്ഞാനലവദുൎവിദഗ്ദ്ധന്മാർ ഇയ്യിടെ നമ്മുടെ ഇടയിൽ ഉണ്ടായിട്ടുണ്ടു്." ഇങ്ങനെ ഗൎജ്ജിച്ചുകൊണ്ടു്, തൻെറ ആ അപോഘശരം എൻെറ നെഞ്ഞിനെ കീറിയോ എന്നു പരിശോധിക്കുന്നമാതിരിയിൽ കൃഷ്ണനാശാൻ എന്നെ ഒന്നു നോക്കി. ആശാൻെറ ആ സിംഹാവലോകനത്തിൽ ഞാൻ ചുരുണ്ടുപോകാതെ നിന്നതു് എന്തു മനഃസാന്നിദ്ധ്യത്താൽ എന്നു് എനിക്കിപ്പോഴും ഊഹിക്കുവാൻകഴിയുന്നില്ല. ഉത്തരക്ഷണത്തിൽ ആശാൻ മി. ഗോവിന്ദൻെറ മുഖത്തു നോക്കി, ഒരു പച്ച

ച്ചിരിയോടുകൂടി, "എന്നാൽ ഇംഗ്ലീഷിൽ ഉയന്നതരം വിദ്യാഭ്യാസം ചെയ്തിട്ടുള്ള ചിലരുണ്ട്" എന്നിങ്ങനെ അല്പം വിനീതസ്വരത്തിൽ തൻെറ റിമാക്കിനെ തിരുത്തുവാൻ ശ്രമിച്ചു.

"ഡാക്ടർ എവിടെ?" എന്നു് ഞാൻ മി. ഗോവിന്ദനോടു ചോദിച്ചു.

"സ്വാമിയുടെ പിന്നിൽ നില്ക്കുന്ന ആളാണു്," എന്നു് അദ്ദേഹം പറഞ്ഞു.

ഈഴവസമുദായത്തിൻെറ അവ്വാചീനപുരാണത്തിലെ ത്രിമൂത്തികളായ സ്വാമിതൃപ്പാദങ്ങളെയും, ഡാക്ടർ പൽപ്പുവിനെയും, മഹാകവി കുമാരനാശാനെയും ഏക കാലത്തിൽ, ഏകസ്ഥലത്തുവച്ചു് കണ്ടറിവാൻ ഇടവരുത്തിയ ദൈവയോഗം എൻെറ ജീവിതത്തിലെ സ്മരണീയ സംഭവങ്ങളിൽ പ്രഥമഗണനീയമാണു്.

സഭ പിരിഞ്ഞു. ഡാക്ടരുടെ പിന്നാലെ ഞങ്ങൾ കുറേദൂരം നടന്നു. മയ്യനാട്ടെ വിദ്യാവിലാസിനി സഭക്കാർ എന്നെ ഏല്പിച്ചിരുന്ന സന്ദേശപത്രം മിസ്റ്റർഗോവിന്ദൻ, ഞാൻ ആരെന്നും മററുമുള്ള ഒരു മുഖവുരയോടുകൂടി ഡാക്ടറെ ഏല്പിച്ചു. അദ്ദേഹം വളരെ ഉത്സാഹത്തോടുകൂടി അതു വായിച്ചുനോക്കിയശേഷം ഇങ്ങനെ പറഞ്ഞു: "ഇതിലെ ഒരു വാചകമില്ലായിരുന്നുവെങ്കിൽ ഈ എഴുത്തുംകൂടി മററന്നാൾ ദിവാൻജിയെ കാണുമ്പോൾ കാണിക്കാമായിരുന്നു." പിന്നീടു പല കായ്യങ്ങളും സംസാരിച്ചശേഷം, "ദിവാൻജിയെ കണ്ടുകൊണ്ടു ബംഗ്ളൂരിലേക്കു മടങ്ങും വഴി ഞാൻ മയ്യനാട്ടിറങ്ങാം. എഴുത്തിനു മറുപടി ഞാൻ സഭക്കാരോടു മുഖദാവിൽ പറഞ്ഞുകൊള്ളാം" എന്നു് ഡാക്ടർ പറഞ്ഞു. സഭയിൽനിന്നും തന്നയച്ച രൂപാ അദ്ദേഹം വാങ്ങിയില്ല. ദിവാൻജിയെ കണ്ടാൽ എൻെറ മെ

മ്മോറിയലിനു് അനുകൂലമായ മറുപടിയൊന്നും പറഞ്ഞില്ലെങ്കിൽ തുടന്നു വലുതായ പ്രക്ഷോഭണം നടത്തേണ്ടിവരും. അതിനു വേണ്ടിവരുന്ന ചെലവിലേക്കായി എല്ലാവരും സംഭാവനചെയ്യേണ്ടിവരും'' എന്നു് ഡാക്ടർ അവിടെ കൂടിനിന്നവരോടായിട്ടും എന്നോടായിട്ടും പറഞ്ഞു.

അന്നു് അരുവിപ്പുറത്തു താമസിച്ചു പിറേറദിവസം സന്ധ്യക്കു ഡാക്ടർ മുതലായവരോടൊരുമിച്ചു ഞങ്ങൾ തിരുവനന്തപുരത്തേക്കു മടങ്ങി. ഞാൻ ഉടൻതന്നെ മയ്യനാട്ടെത്തി ഡാക്ടറുടെ വരവിനെ പ്രതീക്ഷിച്ചു് ഒരു സഭ വിളിച്ചുകൂട്ടുവാൻവേണ്ട ഏപ്പാടുചെയ്തു. സഭക്കു വന്നുകൂടിയ ജനങ്ങൾ എത്രയെന്നു കണക്കില്ല. സമയം ഒരുമണിയെന്നാണു് നോട്ടീസു പ്രസിദ്ധംചെയ്തിരുന്നതെങ്കിലും നാലുമണിയായിട്ടും ഡാക്ടറെ കണ്ടില്ല. ജനങ്ങൾ നിരാശരായി പിരിഞ്ഞുപോകാൻ ഭാവിച്ചു. അപ്പോൾ പരവൂരിൽനിന്നു പത്തിരുനൂർപേർ ഒരു സംഘമായി വന്നുചേന്നു് ഡാക്ടറുംമററും വള്ളംവഴി വരുന്നുണ്ടെന്നു പറഞ്ഞു. ആറുമണിയോടുകൂടി ഡാക്ടർ മയ്യനാട്ടെത്തി. അദ്ദേഹത്തിൻെറകൂടെ ജഡ്ജി മിസ്റ്റർ ഗോവിന്ദനും മിസ്റ്റർ കുമാരനാശാനും ഉണ്ടായിരുന്നു. കുമാരനാശാൻ സംസ്കൃതവിദ്യാഭ്യാസത്തിനായി ഡാക്ടറോടൊരുമിച്ചു് ബംഗ്ളൂരിലേക്കു പോകുന്ന യാത്രയായിരുന്നു. അന്നത്തെ സഭയുടെ കോലാഹലമൊന്നും വിസ്തരിക്കാനില്ല. ഡാക്ടറായിരുന്നു അദ്ധ്യക്ഷൻ. പ്രസംഗകന്മാരായി മിസ്റ്റർ ഗോവിന്ദനും, എൻെറ അമ്മാവനും, ഏറത്തു കൃഷ്ണനാശാനും, ഞാനും മാത്രമേ ഉണ്ടായിരുന്നുള്ളു.

കൃഷ്ണനാശാൻ അവർകളും ഞാനും തമ്മിൽ ഞാൻ കേവലം ഒരു ബാലനായിരിക്കുന്ന കാലംമുതൽ സ്നേഹിതന്മാരായിരുന്നു. ആശാൻെറ വിഗ്രഹാരാധനാപ്രസംഗ

ത്തോട്ട മല്ലിട്ടുന്നതു് എൻെറ ഒരു വലിയ വിനോദമായിരുന്നു. ആ ഒരു വിഷയത്തിലൊഴിച്ചു മററു കാര്യ്യങ്ങളിൽ ഞങ്ങൾ വളരെ സ്നേഹത്തിലും ലോഹ്യത്തിലുമാണു കഴിഞ്ഞുവന്നതു്. ആശാൻ മയ്യനാട്ടുവച്ചു് അന്നു ചെയ്ത പ്രസംഗം അന്നത്തെ സ്ഥിതിക്കു് അതിഗംഭീരമായിരുന്നു. ഇന്നത്തെപ്പോലെ നിശ്ചയങ്ങൾ ഹാജരാക്കലും പിൻതാങ്ങലുമൊന്നും അന്നുണ്ടായിരുന്നില്ല. ആദ്യവസാനം പ്രസംഗംതന്നെ. അന്നത്തെ സഭയിൽ കുമാരനാശാൻ പങ്കൊന്നുമെട്ടത്തിരുന്നില്ല. അദ്ദേഹം സഭയുടെ ഒരു കോണിൽ സദസ്കന്മാരിൽ ഒരാളെപ്പോലെ എല്ലാം കണ്ടുകൊണ്ടിരിക്കുക മാത്രമേ ചെയ്തുള്ളൂ. സാമുദായികകാര്യ്യങ്ങളിൽ അതുവരെ ആശാൻ ഏറ്റപ്പെട്ടിരുന്നതേയില്ല. അതിനു് ആവശ്യമായ അറിവുതന്നെ അദ്ദേഹത്തിനു് ഉണ്ടായിരുന്നോ എന്നു സംശയമാണു്.

ആശാൻ ബംഗ്ളൂരിൽ താമസിക്കുന്ന കാലത്താണു് പതിനായിരത്തിൽപ്പരം ഈഴവർ ഒപ്പിട്ട ഒരു മെമ്മോറിയൽ മഹാരാജാവു തിരുമനസ്സിലേക്കു സമപ്പിച്ചതു്. തൽസംബന്ധമായ എഴുത്തുകുത്തുകൾ ഡാക്ടർക്കുവേണ്ടി മിക്കവാറും നടത്തിക്കൊണ്ടിരുന്നതു് ആശാനായിരുന്നുവെന്നു് ഡാക്ടർ ആയിടെ എനിക്കു തുടരെത്തുടരെ അയച്ചുകൊണ്ടിരുന്ന അനവധി എഴുത്തുകളിൽ ചിലതു് ആശാൻെറ കൈപ്പടയായിരുന്നതുകൊണ്ടു വിചാരിക്കേണ്ടിയിരിക്കുന്നു.

ഈഴവമെമ്മോറിയലിനെത്തുടന്നു് പത്രങ്ങളിൽ വലുതായ പ്രക്ഷോഭണങ്ങൾ നടന്നുകൊണ്ടിരുന്നു. ഇംഗ്ലീഷ് പത്രങ്ങളിൽ ഡാക്ടർ ഈ വിഷയത്തെ സംബന്ധിച്ചു് എഴുതീട്ടുള്ള ലേഖനങ്ങൾ എത്രയെന്നു കണക്കില്ല—അവയിൽ മിക്കതിനെയും തർജ്ജിമചെയ്തും, ചിലതിൻെറ സാരം സംഗ്രഹിച്ചെഴുതിയും, ചിലതു സ്വതന്ത്രമായി

എഴുതിയും മലയാളപത്രത്തിൽ എന്നാലായതു ഞാനും എഴുതിക്കൊണ്ടിരുന്നു. ഈഴവസമുദായം പൊതുവിലാകട്ടെ, അവരിൽ വിദ്യാഭ്യാസമുള്ളവരാകട്ടെ, മെമ്മോറിയലിന്ന് ഒപ്പിട്ടുകൊടുത്തതിൽ കൂടുതലായി പറയത്തക്ക സഹായമൊന്നും ഡാക്ടർക്കു ചെയ്തുകൊടുത്തതായി എനിക്കറിവില്ല. മലയാളപത്രങ്ങളിൽ ലേഖനങ്ങൾ എഴുതുന്നതിൽ മിസ്റ്റർ ഗോവിന്ദൻ ഒരാൾമാത്രം എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും, ഇന്നിന്നമാതിരി വേണമെന്നും ഇന്നിന്നമാതിരി പാടില്ലെന്നും ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഈഴവർക്കു സമുദായകാര്യങ്ങളിൽ ഉണ്ടായിരുന്ന ഉദാസീനതയ്ക്കു് ഒരു ഉദാഹരണം മാത്രം പറയാം. മെമ്മോറിയലിനെക്കുറിച്ചു പത്രങ്ങളിലുണ്ടായിരുന്ന മുഖപ്രസംഗങ്ങളും ലേഖനങ്ങളും മററു് ആവശ്യമായ വിവരണങ്ങളും ചേർത്തു് 'Treatment of Tiyas in Travancore' എന്ന പേരിൽ ഒരു പുസ്തകം ഡാക്ടർ പ്രസിദ്ധംചെയ്തിരുന്നു. അതിന്റെ ഒരു തർജ്ജിമ മലയാളത്തിൽ എഴുതി പ്രസിദ്ധംചെയ്‌വാൻ ഡാക്ടർ എന്നെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. അതിൽ ചേർത്തിരുന്ന ലേഖനങ്ങളിൽ പലതും ഞാൻ മുമ്പേതന്നെ തർജ്ജിമചെയ്തിട്ടുള്ളവയായിരുന്നു. അതിനാൽ പുസ്തകം പ്രസിദ്ധംചെയ്യുന്നതു വളരെ എളുപ്പമുള്ള കാര്യമായിരുന്നു എങ്കിലും പ്രസിദ്ധീകരണത്തിനു വേണ്ടി വരുന്ന ചെലവിനു മാർഗ്ഗം കാണായ്കയാൽ ഞാൻ അതിനു തുനിയുവാൻ ഭയപ്പെട്ടുകൊണ്ടിരുന്നു. ഡാക്ടരുടെ നിർബ്ബന്ധം നിരാകരിക്കുവാൻ നിവൃത്തിയില്ലെന്നായപ്പോൾ, ആററിങ്ങൽ സബ്‌രജിസ്ട്രാറായിരിക്കുന്ന മിസ്റ്റർ പി. എം. രാമനും, ഓവർസീയറായിരുന്നു മരിച്ചുപോയ മിസ്റ്റർ ററി. സി. രാമനും, ഞാനുംകൂടി തർജ്ജിമ മുഴുവനാക്കി

അച്ചുക്കൂടത്തിൽ ഏല്പിച്ചുകൊണ്ടു്, നൂറു രൂപയോളം വേണ്ടിയിരുന്ന അതിൻെറ ചെലവിനു് ഒരു സംഭാവന പിരിക്കാനായി ഞങ്ങൾ മൂന്നാളുംകൂടി പുറപ്പെട്ടു. മൂന്നാഴ്ച വട്ടം പലേടത്തും സഞ്ചരിച്ചു. പണം മണിയോർഡർ അയച്ചേക്കാമെന്നു വാഗ്ദാനവും, വളരെ വെടിപ്പായിട്ടു് ഊണും തന്നു്, മിക്ക പ്രമാണികളും ഞങ്ങളെ ഉദകാന്തവും കൊട്ടിയമ്പലാന്തവും അനുഗമിച്ചു്, ബഹുമാനപൂർവ്വം യാത്രയയച്ചു. ഞങ്ങൾ മടങ്ങി മയ്യനാട്ടെത്തിയപ്പോൾ ഇരുപത്തേഴ രൂപാ ഉണ്ടായിരുന്നു. അതിൽ അധികവും സേവിനിയുടെ ജന്മസ്ഥലമായ പെരിനാട്ടുനിന്നു പിരിഞ്ഞതായിരുന്നു. ഡാക്ടർ നാണുപ്പണിക്കരുടെ അച്ഛൻ അഞ്ചുറുപ്പിക സംഗതി അറിഞ്ഞയുടൻതന്നെ സന്തോഷപൂർവ്വം സംഭാവനചെയ്തുതൊഴിച്ചു്, ശേഷമെല്ലാം സംഭാവനയായിട്ടോ മററു വല്ല ഭാവനയായിട്ടോ തന്നതെന്നു നിശ്ചയമില്ല. പി. എം. രാമനും, ററി. സി. രാമനും അവിവാഹിതയുവാക്കന്മാരായിരുന്നതുകൊണ്ടോ എന്തോ രണ്ടുമൂന്നിടത്തെ സല്ക്കാരോപചാരങ്ങളിൽ പ്രത്യക്ഷമായിരുന്ന അതിശ്രദ്ധയും, ഒളിവിൽ നിന്നു ചില കണ്ണുകൾ അവരെ സർവ്വേചെയ്തതും അവക്കു വിനോദകരങ്ങളായ ചില സംശയങ്ങൾ ജനിപ്പിക്കാതിരുന്നില്ല. കവിഹൃദയത്തിൽ കവിഞ്ഞ വ്യാഖ്യാനങ്ങളും പക്ഷേ, അവരുടെ സംശയങ്ങളിൽ ഉൾപ്പെട്ടുകാണും.

പുസ്തകം അച്ചടിച്ചുകഴിഞ്ഞു. വിലയ്ക്കു വിററുകൂടാ എന്നു ഡാക്ടർ പ്രത്യേകം ആജ്ഞാപിച്ചിരുന്നതിനാൽ, അച്ചുക്കൂടക്കാരൻെറ ഇടപാടു തീക്കുവാൻ കുറേ പുസ്തകങ്ങളും കെട്ടിയെടുത്തു കരുനാഗപ്പള്ളിയിലെയും കാർത്തികപ്പള്ളിയിലെയും പ്രസിദ്ധപ്പെട്ട ചില ഗൃഹസ്ഥന്മാരുടെ വസതികളിലേക്കു ഞാൻ പുറപ്പെട്ടു. മേനാത്തേരിനാരാ

യണപ്പണിക്കർ അവർകൾ അൻപതു പുസ്തകമെടുത്തു കൊണ്ടു് ഇരുപത്തിയഞ്ചുറുപ്പിക തന്നു. മിസ്റ്റർ സി. ഒ. മാധവൻെറ അച്ഛൻ ആല്യംമൂട്ടിൽ ഉമ്മിണിക്കുഞ്ഞു ചാന്നാരവർകൾ രണ്ടു പുസ്തകമെടുത്തുകൊണ്ടു് പത്തുറുപ്പിക തന്നു. പിന്നെയും പല ഗൃഹസ്ഥന്മാരുടെയും പ്രസിദ്ധന്മാരുടെയും പടികൾ കയറിയിറങ്ങിയെങ്കിലും, എല്ലാം മണിയോർഡർചെയ്യാമെന്നുള്ള വാഗ്ദാനങ്ങളായിട്ടു് അവസാനിച്ചു.

വടക്കൻതാലൂക്കുകളിലെ സഞ്ചാരത്തിൽനിന്നു് ഒരു സ്വകാര്യവിശേഷം ഞാൻ മനസ്സിലാക്കി. ഒരു ഗൃഹസ്ഥൻെറ വീട്ടിൽ ഗോപുരംപോലെ രണ്ടു വൈക്കോൽത്തുറു കണ്ടു. ആ ഗൃഹസ്ഥനു രണ്ടു ഭാര്യമാരുണ്ടായിരുന്നു. മറ്റൊരു വീട്ടിൽ മൂന്നു തുറു കണ്ടു. ആ വീട്ടുകാരനു് മൂന്നു ഭാര്യമാരുണ്ടായിരുന്നു. വടക്കൻതാലൂക്കുകളിലെ കാർത്തവീര്യന്മാർക്കു തുറുവിൻെറ കണക്കനുസരിച്ചാണു ഭാര്യമാരുടെ കണക്കെന്നു് ഞാൻ ഊഹിച്ചു. തെക്കൻദിക്കുകളിലും ഇരുവശവും സീതമാരോടുകൂടിയ കഥകളിയിലെ പുറപ്പാടുവേഷക്കാർ ചിലരുണ്ടെങ്കിലും അത്രവളരെ സാധാരണമായിരുന്നില്ല. സ്വകാര്യചിന്തയ്ക്കല്ലാതെ പരകാര്യചിന്തയ്ക്കു് ഈഴവഗൃഹസ്ഥന്മാർക്കു് അവസരമില്ലാതെ വന്നതിനും കാരണം ഇതുതന്നെയായിരിക്കാം. ഈഴവപ്രക്ഷോഭണങ്ങളുടെ ആരംഭദശയിൽ അതിനെ ഏകനായി നയിച്ച ഡാക്ടറുടെ ദുഷ്കരയത്നത്തെ ഓർത്താൽ അത്ഭുതം തോന്നും.

ഡാക്ടർ പൽപ്പുവിൻെറ ശ്രമം ഈഴവർക്കു സ്കൂൾപ്രവേശനവും ദേവസ്വംകൂടി ചേർന്നുള്ള റവന്യൂ ഒഴിച്ചു മററുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഈഴവർക്കു് ഉദ്യോഗവും കിട്ടണമെന്നു് ആയിരുന്നു. ആ മെമ്മോറിയലിനുശേഷം

പതിനായിരത്തിൽപരം ഈഴവർ ഒപ്പിട്ട മെമ്മോറിയൽ മഹാരാജാവു തിരുമനസ്സിലേക്കു സമർപ്പിച്ചതു ദിവാൻ ശങ്കരസുബ്ബയ്യരുടെ കാലത്തായിരുന്നു. നവീനകാലത്തു തിരുവിതാംകൂറിനെ ഭരിച്ചിട്ടുള്ള സ്വദേശി ദിവാൻജിമാരുടെ കൂട്ടത്തിൽ അഗ്രഗണ്യനായിരുന്നു ശങ്കരസുബ്ബയ്യരെന്നുള്ളതു സർവ്വസമ്മതമാണല്ലോ. മെമ്മോറിയലിന്ന് അദ്ദേഹം നല്കിയ മറുപടി തൃപ്തികരമായിരുന്നില്ലെങ്കിലും തീരെ നിരാശാജനകമായിരുന്നില്ല. മലങ്കാട്ടും മരാമത്തും അതുപോലെയുള്ള മററു ഡിപ്പാർട്ടുമെൻറും ഈഴവക്കു തുറക്കാമെന്നു സമ്മതിച്ചു. ഉയന്ന ജാതിക്കാർ പഠിക്കുന്ന സ്കൂളുകളിൽ ഈഴവരെ പ്രവേശിപ്പിച്ചാൽ കുഴപ്പമുണ്ടാകുമെന്നുള്ള കാരണത്താൽ ഇന്നു ഹരിജനോദ്ധാരണത്തിനു ചെയ്യുന്നതുപോലെ ഈഴവരധികമുള്ള സ്ഥലങ്ങളിൽ സ്പെഷ്യൽ സ്കൂളുകൾ ഏപ്പെടുത്തിത്തരാമെന്നു സമ്മതിച്ചു. ഈ സ്പെഷ്യൽ സ്കൂൾ ഏപ്പാട്ട് അദ്ദേഹത്തിൻെറ കാലത്തുതന്നെ നിൎത്തലാക്കുകയും കൊട്ടാരങ്ങൾ, ക്ഷേത്രങ്ങൾ, അഗ്രഹാരങ്ങൾ മുതലായവയുടെ സാന്നിദ്ധ്യം ഒഴിച്ചു മററുള്ള പള്ളിക്കൂടങ്ങളിൽ ഈഴവരെ പ്രവേശിപ്പിക്കുന്ന ഒരു നയം അദ്ദേഹത്തിൻെറ കാലത്തു തന്നെ ആരംഭിക്കുകയും ചെയ്തു. ഈ നയം തുടന്നുവന്നതു രണ്ടു കൊല്ലം മുമ്പേ മഹാരാജാവു തിരുമനസ്സിലെ വിശ്രുതമായ ക്ഷേത്രപ്രവേശനവിളംബരകാലംവരെ നിലനിന്നു. പ്രായപൂത്തിവന്ന ബാലരെയെല്ലാം നിർബ്ബന്ധിച്ചു വിദ്യാഭ്യാസംചെയ്യിക്കുന്ന നയം പരിഷ്കൃതരാജ്യങ്ങൾ സ്വീകരിച്ചു നടപ്പാക്കിവന്നിരുന്ന കാലത്താണു വിദ്യാഭ്യാസത്തിനു കൊതിച്ചു ചെല്ലുന്ന ജാതിക്കാരെ നിവൃത്തിയുണ്ടെങ്കിൽ അകററിനിറുത്തണമെന്നുള്ള നയം നമ്മുടെ ഗവമ്മെൻറ് അനുവൎത്തിച്ചുവന്നതു്. ദുസ്തരങ്ങളായ

ഏതെല്ലാം പ്രയാസങ്ങളിൽക്കൂടി എത്ര ഞെങ്ങിയും ഞെരുങ്ങിയുമാണ് ഈഴവസമുദായം ഇന്നത്തെ നിലയെ പ്രാപിച്ചതെന്നുള്ള പൂർവ്വകഥകൾ വിസ്തരിക്കുവാൻതുടങ്ങിയാൽ വളരെയുണ്ട്. അതൊക്കെ കാലത്തിൻെറ വൈഭവമെന്നു പറഞ്ഞു ഭൂതകാലശ്മശാനത്തിൽ കുഴിച്ചിടുകയേ നിർവ്വാഹമുള്ളു. പ്രതിബന്ധങ്ങൾനിറഞ്ഞ മാർഗ്ഗങ്ങളിൽക്കൂടി ഇപ്പോഴത്തെ നിഷ്പ്രതിബന്ധമെന്നു പറയാവുന്ന ദശയിലേക്ക് ഈഴവരെ ഉന്തിക്കൊണ്ടുവന്നവരുടെ കൂട്ടത്തിൽ എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ ആരംഭം മുതൽ കുമാരനാശാനു് ഒരു പ്രധാനസ്ഥാനമുണ്ട്.

ആശാൻ ബാംഗ്ളൂരിൽ സംസ്കൃതവിദ്യാഭ്യാസത്തിന പോയി ഒന്നുരണ്ടു കൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ആത്മമിത്രങ്ങളിൽ ചിലക്ക് ഇംഗ്ലീഷിൽ ചില ചെറിയ കത്തുകൾ അയച്ചുതുടങ്ങി. പറയത്തക്ക തെറ്റൊന്നും കൂടാതെ ഭംഗിയുള്ള ചെറിയ ചെറിയ വാചകങ്ങളിൽ വിശദമായി വായിക്കാവുന്ന തെളിഞ്ഞ കൈയക്ഷരത്തിൽ എഴുതിയിരുന്ന ആ കത്തുകൾ ഒരു സ്കൂൾഫൈനൽ പരീക്ഷാവിജയിക്കുപോലും അസൂയാജനകമായിരുന്നു. ബാംഗ്ളൂരിൽനിന്നു് ആശാൻ കൽക്കട്ടായ്ക്കു പോയി. അവിടുത്തെ പഠിത്തവും അവസാനിപ്പിച്ചു മടങ്ങിവന്ന ശേഷമാണു് എസ്. എൻ. ഡി. പി.യോഗം ആരംഭിക്കയും ആശാൻ അതിൻെറ ജനറൽ സെക്രട്ടറിസ്ഥാനം കൈയേൽക്കുകയും ചെയ്തതു്.

ആശാൻ കല്ക്കട്ടായിൽനിന്നു മടങ്ങിവന്നയിടയ്ക്കു് ഞാൻ കായിക്കര (കടയ്ക്കാവൂർ) മലയാളം മിഡിൽസ്കൂളിൽ ഹെഡ്മാസ്റ്ററായിരിക്കയായിരുന്നു. ആശാൻ്റെ കായിക്കരയുള്ള വീടിൻ്റെ നേരേ തെക്കേതില്പുള്ള പറമ്പിലായിരുന്നു കടയ്ക്കാവൂർ മിഡിൽസ്കൂൾ. ആ സ്കൂൾ ആദ്യ

മായി അവിടെ ആരംഭിച്ചത് ആശാന്റെ അച്ഛൻ നാരായണൻ എന്ന ആളായിരുന്നു. സ്ഥലവാസികളുടെ ഇടയിൽ സാമാന്യം യോഗ്യതയുള്ള ഒരു കാര്യസ്ഥനായി ഗണിക്കപ്പെട്ടിരുന്ന ഒരാളായ അദ്ദേഹത്തിന്റെ ശ്രമത്തിൽ സ്കൂൾപ്രവേശനവഴക്കിനു മുമ്പുതന്നെ ഈഴവർ ധാരാളമായി പ്രവേശിച്ചു പഠിച്ചുവന്നിരുന്ന ഒരു സർക്കാർ പ്രൈമറിസ്കൂളായിരുന്നു അതു്. ആശാന്റെ ഒരു മാതുലൻ കൊച്ചുരാമൻ വാദ്ധ്യാർകൂടി അതിലെ അദ്ധ്യാപകനായിരുന്നു. കൊച്ചുരാമൻ വാദ്ധ്യാരുടെ ശ്രമത്താൽ ഒരു പെൺപള്ളിക്കൂടവും അവിടെ സ്ഥാപിക്കപ്പെട്ടു. കായിക്കര, നെടുങ്ങണ്ട, വക്കം മുതലായ സ്ഥലങ്ങളിലെ ഈഴവരുടേയും മററും ഇടയിൽ നവീനരീതിവിദ്യാഭ്യാസത്തിനു് അടിസ്ഥാനമിട്ടതു് ആശാന്റെ പിതൃമാതുലന്മാരായിരുന്നു എന്നു പറഞ്ഞാൽ അതിനെ അവിടെയുള്ളവരാരും വിസമ്മതിക്കുമെന്നു തോന്നുന്നില്ല.

മേല്പറഞ്ഞ പ്രൈമറിസ്കൂൾ മിഡിൽസ്കൂളാക്കിയതു് മുഖ്യമായും ജഡ്ജി മി. ഗോവിന്ദന്റെ അമ്മാവൻ കൊച്ചുരാമൻ വൈദ്യരുടെ ശ്രമത്താലായിരുന്നു. ആ സ്കൂൾ മിഡിൽസ്കൂളായി ഉയർത്തപ്പെട്ടപ്പോൾ 1074-ാമാണ്ടു് കുംഭമാസത്തിൽ എന്നെയാണു് അവിടെ ആദ്യം ഹെഡ്മാസ്റ്ററായി നിയമിച്ചതു്. അക്കൊല്ലംതന്നെയോ അതിന്റെ പിറ്റേക്കൊല്ലമോ ആണു് കുമാരനാശാൻ കല്ക്കട്ടായിൽനിന്നു വിദ്യാഭ്യാസവുംകഴിഞ്ഞു സ്വദേശത്തു മടങ്ങിയെത്തിയതു്. അദ്ദേഹം ആദ്യം കായൽവക്കത്തുള്ള അദ്ദേഹത്തിന്റെ വീട്ടിൽ കയറി അമ്മയെ കണ്ടുകൊണ്ടു സ്കൂൾവിടുന്നതിനല്പം മുമ്പേ ഏതാനും സ്നേഹിതന്മാരാൽ അനുഗതനായി സ്കൂളിലേക്കു വന്നു. ആശാൻ സ്വദേശത്തു മടങ്ങിവന്നിരിക്കുന്നുവെന്നുള്ള വിവരം 'ഹലോ മി.

സീവീ' എന്നു പറഞ്ഞുകൊണ്ടു് ആശാനും കൂട്ടരുംകൂടി പള്ളിക്കൂടത്തിൽ വന്നു കയറുന്നതുവരെ ഞാൻ അറിഞ്ഞിരുന്നില്ല. സക്കാർസ്കൂളാണു്, ക്ലാസ്സു നടന്നുകൊണ്ടിരിക്കുന്ന സമയമാണു് എന്നൊന്നും ഓക്കാതെ ആശാൻ ക്ലാസ്സിൽ ഒരററത്തു വന്നിരുന്നുകൊണ്ടു് ഇംഗ്ലീഷിൽ സംഭാഷണവും അങ്ങോട്ടാരംഭിച്ചു. ഞാൻ മലയാളത്തിൽത്തന്നെ കുറേനേരം മറുപടി പറഞ്ഞുകൊണ്ടിരുന്നു. വിദ്യാത്ഥികളും വിദ്യാത്ഥികളല്ലാത്തവരുമായ കുറേപ്പേർ കൗതുകത്തോടുകൂടി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നവരുടെ മദ്ധ്യത്തിൽ കുറെ ഇംഗ്ലീഷ് അറിയാവുന്നവരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടിരുന്ന ഞാൻ ആശാനോടു് ഇംഗ്ലീഷിൽ സംഭാഷണംചെയ്യുവാൻ അപ്രാപ്തനായിത്തീന്നിരിക്കുന്നുവെന്നു വരുന്നതു മോശമാണല്ലോ എന്നെനിക്കു തോന്നി. കുറേനേരത്തെ ആശാൻെറ ഇംഗ്ലീഷ്സംഭാഷണത്തിൽനിന്നു് ആശാൻെറ ഇംഗ്ലീഷ് എൻെറ ഇംഗ്ലീഷിൽനിന്നു മേത്തരമല്ലെന്നു് എനിക്കു ബോദ്ധ്യപ്പെട്ടതിനാൽ ഞാനും പിന്നെ ഇംഗ്ലീഷിൽത്തന്നെ മറുപടി പറഞ്ഞുതുടങ്ങി. സ്വല്പം കഴിഞ്ഞപ്പോൾ ആശാൻെറ സംഭാഷണം മലയാളത്തിലായി. പിന്നീടു് അധികനേരം സ്കൂളിൽത്തന്നെ സംഭാഷണം തുടൎന്നുകൊണ്ടിരുന്നില്ല. പള്ളിക്കൂടം വിടേണ്ട സമയവുമായി. പള്ളിക്കൂടം വിട്ടുകൊണ്ടു ഞങ്ങൾ നേരെ കടപ്പുറത്തേക്കു പോയി. കടപ്പുറത്തിരുന്നു കാററുമേററു വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടക്കു് ആശാൻെറ സ്നേഹിതന്മാരും പരിചയക്കാരുമായ പലരും കടപ്പുറത്തു വന്നുകൂടി. ആ കൂട്ടത്തിൽ പ്രസിദ്ധ നേത്രരോഗചികിത്സകനും എസ്സ്. എൻ. ഡി. പി.യോഗം ദേവസ്വംസിക്രട്ടറിയുമായ മി. സി. ഓ. പത്മനാഭൻവൈദ്യനും പരേതനായ കാക്കക്കുഴിയിൽ കൊച്ചുശങ്കരൻ വൈദ്യനു

മുണ്ടായിരുന്നു. സംസ്കൃതപണ്ഡിതന്മാരും തക്ശാസ്ത്രപണ്ഡിതന്മാരുമായിരുന്ന ഇവർ രണ്ടുപേരും, തക്ശാസ്ത്രത്തിൽ അഗാധപണ്ഡിതനായിരുന്ന ആശാനും തമ്മിൽ കൂട്ടിമുട്ടിയപ്പോൾ സംഭാഷണമദ്ധ്യേ ചില തക്ങ്ങളൊക്കെ വീണു എന്നു പറഞ്ഞാൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. എങ്കിലും ഇവർ തമ്മിലുള്ള തക്കം പഴയകാലത്തെ സംസ്കൃതപണ്ഡിതന്മാർ തമ്മിൽ കൂട്ടിമുട്ടിയാലുള്ള തക്കം പോലെ അസുഖകരമായിരുന്നില്ല.

# പരേതനായ മഹാകവി

കഴിഞ്ഞ വ്യാഴാഴ്ചയിലെ കേരളകൗമുദിയുടെ ഈ പങ്ക്തി ശൂന്യമായി കിടന്നിരുന്നതു വായനക്കാർ ഓക്കു മല്ലോ. ഇത്തവണയും മേൽകാണുന്ന തലവാചകത്തിലു ള്ള ഈ പങ്ക്തി, ആ മഹാകവിതന്നെ മറെറാരു മഹാ കവിയുടെ ചരമത്തെക്കുറിച്ചു പാടിയിട്ടുള്ളതുപോലെ, 'കണ്ണുപൂട്ടി വിളറി കാൽനീട്ടി നിശ്ചേഷ്ടയായ്'തന്നെ കിടക്കുമായിരുന്നു. ഈ ദാരുണമായ അത്യാഹിതത്തെ കുറിച്ച് എന്താണെഴുതേണ്ടതു്, എങ്ങനെയാണെഴുതേ ണ്ടതെന്നു വിചാരിക്കാൻകൂടി കഴിയാതെ വിഷമിക്കുന്ന സന്ദർഭത്തിലാണു് ഇന്നു ഭാഗ്യവശാൽ മഹാകവി ഉള്ളൂരി ൻെറ താഴെ ചേക്കുന്ന എഴുത്തു കാണാനിടയായതു്. 'സമു ദായത്തിനും സംസ്ഥാനത്തിനും സാഹിത്യത്തിനും' സം ഭവിച്ച ഭയങ്കര നഷ്ടത്തെ കല്പനാശക്തികൊണ്ടു കാണു വാൻകഴിയുന്നവക്കു് ആ കാഴ്ചയെ സഹായിക്കാൻ വേ ണ്ടതു് ആ എഴുത്തിലുണ്ടു്. അതിനെ ഞങ്ങൾ താഴെ പകത്തുന്നു:

തിരുവനന്തപുരം

21-1-'24

എന്തു ദാരുണമായ അത്യാഹിതമാണു സംഭവിച്ച തു്! എത്ര ദുസ്സഹമായ ദുരദൃഷ്ടത്തിൻെറ അടിത്തട്ടിലേ ക്കാണു് ഭാഷാഭഗവതി എന്നന്നേക്കുമായി ആണ്ടുപോയ തു്! ആശാൻെറ ഈ അകാലനിയ്യാണം ഏതെല്ലാം സ്ഥാ നങ്ങളെയാണു ശൂദ്ധശൂന്യമാക്കിത്തീക്കാത്തതു്! നിയമ

---

1099 മകരം 11-നു യിലെ കേരളകൗമുദിയിലെ മുഖപ്രസംഗം

സഭായോഗത്തിൽവച്ച് കണ്ണ്ടാരുന്തുദമായ ഈ വർത്തമാനം നിങ്ങളുടെ ജാമാതാവ് മിസ്റ്റർ കേശവനാണ് സഹജമായ വിനീതിയോടും, സന്ദർഭജമായ വിഹ്വലതയോടും കൂടി എന്നെ അറിയിച്ചതു്. അന്നുമുഴവൻ എൻെറ പ്രവൃത്തി അധികവും ഒരു അചേതനവസ്തുവിന്റെതായിരുന്നു.

കരുണയെപ്പററി ഞാൻ എഴുതിയ ഒരു എഴുത്ത് കൗമുദിയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായല്ലോ. 'പിതൃകാനനത്തിൻെറ ചിത്രണം പ്രത്യേകം വിശേഷാത്തരമായിട്ടുണ്ട്' എന്നല്ലേ ഞാൻ ആ എഴുത്തിൽ കാണുന്നതു്! ഇങ്ങനെയുണ്ടോ ഒരു കഠോരമായ കാകതാലീയം? ഈ അവസരത്തിൽ വികാരങ്ങളെ ക്രമീകരിക്കുന്നതിനോ, വിവരമായെന്തെങ്കിലും എഴുതുന്നതിനോ ശക്തിതോന്നുന്നില്ല. സമുദായത്തിനും സംസ്ഥാനത്തിനും സാഹിത്യത്തിനും ഒന്നുപോലെ ഉൽക്കർഷത്തെയും ഉന്മേഷത്തെയും പ്രദാനംചെയ്തു സമുല്ലസിച്ചുകൊണ്ടിരുന്ന ആ അദൃഷ്ടപൂർവ്വമായ അഭൗമജ്യോതിസ്സ് ഇത്ര അപ്രതീക്ഷിതമായി—ഇത്ര അന്തർഭേദകമായി—അന്തർദ്ധാനംചെയ്തുവല്ലോ! ഈശ്വരാ, സാരസ്വതമായ ചൈതന്യം ഇത്രമേൽ മൂർത്തിമത്തായി സമുല്ലസിച്ച ഒരു മഹാകവിയെ ഞങ്ങൾക്കിനി എന്നു കാണ്മാനിടവരും? 'ആശാ'നില്ലാത്ത കളരിതന്നെയാണ് ഇനിമേൽ കേരളത്തിലെ ദശധദരിദ്രമായ സാഹിതീലോകം!

സ്വന്തം ഉള്ളൂർ.

വായനക്കാർ ഇത്രയുംകൊണ്ടു് ഇപ്പോൾ തൃപ്തിപ്പെടണമെന്നു് ഞങ്ങൾ അപേക്ഷിക്കുന്നു. വായിക്കാൻ നിങ്ങൾക്കും എഴുതുവാൻ ഞങ്ങൾക്കും കഴിവുണ്ടാകുന്ന സന്ദർഭത്തിൽ മററു വിവരങ്ങൾ പ്രസ്താവിച്ചുകൊള്ളാം.

ആശാൻെറ ഒടുവിലത്തെ കവിതയായ കരുണയിലെ 2,500 കൊല്ലംമുമ്പേ അന്തരിച്ചുപോയ നായകനോട്ട് ഇങ്ങനെ പ്രാൎത്ഥിച്ചുകൊണ്ടാണ് ആശാൻ തൻെറ സാരസ്വതഗാനം അവസാനിപ്പിച്ചതായി കാണുന്നതു്:

"നമസ്കാരമുപഗുപ്ത, വരിക ഭവാൻ നിൎവ്വാണ
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്:
പതിതകാരുണികരാം ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികംപേരെ!"

ആശാന്റെ ഈ പ്രാൎത്ഥനതന്നെ 'ഉപഗുപ്താ' എന്നുള്ളതിനെ ഭേദപ്പെടുത്തി 'മഹാകവേ' എന്നാക്കി നമുക്കു് ആശാനോടും പ്രാൎത്ഥിക്കാം.

# കുമാരദാസനും കുമാരനാശാനും

"തൃക്കുന്നപ്പുഴവച്ചു മഹാകവി കുമാരനാശാൻ ഉൾപ്പെടെ മുപ്പതിൽപരം മനുഷ്യക്കു് അകാലനിർവ്വാണം സംഭവിപ്പിച്ച റെഡീമർ ബോട്ടപകടത്തെക്കാൾ ക്ഷോഭജനകവും വ്യസനകരവുമായ ഒരു സംഭവം ഈ അടുത്തകാലത്തു തിരുവിതാംകൂറിൽ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ആശാൻ അവർകളുടെ അപ്രാപ്തകാലനിർവ്വാണത്തെപ്പറ്റി അനുശോചിക്കുവാനായി കേരളമൊട്ടുക്കു ജാതിമതഭേദമെന്നിയേ അനവധി പൊതുയോഗങ്ങൾ ഇതിനകം നടന്നിട്ടുണ്ടു്. ഈ യോഗങ്ങളിൽ മിക്കതിലും ബോട്ടുനടത്തിപ്പുകാരുടെ അക്രമനടപടികളെയും, ഈ വിഷയത്തിൽ മേൽനോട്ടത്തിനു നിയുക്തരായ സർക്കാരുദ്യോഗസ്ഥന്മാർ തീരെ നിരുത്തരവാദികളെപ്പോലെ കാണിച്ചുവരുന്ന അക്ഷന്തവ്യമായ ഔദാസീന്യത്തെയും കുറിച്ചു കഠിനരോഷത്തോടുകൂടിയ പ്രസംഗങ്ങൾ നടക്കുകയും, നിശ്ചയങ്ങൾ പാസാക്കുകയും ചെയ്തിട്ടുണ്ടെന്നു കാണുന്നു. ആശാൻ അവർകളുടെ നിർവ്വാണവും, അനന്തരമുണ്ടായ മേൽപ്രകാരമുള്ള ക്ഷോഭങ്ങളും, ആ ക്ഷോഭത്തിൽനിന്നു വെളിപ്പെടുന്ന ഗവൺമെൻറിൻെറ ഔദാസീന്യവുംകൂടി ചേർത്താലോചിച്ചപ്പോൾ, ടർണറുടെ 'മഹാവംശ' തർജ്ജിമയിൽ അനുബന്ധമായി ചേർത്തിരിക്കുന്ന സിലോൺ ചരിത്രസംഗ്ര

---

മകരം 18-ലെ കേരളകൗമുദിയിൽ "ബോട്ടപകടവും ജനക്ഷോഭവും" എന്ന ശീർഷകത്തിൽ എഴുതിയിരുന്ന മുഖപ്രസംഗത്തിലെ പ്രസക്ത ഭാഗമാണിതു്. ജനക്ഷോഭത്തെ ആദരിച്ചു് ഈ ബോട്ടപകടത്തെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്വാൻ ഗവൺമെൻറു് ഒരു കമ്മിററിയെ നിയോഗിക്കയുണ്ടായി. Ed.

ഹത്തിലെ ഒരു ഭാഗം ഞങ്ങൾക്കോമ്മവന്നതിനെ പിന്നീട്ട പുസ്തകം നോക്കി തജ്ജിമചെയ്തു താഴെ ചേക്കുന്നു:

"'ക്രിസ്തബ്ദം 515 മുതൽ 526 വരെ സിലോൺ ഭരിച്ചിരുന്ന കുമാരദാസ് മഹാരാജാവിൻെറ കാലത്തു് 'പണ്ഡിതകവി'യായ കാളിദാസൻ സിലോണിനെ സന്ദശിച്ചു. ഈ രാജാവു് സുന്ദരിയും സമത്ഥയുമായിരുന്ന ഒരു ദേവദാസിയുടെ പതിവുകാരനായിരുന്നു. ഒരുദിവസം രാജാവു് അവളുടെ മാളികയുടെ ഭിത്തിയിൽ ഒരു ശ്ലോകത്തിൻെറ പൂവ്വാദ്ധം എഴുതിയിട്ടു്, അതിന്റെ ഉത്തരാദ്ധം പൂരിപ്പിക്കുന്നവനു്, അവൻെറ അപേക്ഷ എന്തുതന്നെ ആയിരുന്നാലും, സാധിപ്പിച്ചുകൊടുക്കാമെന്നു് ഒരു വിളംബരവും ചേത്തിരുന്നു. അനന്തരം ആ ദേവദാസിയുടെ വാസസ്ഥലത്തു ചെന്നുചേന്ന കാളിദാസൻ ആ ശ്ലോകത്തെ പൂരിപ്പിച്ചു. സമ്മാനം തനിക്കു കരസ്ഥമാക്കണമെന്നുള്ള ദുഃമ്മോഹത്തോടുകൂടി ആ ദേവദാസി കാളിദാസനെ കൊന്നു്, ശവം അവളുടെ മാളികയിൽത്തന്നെ ഒരു സ്ഥലത്തു കുഴിച്ചുമൂടി. കൊലപാതകം തെളിയുകയും ശവം കുഴിച്ചെടുത്തു് വളരെ ആഘോഷമായി ദഹിപ്പിക്കുകയും, രാജാവു ദുഃഖം സഹിയാതെ കാളിദാസൻെറ പട്ടടയിൽ ചാടി ആത്മഹത്യചെയ്യുകയും ചെയ്തു.'

"ഉത്തമകവികളെ ഇതിലധികം ബഹുമാനിക്കാൻ ലോകത്തിൽ യാതൊരു മഹാരാജാവിനും സാധിച്ചിട്ടില്ല. എന്നാൽ, ആ സിംഹളരാജാവും ഒരു മഹാകവിയായിരുന്നു. അദ്ദേഹത്തിൻെറ കൃതിയായ 'ജാനകീപരിണയം' മഹാകാവ്യം സംസ്കൃതപണ്ഡിതന്മാരിൽ ചിലരെങ്കിലും വായിച്ചിട്ടുണ്ടായിരിക്കണം. കാളിദാസതുല്യനോ—ഏകദേശം തുല്യനോ ആയ—ഒരു മഹാകവിയേയും, ഗവണ്മെൻറിൻെറ ക്ഷണം അനുസരിച്ചു വന്നു് മുറജപവും ഭദ്രദീ

പവും നടത്തി, കഴിഞ്ഞനൂററാണ്ടിലെ പാപപരിഹാരവും വരുത്തിക്കൊണ്ടു് മടങ്ങിപ്പോയ കുറേ നമ്പൂരിബ്രാഹ്മണരേയും, സ്ത്രീകളേയും, കുഞ്ഞുങ്ങളേയും, മററു പലരേയും റെഡീമർ ബോട്ടിനെക്കൊണ്ടു് കൂട്ടക്കൊലപാതകം ചെയ്യിച്ച ഔദാസീന്യത്തിന്നു് തിരുവിതാംകൂർ ഗവമ്മെൻറ് ആത്മഹത്യചെയ്താൽ മതിയോ എന്നാണു് മേൽപറഞ്ഞ ചരിത്രസംഭവം ഓർത്തപ്പോൾ ഞങ്ങൾക്കു ചോദിക്കാൻ തോന്നിയതു്. എത്ര മുറജപം നടത്തിയാണു് തിരുവിതാംകൂർ ഗവമ്മെൻറ് ഈ മഹാപാപത്തിന്നു പരിഹാരം വരുത്തുന്നതു്?

"എത്ര കമ്മിററി ഏർപ്പെടുത്തിയാലും, എന്തെല്ലാം പരിഹാരങ്ങൾ വരുത്തിയാലും കുമാരനാശാൻെറ നഷ്ടം കേരളത്തിന്നു സംഭവിച്ച അപരിഹാര്യമായ നഷ്ടംതന്നെയാണു്. വഞ്ചിപ്പാട്ടും പാടിക്കൊണ്ടു പോയ ആ 'അഭൗമജ്യോതിസ്സ്' പല്ലനയാററിൽ പൊലിഞ്ഞുപോയതു് മുറജപത്തിന്റെ തിരക്കും, ഗവണ്മെന്റിൻെറ അമാന്തവും, ബോട്ടുകാരുടെ ദുരാഗ്രഹവും ഒരുമിച്ചു ചേർന്നിട്ടാകുന്നു. ശ്മശാനം കുമാരനാശാന്റെ പ്രരോദനത്തിൽ 'അദ്ധ്യാത്മവിദ്യാലയം' ആണു്. പല്ലനയാററിൻെറ കരയിലുള്ള ആ ഭയങ്കരമായ 'അദ്ധ്യാത്മവിദ്യാലയ'ത്തിലെ പ്രഥമാദ്ധ്യാപകനായിക്കിടന്നുകൊണ്ടു്, അതിലേ യാത്രചെയ്യുന്നവരോടു് ആശാൻ ഈ മൂന്നിനെക്കുറിച്ചും ചെയ്യുന്ന പ്രരോദനം വഞ്ചിരാജ്യഗവമ്മെൻറിന്നു് 'മാർഗ്ഗോപദേശ'മായിത്തീരട്ടെ."

SENGUPTA PUBLIC LIBRARY • KOZHIKODE.K. •

# ആശാൻെറ ചരമവൃത്താന്തം

പല വിവരങ്ങളും 'ഭാരതകാഹള'ത്തിൽ മിസ്റ്റർ എൻ. കൃഷ്ണൻ എഴുതിയിരുന്ന ലേഖനം കൗമുദിയിൽ പകത്തിയിരുന്നതിൽനിന്നു വായനക്കാർ ഗ്രഹിച്ചിരിക്കണം. എസ്സ്. എൻ. ഡി. പി. യോഗം ഹെഡ്ക്ലാക്കായും, അനന്തരം ഒരുകൊല്ലത്തേക്കു സിക്രട്ടറിയായും പ്രവൃത്തി എടുത്തിരുന്ന മിസ്റ്റർ കൃഷ്ണനു് ആശാനെക്കുറിച്ചുള്ള പരിചയം വായനക്കാക്കു് ഊഹിക്കാം. കേവലം അതുമാത്രമല്ല മിസ്റ്റർ കൃഷ്ണനു് ആശാനുമായുള്ള സ്നേഹബന്ധം. 'ഭാരതകാഹളം' പത്രാധിപരായ മി. കൃഷ്ണൻ ഒരു നല്ല സാഹിതീരസജ്ഞനും, അദ്ദേഹം സമ്മതിക്കില്ലെങ്കിലും, ഒരു കവിയുംകൂടിയാണു്. ആശാൻെറ ചരമവൃത്താന്തം ആലപ്പുഴവച്ചു്, അദ്ദേഹം ആദ്യമായി കേട്ടതു് ഒരു തീച്ച വത്തമാനമായിട്ടല്ല. അല്പം കഴിഞ്ഞിട്ടേ അദ്ദേഹത്തിനു വിശ്വസനീയമായ സൂക്ഷ്മവൃത്താന്തം അറിവാൻ കഴിഞ്ഞുള്ളു. അതറിഞ്ഞപ്പോഴേക്കും അദ്ദേഹത്തിൻെറ ഹൃദയം അതു കേൾക്കുവാൻ, അവശമായിട്ടെങ്കിലും, സന്നദ്ധമായിക്കഴിഞ്ഞിരിക്കും. എൻെറ കഥയെന്താണു്? ഞാൻ അഞ്ചാംതീയതി (മകരം) കാലത്തെ ബോട്ടിനു കൊച്ചിയിൽനിന്നു് ആലപ്പുഴ വന്നിറങ്ങി. ഇറങ്ങി ആദ്യം കണ്ടതു് ആലപ്പുഴ മിസ്റ്റർ കെ. എം. കൃഷ്ണൻവക്കീലിനെ ആയിരുന്നു. സംശയിപ്പാനൊന്നുമില്ലാത്ത തീച്ചവത്തമാനംതന്നെ ഒരു അശനിപാതംപോലെ എൻെറ കാതിൽ പതിക്കയാണു ചെയ്തതു്. അപ്പോഴത്തെ എൻെറ അവസ്ഥ എന്തായി

രുന്നു എന്നു പറവാൻ പ്രയാസം. ആശാൻ വർണ്ണനയ്ക്കു് അപ്പുറംനില്ക്കുന്ന ഒരു മഹാകവിയാണു്. അദ്ദേഹത്തിൻെറ ചരമം കവിസങ്കല്പത്തിനു് എത്താൻ കഴിയുന്ന പരിധിക്കപ്പുറം നില്ക്കുന്ന ഒരു ഘോരകാവ്യമായിത്തീൎന്നു. ശ്മശാനത്തെ 'അദ്ധ്യാത്മവിദ്യാലയ'മാക്കിയ ആ മഹാകവിയുടെ ആ മഹാവിദ്യാലയത്തിൻെറ ഉദ്ഘാടനകൎമ്മം നടത്തിയവരുടെ കൂട്ടത്തിൽ ഞാനും മിസ്റ്റർ കൃഷ്ണനോടുകൂടി ഉണ്ടായിരുന്നു. ഞാൻ നേരത്തേ കൊച്ചിക്കു പോയിട്ടില്ലായിരുന്നെങ്കിൽ ആശാനോടൊരുമിച്ചു് ഒരുപക്ഷേ, ഞാനും ബോട്ടിൽ ഉണ്ടായിരിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ ആറാംതീയതി ഞങ്ങൾ രണ്ടാൾക്കും കോട്ടയത്തു് 'ആചന്ദ്രതാരപ്രശോഭിനി' സംഘത്തിൻെറ വാൎഷികയോഗത്തിൽ സംബന്ധിക്കേണ്ടതുണ്ടായിരുന്നു. നമ്മുടെ കാര്യപരിപാടി അനുസരിച്ചല്ലല്ലോ നിയതി കാര്യനിർവഹണം ചെയ്തുവരുന്നതു്.

മൂന്നാംതീയതി ബുധനാഴ്ച വൈകുന്നേരം തോന്നയ്ക്കൽ ആശാൻെറ ഇപ്പോഴത്തെ വാസസ്ഥലത്തുനിന്നാണു് ആശാൻ യാത്രപുറപ്പെട്ടതു്. കോട്ടാറ്റുകാരായ മെസ്സേൎസ് കുമാരവേലുപ്പണിക്കരും അയ്യാവുപണിക്കരുമായി മൂന്നുപേരും ഓഹരിക്കാരായിരിക്കുന്ന ആലുവായിലെ ഒരു ഓട്ടാഫീസ് സംബന്ധിച്ച ഒരു മീറ്റിംഗിനായിട്ടു പോകുവാനുള്ള യാത്രയായിരുന്നു. യാത്രയ്ക്കു നേരമായിട്ടും സ്നേഹിതന്മാരെ കാണായ്കയാൽ ആശാൻ ഏകനായിട്ടു പുറപ്പെട്ടു. ആശാൻെറ ഭാര്യ, 'ഇന്നു പോകേണ്ടാ' എന്നു തടസ്സം പറഞ്ഞു. ആശാൻ മടങ്ങിച്ചെന്നു് അല്പം ഇരുന്നിട്ടു്, 'ഞാൻ പോകാഞ്ഞാൽ പല തരക്കേടുകളും ഉണ്ടു്. ശനിയാഴ്ച ഞാൻ മടങ്ങിഎത്തിക്കൊള്ളാം.' എന്നു ഭാര്യയോടു പറഞ്ഞു. 'നാളെ പോയിട്ടു ഞായറാഴ്ച വന്നാൽമതി'

എന്നു ഭാര്യ മറുപടിപറഞ്ഞു. അതുകേട്ടു ചിരിച്ചുകൊണ്ടാണ് ആശാൻ യാത്രപുറപ്പെട്ടതു്. മുരുക്കുംപുഴ റയിൽവേ സ്റ്റേഷനിൽവച്ചു് ആശാൻ സ്നേഹിതന്മാരെ കണ്ടെത്തി. മൂന്നുപേരുമൊരുമിച്ചു കൊല്ലത്തെത്തി, തന്റെ സ്നേഹിതന്മാരെ ആരെയും കാണുവാൻ താമസിക്കാതെ നേരേ ബോട്ടുകടവിൽ ചെന്നു ബോട്ടുകയറി. 'റഡീമർ' ബോട്ട് അററകുററമില്ലാത്ത ഒരു പുതിയ നല്ല ബോട്ടായിരുന്നു. ചേർത്തല പാപ്പിവക്കീൽ അവർകളാണു് ആ ബോട്ടിന്റെ ഉടമസ്ഥൻ. ഒന്നിരാടൻദിവസങ്ങളിലാണു റഡീമർ കൊല്ലത്തുനിന്നും പുറപ്പെട്ടുന്നതു്. റഡീമർബോട്ടുള്ള ദിവസങ്ങളിൽ കൊല്ലത്തെ മറ്റു ബോട്ടുകാർ ബോട്ടുചാർജ്ജ് പകുതിയാക്കുക പതിവാണു്. എങ്കിലും നഷ്ടം കൂട്ടാക്കാതെ റഡീമർ മററവരുടെ പകുതിചാർജ്ജിനെ മുഴുവൻചാർജ്ജാക്കി, യാത്രക്കാർക്കു് ഒരു 'റഡീമർ' (രക്ഷകൻ) ആയിട്ടു് ഒന്നുരണ്ടുകൊല്ലമായി നടന്നുവന്നിരുന്നു. മൂന്നാംതീയതി ആശാൻ എത്തിയപ്പോൾ ആദ്യം പുറപ്പെട്ട ബോട്ടു റഡീമർ ആയിരുന്നതിനാൽ ആശാൻ അതിൽ കയറി. സ്നേഹിതന്മാരെ കൂടാതെ കടപ്പായിൽ നാണു, പി. സി. പത്മനാഭൻ ഇങ്ങനെ ആശാന്റെ നല്ല പരിചയക്കാരായ രണ്ടുപേരുംകൂടി കൊല്ലത്തുനിന്നും ബോട്ടുകയറി. ഇവർ രണ്ടുപേരും ബോട്ടിൻെറ മേൽത്തട്ടിലായിരുന്നു. ആശാൻ രണ്ടാംക്ലാസ്സ് ബീയിൽ ബെഞ്ചിൻെറ പുറത്തു കിടക്കവിരിച്ചു്, മഞ്ഞുകാലമായതുകൊണ്ടു കോട്ടും ഷർട്ടും ഇട്ടു് ഒരു നല്ല കമ്പിളികൊണ്ടു മൂടിപ്പുതച്ചു.കിടക്കയായിരുന്നു. സ്നേഹിതന്മാർ സമീപംതന്നെ കിടന്നിരുന്നു. കുമാരവേലുപ്പണിക്കർ ഉറങ്ങാതെ ഇരിക്കയായിരുന്നു. അപ്പോഴാണു ബോട്ടു മുങ്ങിയതു്.

കൊല്ലത്തുനിന്നു പുറപ്പെട്ടു കുറേ ദൂരെ ആയപ്പോൾ

ഹരിപ്പാട്ടുകാരനും ഒരു സാഹിതീരസജ്ഞനുമായ ഒരു കൃഷ്ണൻനായർ ആശാൻെറ അടുക്കൽ അടുത്തുകൂടി സാഹിത്യവിഷയമായ സംഭാഷണംതുടങ്ങി. കുറേ കഴിഞ്ഞു് ആശാൻ തൻെറ ഒടുവിലത്തെ കൃതിയായ 'കരുണ' എന്ന വഞ്ചിപ്പാട്ടു വായിക്കാൻ, മിസ്റ്റർ കൃഷ്ണൻനായരുടെ ആവശ്യപ്രകാരം തുടങ്ങി—'വഞ്ചി(ബോട്ടു)യാത്രയാണല്ലോ. വഞ്ചിപ്പാട്ടുതന്നെയാകട്ടെ' എന്നു വിചാരിച്ചു തുടങ്ങിയോ എന്നു നിശ്ചയമില്ല—ആശാന്റെ സഹജമായ വിനോദശീലം അങ്ങനെ വല്ലതും പറയിച്ചിരിക്കും. തൃക്കുന്നപ്പുഴ തോട്ടിലെത്തുംവരെ ആശാൻ വായിച്ചും ചില ഘട്ടങ്ങളെ വിവരിച്ചും ഇടയ്ക്കിടയ്ക്കു് ഓരോ നേരമ്പോക്കുകൾ പറഞ്ഞും സ്നേഹിതന്മാരുമായി രസിച്ചു് ഉല്ലാസമായി കഴിച്ചുകൂട്ടി. 'ഇനി ഞാൻ അല്പമൊന്നുറങ്ങട്ടെ' എന്നു പറഞ്ഞുകൊണ്ടാണു് ആശാൻ ഉറങ്ങാൻതുടങ്ങിയതു്. കിടന്നു് ഒന്നോ ഒന്നരയോ മണിക്കൂർ കഴിഞ്ഞപ്പോഴാണു ബോട്ടു മുങ്ങിയതു്. അപ്പോൾ ആശാൻ സുഷുപ്തിസദൃശമായ ഗാഢനിദ്രയിൽ ലയിച്ചിരിക്കുമെന്നു നമുക്കു് ഏകദേശം ഊഹിക്കാം. ഈ ഉറക്കവും ഉടുപ്പും പുതപ്പും അല്ലായിരുന്നു എങ്കിൽ—! എങ്കിൽ, ആലുവാപ്പുഴയിലെ വെള്ളപ്പൊക്കത്തിലും, കടലിലുംകൂടെ, നീന്തുവാൻ പരിചയമുള്ള ആശാനു് ഈ അപകടം സംഭവിക്കുകയില്ലായിരുന്നു എന്നു ചിലർ ആഗ്രഹിക്കുന്നു. 'അങ്ങനെ അല്ലായിരുന്നു, ഇങ്ങനെ അല്ലായിരുന്നു.' എങ്കിൽ—എന്നൊക്കെ രക്ഷോപായചിന്തചെയ്യുന്നവർ ആശാൻെറ വഞ്ചിപ്പാട്ടിലെ ഒന്നുരണ്ടു വരികൾ ഓർത്താൽമതി.

"ഹാ!ഹാ! സങ്കടമോർത്താൽ മനുഷ്യജീവിതത്തേക്കാൾ
മഹിയിൽ ദയനീയമായു് മറെറന്തോന്നുള്ളു?

പുഷ്ടശക്തിവഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
മുട്ടിയാൽമതി, തവിട്ടുപൊടിയാമല്ലോ.''

രക്ഷപ്പെട്ടവരും മരിച്ചവരും ഉൾപ്പടെ നൂററൻപതു യാത്രക്കാരോളം ഉണ്ടായിരുന്ന ഒരു ബോട്ടു പെട്ടെന്നു മുങ്ങിയാലുള്ള പരിഭ്രമം ഊഹിച്ചാൽത്തന്നെ ആരെയും പരിഭ്രമിപ്പിക്കും. ബോട്ടു മുങ്ങിയേടത്തുനിന്ന് ഒന്നു കുതിച്ചാൽ, നീന്തു് അറിഞ്ഞുകൂടാത്തവക്കുകൂടിയും, രക്ഷപ്പെടാൻ തക്കവണ്ണം കര അത്ര അടുത്തായിരുന്നു. ആശാനോട്ട് ഒരുമിച്ചു യാത്രചെയ്തിരുന്ന രണ്ടു സ്നേഹിതന്മാർ കോട്ടാറ്റുകാരായിരുന്നു. അവരെ വേണമെങ്കിൽ വെള്ളമില്ലാത്ത രാജ്യക്കാരെന്നുതന്നെ പറയാം. വെള്ളത്തിൽ വീണാൽ നങ്കൂരംപോലെ താഴുവാനല്ലാതെ മറെറാന്നും ചെയ്‌വാൻ അവക്കു കഴിവുണ്ടായിരുന്നില്ല—അവരും രക്ഷപ്പെട്ടു. ആശാൻതന്നെ അന്നു 'വഞ്ചി'യിൽവച്ചു പാടിയതുപോലെ,

"അതുമല്ല വിപത്തുകളറിയുന്നില്ലഹോ മത്ത്യൻ
പ്രതിബോധവാനെന്നാലും മതിമോഹത്താൽ
ഊററനായോരുരഗത്തിൻ ചുരുളിനെയുറക്കത്താൽ
കാറ്റുതലയണയായേ കരുതു ഭോഷൻ.''

അങ്ങനെയാണു് ഉറക്കത്തിലെ മനുഷ്യൻെറ ഓമ്മ!

സംസ്കാരക്രിയയെ സംബന്ധിച്ചു പല അഭിപ്രായഭേദങ്ങളുമുണ്ടായി. ആലപ്പുഴയിൽനിന്നു് ആശാനെ ആരാധിക്കുന്ന ചില സ്നേഹിതന്മാർ വന്നിരുന്നവക്കും, പൊതുവേ ആലപ്പുഴയുള്ള എല്ലാവക്കും ജഡം അങ്ങോട്ടു കൊണ്ടുപോയി അവിടെ സംസ്കരിക്കണമെന്നായിരുന്നു മോഹം. തൃക്കുന്നപ്പുഴയിലെ മംഗലം എന്ന സ്ഥലത്തുകാക്ക് അവിടെ കൊണ്ടുപോകണമെന്നു് അതിലേറെ നിബ്ബന്ധമായിരുന്നു. വല്ല നിവൃത്തിയുമുണ്ടെങ്കിൽ, ശിവ

ഗിരിക്കു സമീപം ആശാൻ 'വാദ്ധകേ മുനിവൃത്തി'ക്കായി കരുതിയിരുന്ന സ്ഥലത്തു കൊണ്ടുപോയി അവിടെ സംസ്കരിക്കണമെന്നായിരുന്നു എന്റെയും മിസ്റ്റർ കെ. പി. കയ്യാലയ്ക്കലിൻെറയും ആഗ്രഹം. എന്നാൽ ആരുടെയും ആഗ്രഹത്തിനു് ആ സ്ഥലത്തുകാരും സമീപസ്ഥന്മാരുമായ ആരും സമ്മതിച്ചില്ല. "ആശാൻ ജീവിച്ചിരുന്നപ്പോൾ അദ്ദേഹം എല്ലാവർക്കുമായി ജീവിച്ചു; എല്ലാവരുടെയും വകയുമായിരുന്നു. എന്നാൽ അദ്ദേഹം തൻെറ ജഡം ഞങ്ങൾക്കായി ഞങ്ങളുടെ സ്ഥലത്തു കൊണ്ടുവന്നു തരികയാണു ചെയ്തതു്. ആശാൻെറ സ്വന്തക്കാർതന്നെ വന്നാലും ഞങ്ങൾ അതിനെ വിട്ടയയ്ക്കയില്ല," എന്നു് അവർ നിർബ്ബന്ധമായി പറഞ്ഞു. ഏകദേശം മരണം കഴിഞ്ഞു് ഇരുപത്താറു മണിക്കൂർ കഴിഞ്ഞാണു ജഡം കണ്ടുകിട്ടിയതു്. ഈ തർക്കങ്ങൾ നടക്കുമ്പോഴേക്കു മണിക്കൂർ മുപ്പതു കഴിഞ്ഞിരിക്കും. അതെങ്ങോട്ടും കൊണ്ടുപോകാതിരിക്കാൻ നിയതിതന്നെ നിശ്ചയിച്ചമാതിരി ജഡപ്രകൃതി പരിണമിച്ചുംപോയി. തന്മൂലം അവിടെത്തന്നെ സംസ്കരിക്കണമെന്നു് എല്ലാവരും തീർച്ചയാക്കുകയും ചെയ്തു. കല്ലറ കെട്ടി അടക്കണമെന്നും പിന്നീടു് ഒരു തർക്കമുണ്ടായി. ദഹിപ്പിച്ചു് അസ്ഥിശേഷങ്ങൾ എവിടെയും കൊണ്ടുപോയി നിക്ഷേപിക്കാമല്ലോ എന്നുള്ളതുകൊണ്ടു വളരെപ്പേർ ആ പക്ഷത്തിൽ ചേർന്നു എങ്കിലും, പിന്നീടും വേണമെങ്കിൽ അങ്ങനെ ചെയ്യാമെന്നുള്ളതുകൊണ്ടു തല്ക്കാലം സംസ്കരിക്കുകയാണു ചെയ്തതു്. ബുദ്ധമുനിയുടെ ചരമകാലത്തു ജഡത്തെപ്പററിയുണ്ടായ തർക്കംതന്നെയാണു ബുദ്ധചരിതകർത്താവായ ആശാൻെറ ജഡത്തെപ്പററിയും അപ്പോൾ അവിടെ നടന്നതെന്നു പറഞ്ഞാൽ അതിൻെറ സ്വഭാവം ആർക്കും ഊഹിക്കാം. അവിടെ നടന്ന മററു

സംഭവങ്ങളിൽ കാര്യമായി വിവരിക്കേണ്ടതു മിക്കതും മിസ്റ്റർ കൃഷ്ണൻെറ എഴുത്തിൽനിന്നു വിശദമായി അറിയാവുന്നതാണു്. അന്നത്തെ ആ ഭയങ്കരസ്ഥലവും, അവിടെ കരയ്ക്കു വാരിയിട്ടിരിക്കുന്ന ജഡങ്ങളും കണ്ടപ്പോൾ എനിക്കു് ആശാൻെറ കരുണയിലെ താഴെ പറയുന്ന വരികൾ ഓർമ്മവന്നു:

"നാമവും രൂപവുമററ നിർദ്ദയമാം 'നിയമ'മേ
ഭീമമയ്യോ! നിൻെറ ദണ്ഡപരിപാടികൾ"

'പല്ലന'വളവു സ്വതേതന്നെ കാഴ്ചയിൽ ഒരു പിശാചുപിടിച്ച ശൂന്യപ്രദേശമായി കാഴ്ചക്കാർക്കു തോന്നും. തോട്ടിൻെറ ഇരുകരയിലും കാട്ടും കൈതയും 'ചക്കരമുള്ളു'മാണു്. അങ്ങുമിങ്ങും ചില ചെറുകുടിലുകളല്ലാതെ ജനവാസംതന്നെ ചുരുക്കം. വാട കോരി തെങ്ങുവച്ചിട്ടുള്ള ഊഷരപ്രദേശമാണു്. വാടത്തോട്ടുകൾകൊണ്ടു സഞ്ചാരംതന്നെ ബുദ്ധിമുട്ടാണു്. തോട്ടിലെ വെള്ളം ആഴംകൊണ്ടും അഴുക്കുകൊണ്ടും മഷികുറുക്കിയമാതിരിയാണു്. ബോട്ടു മുങ്ങിയ സ്ഥലം ഒരു കൊടിയ വളവായിരുന്നു. പെട്ടെന്നു ബോട്ടു തിരിക്കേണ്ടിവന്നതുനിമിത്തമാണു ബോട്ടു മുങ്ങാനിടയായതെന്നു പറയപ്പെടുന്നു.

ആശാൻെറ കവിതയിലും പല അറങ്ങളും വന്നിട്ടുണ്ടെന്നും, അതിൻെറ ഫലമായിട്ടാണു് ഈ അകാലമൃത്യു ആ മഹാകവിക്കു സംഭവിച്ചതെന്നും പറയുന്നവരും വിശ്വസിക്കുന്നവരുമുണ്ടു്. ഈ വിശ്വാസത്തെ സ്ഥാപിക്കുവാൻ ഉപയോഗപ്പെടുന്ന അനേകവരികൾ ആശാൻെറ കൃതികളിൽനിന്നു് ഉദ്ധരിക്കയും ചെയ്യാം. അവരോടു ഞാൻ വാദിക്കുന്നില്ല. ഒരു ദേവദാസിക്കു ശ്ലോകാർദ്ധം പൂരിപ്പിച്ചുകൊടുത്ത മഹാകവി കാളിദാസൻ പിന്നെ കവിതയെഴുതിയില്ല. ഒരു ദേവദാസിക്കു നിർവ്വാണമാർഗ്ഗം ഉപദേശി

ച്ചുകൊട്ടത്ത മഹാകവി കുമാരനാശാനും പിന്നെ കാവ്യം എഴുതിയില്ല. കേരളകാളിദാസനു മോട്ടോർകാറപകടം സംഭവിച്ച കാത്തികപ്പള്ളിയിൽ കാളിദാസതുല്യനായ കുമാരനാശാനു മോട്ടോർബോട്ടപകടവും സംഭവിച്ചു. കാത്തികപ്പള്ളി, മഹാകവികൾക്കു് ഇത്ര ഭയങ്കര കൃത്തികയോ!

നാലാംതീയതി രാത്രി ഞാൻ സത്യവ്രതസ്വാമിയുമൊന്നിച്ചാണു കൊച്ചിയിൽനിന്നു് ആലപ്പുഴയ്ക്കു ബോട്ടു കയറിയതു്. റഡീമർബോട്ടപകടത്തെക്കുറിച്ചു കൊച്ചിയിൽവച്ചു കേട്ടു എങ്കിലും, അന്നു കാലത്തു് കളവായി കേട്ട മററൊരു ബോട്ടപകടവൃത്താന്തത്തിന്റെ രണ്ടാം പതിപ്പെന്നു ഞങ്ങൾ രണ്ടാളും അതിനെ തള്ളിക്കളഞ്ഞു. എന്നാൽ അങ്ങനെ തള്ളിയ കഥയിൽ ആശാന്റെ ശബ്ദം പോലും കേട്ടില്ല. ആശാൻ പക്ഷേ, എറണാകുളത്തെത്തി വണ്ടികിട്ടാതെ അവിടെ താമസിക്കുന്നുണ്ടായിരിക്കുമെന്നു സത്യവ്രതസ്വാമി പറഞ്ഞു. ഞങ്ങൾ അന്നുരാത്രി (നാലാം തീയതി രാത്രി) ബോട്ടിൽവച്ചു വായിച്ച ഒരു ഫാൾസിലെ (സി. വി. അന്നെഴുതിക്കൊണ്ടിരുന്നതും പൂത്തിയാക്കിയിട്ടില്ലാത്തതുമായ 'ശബരനയ്യപ്പൻ' എന്ന ഫാൾസ് Ed.) താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങൾ അറമല്ലേ. അതു പിന്നെ എന്താണെന്നു വായനക്കാർതന്നെ തീച്ച്യാക്കേണ്ടതാണു്.

## രംഗം 1

### ബ്രഹ്മലോകം

(പ്രഭാതം)

(ബ്രഹ്മാവും സരസ്വതിയും തുംബുരുവും നാരദനും പ്രവേശിക്കുന്നു.)

സരസ്വതി: ഇന്നെന്താണ് വിശേഷവിധിയായി ഒരു മുഖപ്രസാദം കാണുന്നു?

ബ്രഹ്മാവ്: ഭവതിയുടെ ഒരു പുതിയ പ്രഭാതഗാനം കേട്ടതുനിമിത്തമുള്ള ഉത്സാഹംതന്നെ. എത്ര കേട്ടാലും തൃപ്തിവരാത്ത ആ മനോഹരഗാനം ഒന്നുകൂടി കേട്ടാൽക്കൊള്ളാമെന്നു താൽപര്യമുണ്ട്.

സരസ്വതി: (വീണമീട്ടി പാടുന്നു. തുംബുരുവും നാരദനും ഏറ്റുപാടുന്നു.)

സകലാശ്രയമായി രാത്രിയും
പകലും വിട്ടെരിയും പ്രദീപമേ
ജഗദീശ, ജയിക്ക ശാശ്വതം
നിഗമം തേടിന നിൻപദാംബുജം.

അരുണോദയമായി പൂക്കൾപോൽ
വിരിയുന്നു കരണോൽക്കരം വിഭോ
തിരിയെത്തെളിയുന്നു ഹന്ത! നീ
തിരനീക്കുന്നൊരു ലോകരംഗവും

ഒരുഭീതിയെഴാതെ കാത്തു ദു-
ഷ്കർസാംസാരികപോതയാത്രയിൽ
കരകാട്ടുക നിന്നു നീ കൃപാ-
കര, ഞാൻ ദിക്കറിയാത്ത നാവികൻ.

(ഇത്യാദി)

ബ്രഹ്മാവ്: വീണ്ടും വീണ്ടും കേട്ടാലും കൊതി തീരാത്ത മനോഹരഗാനം! കേരളത്തിലെ അവണ്ണരുടെ ഗായത്രി ഇപ്പോൾ ഇതായിത്തീന്നിരിക്കുന്നു എന്നോ ഭവതി പറയുന്നതു്?

തുംബുരു: ആരാണു് ഈ ഗായത്രിയുടെ വിശ്വാമിത്രൻ?

* * *

സരസ്വതി: ശ്രീനാരായണപരമഹംസൻെറ പ്രിയശിഷ്യനായി കുമാരനാശാൻ എന്നൊരു മഹാകവിയുണ്ടായിട്ടുണ്ടു്.

ബ്രഹ്മാവ്: തത്ര ഭവതി ആ മഹാകവിയെ വേണ്ടപോലെ അനുഗ്രഹിച്ചിട്ടുണ്ടോ?

സരസ്വതി: ഞാൻ അനുഗ്രഹിച്ചിട്ടുണ്ടെന്നോ ആര്യപുത്രൻ ചോദിക്കുന്നതു്? എൻെറ ഓമനയായ ശ്രീ കുമാരകവി എന്നെയാണു് അനുഗ്രഹിച്ചിരിക്കുന്നതു്. അടുത്തകാലത്തു ചില കവികൾകൂടി ദുഷ്കവിതകൾകൊണ്ടു ഭാഷയെ ദൂഷിപ്പിച്ചു് എന്നെ പുംശ്ചലിപ്രായയാക്കിയപ്പോൾ വീണ്ടും എന്നെ സനാഥയാക്കിയ മഹാകവികളിൽ പ്രഥമഗണനീയനായ ഒരുവനാണു് ഈ ശ്രീ കുമാരകവി.

ബ്രഹ്മാവ്: തത്ര ഭവതിയാൽ അനുഗൃഹീതരായ മററു മഹാകവികളും ഇപ്പോൾ ഉണ്ടോ?

* * *

സരസ്വതി: എന്നാൽ അനുഗൃഹീതരായ മൂന്നു കവിമുഖ്യന്മാരാണു് കേരളത്തിൽ ഇപ്പോൾ ഉള്ളതു്;

ഉള്ളൂർ, വള്ളത്തോൾ, ആശാൻ. ആലോചനാമൃതവും ആപാതമധുരവുമായ കാവ്യരത്നങ്ങളെക്കൊണ്ട് കൈരളിക്ക് അഭിനവങ്ങളായ കണ്ഠാഭരണങ്ങൾ നിർമ്മിച്ച് അലങ്കരിച്ചുകൊണ്ടിരിക്കുന്ന വത്സന്മാരായ ഉള്ളൂരിനെയും, വള്ളത്തോളിനെയും ഞാൻ സദാ സ്തന്യപാനം നല്കി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ബ്രഹ്മഗീതം പാടുന്ന കൈരളിയുടെ അധരപുടം ചുംബിക്കുന്ന നാദസാരത്താം മിനുക്കിക്കൊണ്ടിരിക്കുന്ന കുമാരകവിയായ എന്റെ ഓമനയുടെ ഏഴാം ഇന്ദ്രിയത്തിൽ ഞാൻ എന്റെ വീണയിൽ നിന്നു പ്രണവധാര പൊഴിച്ചു താരാട്ടിക്കൊണ്ടിരിക്കുന്നു.

ബ്രഹ്മാവ്: അല്ല! ഇതെന്താണ്, ഭവതിയുടെ വീണ സ്വയമേവ നിക്വാണംതുടങ്ങിയിരിക്കുന്നത്?

സരസ്വതി: (ഓർമ്മിച്ചിട്ട്) ഓ! ശിവഗിരിയിൽ ബ്രഹ്മചാരികൾ സങ്കീർത്തനം ആരംഭിച്ചിരിക്കുന്നു. ശ്രുതിമധുരമായ അവരുടെ സ്തോത്രഗാനങ്ങൾ ജഡങ്ങളായ എന്റെ വീണക്കമ്പികൾക്കുകൂടിയും ചൈതന്യത്തെ നല്കിയിരിക്കുന്നു.

* * *

ബ്രഹ്മാവ്: പ്രണവംപോലെ വിശുദ്ധമധുരമായ ഈ സങ്കീർത്തനത്തിന്റെ പ്രതിധ്വനി ഇവിടെ എത്തണമെങ്കിൽ ഗായകന്മാരായ ബ്രഹ്മചാരികൾ എത്ര വിശുദ്ധചരിതന്മാരായിരിക്കണം!

സരസ്വതി: ആര്യപുത്രന്ന് ആശ്ചര്യം അത്രമാത്രമേയുള്ളോ? നോക്കൂ, ആ ബ്രഹ്മചാരികളുടെ

ബ്രഹ്മതേജസ്സ് രൂപമെടുത്ത് എനിക്ക പുഷ്പാഞ്ജലി യുമായി സത്യലോകത്തിൽ എത്തിയിരിക്കുന്നത്!

മനുഷ്യബുദ്ധിക്ക് അപ്രമേയമായ ബ്രഹ്മരഹസ്യം ആരു കണ്ടു? ബ്രഹ്മലോകത്തിൽ ആശാൻെറ സങ്കീത്തനം പാടിയതായി സത്യവ്രതസ്വാമികളെ ഞാൻ വായിച്ചു കേൾപ്പിച്ച അന്നു പ്രഭാതത്തിൽ ആശാൻെറ ബ്രഹ്മതേജസ്സ് രൂപമെടുത്ത് സരസ്വതിക്കു പുഷ്പാഞ്ജലിയുമായി വാസ്തവത്തിൽ സത്യലോകത്തിൽ എത്തിച്ചേരുകതന്നെ ചെയ്തു. ഹാ! മഹാകവേ, ബ്രഹ്മഗായകാ! 'ആര്യകേരളം' കീത്തിക്കുംപ്രകാരം മലയാളമഹാകവികളുടെ മൂത്തിത്രയത്തിൽ ബ്രഹ്മാവായ ഭവാൻ ബ്രാഹ്മിയുടെ വീണയിൽനിന്നു ചൊരിയുന്ന താരാട്ടു കേട്ടുകൊണ്ട് ആ ദേവിയുടെ ഉത്സംഗത്തിൽ ഇപ്പോൾ ഉറങ്ങിപ്പോയോ?

# നളിനി

എൻ. കുമാരനാശാൻ അവർകളുടെ കൃതിയായ 'നളിനി' എന്ന ചെറുകാവ്യവും, കാളിദാസകൃതിയായ 'രഘുവംശമഹാകാവ്യ'വും (കുണ്ടൂർ നാരായണമേനോൻ അവർകളുടെ തർജ്ജിമ)കൂടി ഞങ്ങളുടെ അഭിപ്രായത്തിനു രണ്ടിന്റെയും പ്രകടനാധികൃതരായ ബി. വി. ബുക്കഡിപ്പോക്കാരാൽ ഒരുമിച്ച് അയച്ചുതരപ്പെട്ടതു്, ഒരു യാദൃച്ഛികസംഭവമാണെങ്കിലും, ഭാഷാകവിതയുടെ ആധുനികാവസ്ഥയ്ക്കു് അതു് അർത്ഥവത്തായ ഒരു 'ദൈവയോഗ'മാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഈ കാവ്യം പുസ്തകാകൃതിയിൽ ജനസമക്ഷം അവതരിക്കുംമുമ്പേതന്നെ കവിമുഖത്തിൽനിന്നു രണ്ടോ മൂന്നോ തവണ ഇതെഴുതുന്ന ആൾക്കു കേട്ടു്, അമൃതാതിശായിയായ അതിന്റെ രസം ആസ്വദിച്ചാനന്ദിക്കാൻ സംഗതിയായിട്ടുണ്ടായിരുന്നതുകൊണ്ടു്, പുസ്തകം തുറന്നുനോക്കിയപ്പോൾ കണ്ട 'കവിധർമ്മമർമ്മജ്ഞനും, ഒരു സാക്ഷാൽ മഹാകവിയും, മഹാപണ്ഡിതനു'മായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഈ കാവ്യത്തിന്റെ മർമ്മസ്പൃക്കായ അവതാരിക അങ്ങനെതന്നെ പകർത്തിയിട്ടു്, അതാണു ഞങ്ങളുടേയും അഭിപ്രായം എന്നു പറഞ്ഞാൽപ്പോരയോ എന്നു് ആദ്യം വിചാരിച്ചു. എത്രതന്നെ ചർവ്വണം ചെയ്താലും ചണ്ടിയാവാത്ത കാമദേവന്റെ നീലക്കരിമ്പുപോലുള്ള ഈ കാവ്യരത്നത്തിന്റെ ഒളി മംഗളോദയം കമ്പനിക്കാരുടെ കേരളകല്പദ്രുമം ലിപികളിൽക്കൂടി തൽ

---

കേരളകൗമുദി—1911 നവംബർ 22

s/7903



ക്കാലത്തേക്ക് ഒന്നുകൂടി നോക്കാനുള്ള കൗതുകത്താൽ ഇതു് ആദ്യവസാനം വായിച്ചപ്പോൾ, ഞങ്ങളുടെ അഭിപ്രായം ഇതിൽപോലെ മറ്റൊന്നിൽ പടത്തുകയല്ല ഭംഗി എന്നു തോന്നി. അതിനാൽ രണ്ടുംകൂടി ചെയ്യാമെന്നു വിചാരിച്ചു്, അവതാരിക മററൊരേടത്തു പകത്തുകയും, ഞങ്ങൾക്കുള്ള അഭിപ്രായം ഇവിടെ പ്രസ്താവിക്കുകയും ചെയ്യുന്നു.

നോട്ടക്കാരുടെ ദാക്ഷിണ്യംകൊണ്ടോ, സാമത്ഥ്യക്കുറവിനാലോ കേരളകവികളുടെ മണിപ്രവാളവ്യാപാരം സ്ഫടികച്ചില്ലും പളുങ്കും വജ്രവൈഡൂര്യാദിരത്നങ്ങളാക്കി ക്കാണിക്കുന്ന ചെട്ടിമിടുക്കായി പരിണമിച്ചിരിക്കുന്ന കാലമാണിതെന്നു പറയേണ്ടതില്ലല്ലോ.

കൃതേയുഗേ വ്യഞ്ജനയാവതീർണ്ണം
ത്രേതായുഗേ സൈവഗുണീബഭൂവ
ആസീത്തൃതീയേ തു യുഗേത്ഥ ചിത്രം
യുഗേ തുരീയേ യമകപ്രപഞ്ചഃ.

എന്നാണു് ശ്രീനീലകണ്ഠദീക്ഷിതർ കവിതയുടെ നാലു ദശാന്തരപ്രാപ്തിയെക്കുറിച്ചു പറഞ്ഞിട്ടുള്ളതു്. ഭാഷാകവിത യമകപ്രപഞ്ചത്തിൽ മുങ്ങിമയങ്ങി കേരളീയരംഗത്തിൽ 'ശബ്ദാലങ്കാരങ്ങളെ കിലുക്കിക്കൊണ്ടു്' കളിയാടുന്ന ബഹളത്തിൽ 'വ്യഞ്ജനയാവതീർണ്ണ'മായ ഒരു കാവ്യത്തെ കാണുവാൻ ഇടവരുന്നതു് 'കൃതയുഗത്തി'ലെ സുകൃതവിശേഷ'മെന്നല്ലാതെ എന്തു പറയാം!

ഈ കാവ്യത്തിലെ ഇതിവൃത്തം കല്പിതമാണു്. കഥാനായകനായ യോഗിയും, നളിനിയും ബാല്യത്തിൽ ഒരുമിച്ചു കളിച്ചുവളൎന്നവരായിരുന്നു. നളിനി ആയിടക്കു തന്നെ 'കോരകത്തിൽ മധുവെന്നപോലെയുൾത്താരിൽ' പ്രണയമാൎന്നിരുന്ന കഥയറിയാതെ നായകൻ അനന്തരം

ഒരു യോഗിയായിത്തീൎന്നു നാടുവിട്ടുപോയി. നളിനിക്കു വിവാഹകാലമായപ്പോൾ,

"താതനോത്തൊരു വിവാഹനിശ്ചയം
കാതിലെത്തി, വിഷവേഗമേറ്റപോൽ
കാതരാശയ കുഴങ്ങി."

"കാണുകിൽ പുളകമാം കയത്തില-
ങ്ങാണ്ടുകൊൾവതിനുടൻ കുതിച്ചു."

എങ്കിലും, ഒരു യോഗിനി 'കചഭരം പിടിച്ചു' അവളെ അതിൽനിന്നു രക്ഷിച്ചു. അനന്തരം ആ യോഗിനിയോടൊരുമിച്ച് 'അഞ്ചുവട്ടം കാനനം പൂക്കുന്ന' കാലം വരെ നളിനി,

"പഞ്ചവൃത്തികളടക്കിയനപഹം
നെഞ്ചുവച്ചുരുതപോമയം ധനം"

സഞ്ചയിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ദിവസം 'വാസനാബന്ധ'ത്താൽ യോഗിക്കും നളിനിക്കും വനത്തിൽവച്ച് അന്യോന്യസമാഗമത്തിനു സംഗതിവരുന്നു. യോഗി കുശലംചോദിച്ചു പിരിഞ്ഞുപോവാൻ ഭാവിച്ചുവെങ്കിലും,

"കൂവി, വായുവിലകന്ന താമര-
പ്പൂവെയാഞ്ഞുതടയുന്ന ഹംസിപോൽ
ഏവമുന്മുഖി പുലമ്പിയെത്തിയാ
ഭൂവിൽ വീണവൾ പിടിച്ചു തൽപദം.

"എൻെറയേകധനമങ്ങു ജീവന-
ങ്ങെൻെറ ഭോഗമതുമെൻെറ മോക്ഷവും
എൻെറയീശ! ദൃഢമീപദാംബുജ-
ത്തിൻെറസീമ; ഇതുപോകിലില്ല ഞാൻ"

എന്നു പ്രാൎത്ഥിച്ചു.

"പാഴിലേവമഴലാകുമാഴിയാ-
ഞ്ഞാഴൊലാ നളിനി! യജ്ഞപോലെ നീ"

എന്നും മറ്റും പറഞ്ഞു്, അവളുടെ പ്രാർത്ഥന യോഗി നിരസിച്ചു. ഒടുവിൽ,

"ക്ഷീണയായ് മിഴിയടച്ചു നിശ്ചല-
പ്രാണയായുടനവൻെറ തോളതിൽ
വീണു, വായുവിരമിച്ചു കേതുവിൽ
താണുപററിയ പതാകപോലവൾ."

ഇത്രയുമാണു് കഥ. ഒരു പദ്യമെങ്കിലുമോ, ഒരു പാദമെങ്കിലുമോ എത്ര ദോഷൈകദൃഷ്ടിയോടുകൂടി നോക്കിയാലും പാഴായി കാണാനില്ലാത്ത ഈ ചെറുകാവ്യത്തിലെ 173 അതിമനോഹരങ്ങളായ പദ്യങ്ങളിൽനിന്നു 'സ്ഥാലീപുലാകന്യായേന' ഏതു പദ്യമെടുത്തുനോക്കിയാലും, കവിതാരസജ്ഞന്മാക്കു് ഈ അസാധാരണ കവിയുടെ അഗാധമായ ഭാവനാശക്തിയേയും കവനകൗശലത്തേയും കുറിച്ചു വിസ്മയംതോന്നുന്നതാണു്.

"ഇന്നു ഭാഷയതപൂർണ്ണ;മിങ്ങഹോ!
വന്നുപോം പിഴയുമർത്ഥശങ്കയാൽ"

എന്നാണു് ഈ മഹാകവി പറയുന്നതെങ്കിലും, "ലൗകികഭംഗവും ഭംഗിക്കുറവും കൂടാതെ, ആകാശപുഷ്പത്തിൻെറ ആകാരം നിർണ്ണയിക്കാനും, ചന്ദ്രൻെറ ഗുണങ്ങൾ ചാണകപ്പാട്ടയ്ക്കു നല്കി, ശരച്ചന്ദ്രനെ പിടിച്ചു ചാണകവറളി ഉണക്കാനും" സാമർത്ഥ്യമുള്ള കവികൾ നളിനീകർത്താവിൻെറ ഈ 'പുതിയ പ്രസ്ഥാന'ത്തെ അനുഗമിക്കാൻതുടങ്ങിയെങ്കിൽ, മലയാളഭാഷയ്ക്കു ഭാഗധേയംതന്നെയായിരുന്നേനെ. പക്ഷേ, അതിനുതക്ക സുകൃതം മലയാളഭാഷയ്ക്കുണ്ടോ? അലങ്കാരമെന്നപേരിൽ കവിതയ്ക്കു് ആഹാര്യ

ശോഭയുണ്ടാക്കുവാൻ ശ്രമിക്കുന്ന കവികൾ ഈ കാവ്യത്തിൽ കവി അനായാസേന പ്രയോഗിച്ചിരിക്കുന്ന ഉപമാദ്യലങ്കാരങ്ങളുടെ അകൃത്രിമദ്യുതി സൂക്ഷിച്ചുനോക്കി മനസ്സിലാക്കേണ്ടതാണ്. അങ്ങനെ അവർ ചെയ്യുന്നപക്ഷം, വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായ കവികളാൽ അലങ്കാരോപയുക്തങ്ങളായി പ്രപഞ്ചത്തിലുള്ള രമണീയവസ്തുക്കളെല്ലാം അപഹരിക്കപ്പെട്ടുപോകനിമിത്തം പ്രകൃതി പാപ്പരായിപ്പോയിട്ടില്ലെന്ന് അവർക്കു ബോധപ്പെടുന്നതാണ്. പക്ഷേ, കൈരളീമഹിളയ്ക്കു മംഗല്യം ബന്ധിച്ചു മണവാളൻചമയാനുള്ള ബദ്ധപ്പാടിൽ ഈ വകയൊക്കെ നോക്കാനും ആലോചിക്കാനും മലയാളികൾക്ക് അവസരമുണ്ടോ?

പാഠപുസ്തകകമ്മിററിക്കാർ അടുത്ത കൊല്ലത്തേക്കു പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ, ഇതിനെക്കാൾ പ്രൗഢവും മനോജ്ഞവുമായ ഒരു മണിപ്രവാളകാവ്യം മലയാളഭാഷാസാമ്രാജ്യത്തിൽ അവതരിച്ചിട്ടുണ്ടോ എന്നു നല്ലവണ്ണം ആലോചിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

...GUPTA PUBLIC LIBRARY
KOZHIKODE

# മഹാകവി കുമാരനാശാൻ

മാന്യരായ സദസ്യരെ, രാജസമ്മാനം വാങ്ങിയ ഒരു മഹാകവിയുടെ കവിതയെക്കുറിച്ചാണു് ഞാൻ പ്രസംഗിക്കുവാൻപോകുന്നതു്. അതിനു് ആവശ്യമായ പാണ്ഡിത്യം എനിക്കുണ്ടായിരുന്നു എന്നുവരികിൽ, ഞാൻ വളരെ ഉത്സാഹത്തോടെ അതിനുദ്യമിക്കുമായിരുന്നു. എന്റെ കഥ ഞാൻ പറയാം. കവിതകൾ വായിക്കാനും, രസിക്കാനും, ചിലപ്പോൾ ചില പദ്യങ്ങൾ കൃതിക്കാനും കുട്ടിയായിരിക്കുമ്പോൾത്തന്നെ എനിക്കു് ഉത്സാഹമുണ്ടായിരുന്നു. എന്നുവരികിലും, ഇതിനൊക്കെ ആവശ്യമായ പാണ്ഡിത്യം സമ്പാദിക്കുവാനുള്ള പരിശ്രമം ഞാൻ കാര്യമായി ഒരിക്കലും ചെയ്തിട്ടില്ല. അമരുകശതകം മണിപ്രവാളത്തിലെ യതിഭംഗത്തെയും മററും കുറിച്ചു വർത്തമാനപ്പത്രങ്ങളിൽ ആക്ഷേപം നടന്നകാലത്തു് അതെന്തെന്നറിയാനായിട്ടാണു്,

> സമാനുസമാരോ വിസർഗ്ഗാന്തോ
> ദീർഘോയുക്ത പരശ്ചലഃ

എന്നിങ്ങനെ ഗുരുലഘുക്കളുടേയും, മാത്രകളുടേയും,

> ത്രിലോനോ മുഖലോയശ്ച
> മദ്ധ്യലോരോന്ത്യലശ്ചസഃ

എന്നിങ്ങനെ ഗണങ്ങളുടേയും,

---

വെയിത്സ് രാജകുമാരനിൽനിന്നു പട്ടും വളയും സമ്മാനംവാങ്ങി മടങ്ങിവന്ന കുമാരനാശാനെ അനുമോദിക്കാൻ 1097 കുംഭം 27-ാംനു തിരുവനന്തപുരം ജൂബിലി ടൗൺഹാളിൽ കൂടിയ ഗംഭീരമായ യോഗത്തിൽ ചെയ്ത പ്രസംഗം.

മന്ദാക്രാന്തയുമായീട്ടും
മഭനതഗ്ഗ ചേരുകിൽ

എന്നിങ്ങനെ വൃത്തങ്ങളുടേയും നിയമങ്ങളും മററും, ആൾജിബ്രായിലെ ഫോർമുലപോലെ, ഞാൻ പഠിച്ചു മനസ്സിലാക്കിയതു്. അതെല്ലാം പഠിച്ചുകഴിഞ്ഞപ്പോൾ, അതു പഠിക്കുംമുമ്പുതന്നെ, മലയാളമനോരമയിലെയും മററും കവിതാപംക്തികളിൽ സ്ഥലംപിടിച്ചിരുന്ന എനിക്കു്, ഞാൻ അറിയാതെതന്നെ, എൻെറ കവിതാവനിതയ്ക്കു മഭനതഗ്ഗയും ഫോർമുലയുമെല്ലാം ഒത്തുവന്നതെങ്ങനെയെന്നു് വളരെ ആശ്ചയ്യംതോന്നി. 'യശോമാത്രശരീരശേഷനായ' കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ 'പ്രാസസവ്വസ്വ'മായ മയൂരസന്ദേശമണിപ്രവാളം പുറത്തുവന്നപ്പോൾ കേരളീയരായ മണിപ്രവാളവ്യാപാരികളുടേയും, മണിപ്രവാളനോട്ടക്കാരുടേയും ഇടയിലുണ്ടായ കോലാഹലം പ്രസിദ്ധമാണല്ലൊ. ആയിടയ്ക്കു്, ഒരുദിവസം, മലയാളമഹാകവികളുടെ കൂട്ടത്തിൽ പേരെടുത്ത ഒരു പ്രമാണിയായിരുന്ന പരവൂർ കെ. സി. കേശവപിള്ള അവർകളും ഞാനുംകൂടി കവിതാവിഷയമായി പലതും സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, ദ്വിതീയാക്ഷരപ്രാസത്തിന്നു് ഐകരൂപ്യംവരുത്തി രണ്ടോ നാലോ പദ്യങ്ങൾ നിമ്മിക്കുന്നതു് അത്ര പ്രയാസമുള്ള കാര്യമായിരിക്കയില്ലെങ്കിലും, ഒരു കാവ്യം മുഴുവൻ ആപാദചൂഡം 'അച്ചിന്നും ഹല്ലിന്നും' ഒരുപോലെ ഐകരൂപ്യംവരുത്തിയ ദ്വിതീയാക്ഷരപ്രാസദീക്ഷ ഒരു അസാദ്ധ്യകമ്മംതന്നെയെന്നു് അദ്ദേഹം പറകയുണ്ടായി. യുധിഷ്ഠിരവിജയക്കാരൻെറ യമകപ്രയോഗമോ എന്നു് ഞാൻ ചോദിച്ചു, നാനാത്ഥപദങ്ങൾക്കു ദാരിദ്ര്യമില്ലാത്ത സംസ്കൃതത്തിൽ അതിനൊക്കെ അത്ര പ്രയാസമില്ലെന്നും,

മലയാളത്തിൽ അതു കേവലം അസാദ്ധ്യംതന്നെയെന്നും ആയിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഏതാനും ദിവസം കഴിഞ്ഞു്, ഞാൻ ഒരു സന്ദേശം എഴുതി. അതിൻെറ പേരു് 'ഒരു സന്ദേശം' എന്നായിരുന്നു. ആയിടയ്ക്കു് ഇവിടത്തെ നിയമനിർമ്മാണസഭയിൽ ഹാജരാക്കപ്പെട്ടിരുന്ന മരുമക്കത്തായ വിവാഹബിൽ പാസാക്കിക്കിട്ടണമെന്നു് 'കോളംബദേശത്താവിർമോദം മരുവുമബലാവൃന്ദമന്നാളൊരുന്നാൾ', മയൂരസന്ദേശത്തിലെ മയൂരം മുഖേനതന്നെ, നിയമസഭയെ അറിയിക്കാൻ പറഞ്ഞയയ്ക്കുന്ന അപേക്ഷയായിരുന്നു കവിതാവിഷയം. ആപാദചൂഡം അച്ചിന്നും ഹല്ലിന്നും ഐകരൂപ്യംവരുത്തിയ ദ്വിതീയാക്ഷരപ്രാസപ്രയോഗംകൊണ്ടു് എൻെറ കവിതാമഹിളയ്ക്കു ഞാൻ മനോഹരമായി മംഗല്യം ബന്ധിച്ചിരിക്കുന്നതു കണ്ടപ്പോൾ പ്രാസപ്രയോഗചതുരനായ മഹാകവി കെ. സി. കേശവപിള്ള അവർകൾ എന്നെ വളരെ അഭിനന്ദിച്ചു.

ഈ അഭിനന്ദനീയമായ അസാദ്ധ്യകർമ്മം ഞാൻ ചെയ്തതിന്റെ രഹസ്യം പറഞ്ഞുകേട്ടപ്പോൾ, അദ്ദേഹവും ചിലപ്പോഴൊക്കെ പ്രയോഗിച്ചിട്ടുള്ള ആ വിദ്യയുടെ കാര്യം ഏററുപറകയും, ഞങ്ങൾ രണ്ടാളുകളും വളരെ ചിരിക്കുകയും ചെയ്തു. "അക്ബർ വൃത്തത്തിനിണങ്ങിയില്ലെങ്കിൽ, വൃത്തം അക്ബർക്കൊപ്പിക്കുക" എന്നുണ്ടല്ലൊ. അതുപോലെതന്നെ, ഒരു ആശയത്തെ പ്രാസത്തോടുകൂടി പദ്യത്തിൽ വരുത്താൻ ശ്രമിക്കുമ്പോൾ, വിചാരത്തിനൊത്തു പ്രാസം വന്നില്ലെങ്കിൽ, പ്രാസത്തിനൊത്തു വിചാരം തിരിക്കുക എന്നുള്ളതു മാത്രമാണു് പ്രാസമൊപ്പിക്കാൻ ഞാൻ പ്രയോഗിച്ച വിദ്യ. ദ്വിതീയാക്ഷരപ്രാസഭ്രമക്കാരായ മഹാകവികളിൽ ആരെ പിടിച്ചു വിസ്തരിച്ചാലും, അവർ എത്ര സാമർത്ഥ്യത്തോടുകൂടി ഉത്തരം പറ

യാൻ ചതുരന്മാരായിരുന്നാലും,മുട്ടിച്ചു ക്രാസ്യം ചെയ്യുമ്പോൾ, ഈ പരമാത്ഥം സമ്മതിച്ചു മൊഴിതരുന്നതാണ്. ഇത്ര ത്തോളമൊക്കെ പയററിവച്ചു്, നഗരാണ്ണവശൈലങ്ങളെക്കുറിച്ചു കുറേ വണ്ണനശ്ലോകങ്ങൾ എഴുതുവാൻ ക്ഷമയും, സമയം ചിലവു ചെയ്യാൻ സൗകയ്യവുമുണ്ടെങ്കിൽ മഹാകാവ്യം ചമയ്ക്കാനും മഹാകവി എന്ന പ്രസിദ്ധി നേട്ടവാനും എളുപ്പമായി എന്നു ഞാൻ പറകയില്ല. അതിനു് എളുപ്പമായിരുന്ന ഒരു കാലമുണ്ടായിരുന്നു എന്നു് ഞാൻ പറയും. കഥ പുരാണങ്ങളിലുണ്ട്. ഉപമ, ഉൽപ്രേക്ഷ മുതലായ അലങ്കാരങ്ങൾ പ്രാചീനകവികൾ പ്രയോഗിച്ചിട്ടുള്ളവ പകത്തിയാൽ വലിയ ആക്ഷേപമൊന്നുമില്ല. ദ്വിതീയാക്ഷരപ്രാസമൊപ്പിച്ചു് ശ്ലോകങ്ങളെഴുതുവാനുള്ള വിദ്യ എല്ലാവക്കും നിശ്ചയമുണ്ട്. ഈ അവസ്ഥയിൽ, കാവ്യങ്ങളും മഹാകാവ്യങ്ങളും എഴുതുവാൻ എന്താണു പ്രയാസം ഉണ്ടായിരുന്നതു്? പക്ഷേ, കവിയശഃപ്രാത്ഥികളുടെ നിർഭാഗ്യവശാൽ മലയാളികളിൽ കുറേപ്പേരെങ്കിലും കാവ്യമെന്തെന്നു് ഇപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഇനി ആ വിദ്യ പററില്ല. കാവ്യമെന്തെന്നു് മനസ്സിലാക്കിയെന്നു പറഞ്ഞാൽ, കാവ്യമെന്തെന്നു് വിവരിച്ചു പ്രാചീനന്മാർ എഴുതിക്കൂട്ടിയിട്ടുള്ള കാവ്യലക്ഷണപദ്യങ്ങളെല്ലാം ഉരുവിട്ടുപഠിച്ചു എന്നാണത്ഥമെന്നു് ആരും മനസ്സിലാക്കരുതു്. കാവ്യത്തേയും കവിതയേയും വിവരിച്ചുകൊണ്ടു് അല്പകാലത്തിനിപ്പുറമായി മലയാള മാസികകളിൽ ഓരോരുത്തർ എഴുതിക്കൂട്ടുന്ന ഉപന്യാസങ്ങളും പ്രബന്ധങ്ങളും വായിച്ചു മുഷിവുതോന്നിയിട്ടില്ലാത്തവരുണ്ടെങ്കിൽ, അവക്കു ലഭിച്ചിട്ടുള്ള നാറാണത്തു ഭ്രാന്തൻെറ കല്ലുരുട്ടി രസിക്കുന്ന മനഃസ്ഥിതിയുടെനേരെ എനിക്കു വളരെ അസൂയയുണ്ട്. ഈ ഉപന്യാസകത്താ

ക്കന്മാർ വിവരിക്കുംപ്രകാരമൊ, പ്രാചീനപണ്ഡിതന്മാർ നിർവ്വചിച്ചിരിക്കുംപ്രകാരമൊ ഉള്ള ലക്ഷണങ്ങളെല്ലാം തികഞ്ഞ കവിതതന്നെയൊ കുമാരനാശാന്റെ കവിത എന്നു് എന്നോടു ചോദിച്ചാൽ, അതെനിക്കു നിശ്ചയമില്ല എന്നു മാത്രമേ ഞാൻ പറകയുള്ളു. കവിതകൾ വായിച്ചും രസിച്ചും സമ്പാദിച്ച പരിചയത്തിൽനിന്നു കുമാരനാശാൻെറ കവിതയെക്കുറിച്ചു് എനിക്കു സാമാന്യമായി തോന്നിയിട്ടുള്ള ചില അഭിപ്രായങ്ങൾ മാത്രമേ ഞാൻ ഇവിടെ ഉപന്യസിക്കണമെന്നു വിചാരിക്കുന്നുള്ളു.

കാവ്യരസം പരിപൂർണ്ണമായി ആസ്വദിക്കണമെങ്കിൽ കവിഹൃദയം മനസ്സിലാക്കിയിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. ഗംഭീരാശയനായ ഒരു മഹാകവി തന്റെ ഉൽകൃഷ്ടങ്ങളായ ചിന്തകൾ അല്പാക്ഷരങ്ങൾകൊണ്ടു് അധികാർത്ഥപ്രതിപാദകമായ രീതിയിൽ സംഗ്രഹിച്ചെഴുതിവച്ചിരിക്കുന്ന കാവ്യങ്ങൾ, കവിഹൃദയം മനസ്സിലാക്കി പരിപൂർണ്ണമായി രസിക്കണമെങ്കിൽ, കവിയോളംതന്നെ വായനക്കാരനും ഗംഭീരാശയനായിരിക്കണം. അതില്ലെങ്കിൽ, കവിഹൃദയം കവിയിൽനിന്നുതന്നെയോ, കവിക്കു തുല്യന്മാരായ വ്യാഖ്യാതാക്കന്മാരിൽനിന്നോ മനസ്സിലാക്കാനുള്ള കാവ്യപാരായണതൽപ്പരതയും സഹൃദയത്വവും വായനക്കാർക്കുണ്ടായിരിക്കണം. കവിമാതാവായ സരസ്വതീദേവിയുടെ നൃത്ത'സങ്കേത'മായ സംസ്കൃതസാഹിത്യത്തിൽ അഗാധമായ പാണ്ഡിത്യവും, ആംഗലസാഹിത്യസമ്പ്രദായങ്ങളിൽ സാമാന്യപരിചയവും സമ്പാദിച്ച ഒരു ഗംഭീരാശയനാണു് കുമാരനാശാൻ. മനുഷ്യഹൃദയത്തിൻെറ നാനാമുഖങ്ങളായ വ്യാപാരങ്ങളെയും, ഹൃദയത്തിൻെറ അഗാധങ്ങളായ കയങ്ങളിൽക്കൂടിയും സംഭവിക്കുന്ന വികാരങ്ങളെയും, സാമാന്യജനങ്ങളുടെ മനസ്സിനു്

അതീതമായി നില്ക്കുന്ന ആദ്ധ്യാത്മികരഹസ്യങ്ങളെയും കുലംകഷമായി ഗ്രഹിച്ചുവച്ചിട്ടുള്ള ശ്രീനാരായണപരമഹംസന്റെ 'കാൽനഖേന്ദുമരീചിക'യിൽ ചിരകാലമായി വിശ്രമിക്കുന്ന ഒരു പ്രിയശിഷ്യനുമാണു് കുമാരനാശാൻ. കൃത്രിമങ്ങളായ അസ്വാതന്ത്ര്യതകളാലും, വിപരീതശക്തികളുടെ സമ്മർദ്ദത്താലും ഉൽഗതിക്കു പ്രയാസങ്ങളും ഞെരുക്കങ്ങളും അനുഭവിക്കുന്ന ഒരു ജനസമുദായത്തിന്റെ ഉന്നമനകൃത്യത്തിൽ സ്വഗുരുവിനാൽ നിയുക്തനായ ഒരു സമുദായനായകനുമാണു് കുമാരനാശാൻ. ഈവിധം പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചു സ്വഗുരുവിൽനിന്നും, മനുഷ്യവ്യാപാരങ്ങളെക്കുറിച്ചു ചിരപരിചയത്തിൽനിന്നും, സാഹിത്യകലയെക്കുറിച്ചു ചിരാഭ്യാസത്തിൽനിന്നും അപാരവും സുദൃഢവുമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള മഹാകവി കുമാരനാശാൻ അവർകളുടെ കവിതയെക്കുറിച്ചാണു് ഞാൻ പ്രസംഗിക്കാൻപോകുന്നതെന്നുള്ള ഓൎമ്മ, എനിക്കുണ്ടായിരിക്കുന്നതുപോലെ, നിങ്ങൾക്കും ഉണ്ടായിരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഇതര കവികൃതികളിൽനിന്നു കുമാരനാശാൻ അവർകളുടെ കൃതികൾക്കുള്ള ചില വിശേഷലക്ഷണങ്ങളെക്കുറിച്ചു മാത്രമേ ഞാൻ ഈ ഉപന്യാസത്തിൽ എന്തെങ്കിലും പറയണമെന്നു വിചാരിക്കുന്നുള്ളു എന്നു് ആദ്യമേ പ്രസ്താവിച്ചുകൊള്ളുന്നു. മനുഷ്യൻ പരിതഃസ്ഥിതികൾക്കു് അനുരൂപമായി ജീവിക്കുന്ന ഒരു ജന്തുവാണെന്നു് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നുണ്ടല്ലോ. എന്നാൽ ഉൽകൃഷ്ടനായ ഒരു മനുഷ്യന്റെ പരിതഃസ്ഥിതികൾ അവൻ തന്നെ സ്വയം സൃഷ്ടിക്കയാണു ചെയ്യുന്നതു്. ആശാന്റെ പരിസരപ്രദേശങ്ങളിൽ നിത്യസഞ്ചാരംചെയ്തുകൊണ്ടിരിക്കുന്നവർ നമ്മളൊക്കെയാണെങ്കിലും, ആശാന്റെ

ചിന്താപരിധികളിൽ സ്ഥിരപ്രതിഷ്ഠിതരായിരിക്കുന്നതു് വ്യാസവാല്മീകിമഹൎഷിമാരും കാളിദാസാദി മഹാകവികളും ആകുന്നു. ആശാന്റെ ഹൃദയം നിത്യസംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതു് മഹാകവികളോടും മഹാകവികളായ മഹൎഷിമാരോടും ആകുന്നു. ഋഷികളുടെ ആശ്രമങ്ങളെയും, ആശ്രമങ്ങളുടെ ശാന്തിവിലാസത്തെയും പരിശുദ്ധിയെയും, ആശ്രമനിവാസികളായ മുനിമാരുടെയും മുനിപത്നികളുടെയും ധൎമ്മാചരണനിഷ്ഠകളെയും പരിപാവനജീവിതത്തെയുംകുറിച്ചു പല വൎണ്ണനകളും എഴുതിയിട്ടുള്ള വാല്മീകിക്കു വൎണ്ണിക്കാൻ കഴിഞ്ഞിട്ടുള്ളതിലും അധികമായ വൈദഗ്ദ്ധ്യത്തോടും തന്മയത്വത്തോടുംകൂടിയുള്ള ഒരു വൎണ്ണന ആശാന്റെ ചിന്താവിഷ്ടയായ സീതയിൽ നാം വായിക്കുന്നുണ്ടു്. കവിയുടെ ഗുരുതന്നെ ഒരു മഹൎഷിയും, കവിയുടെ ചിന്താപരിധിയിൽ നിത്യപരിചയക്കാരായിരിക്കുന്നതു മഹൎഷിമാരും ആയതുകൊണ്ടുമാത്രമാണു് ഈവിധം ഒരു ആശ്രമവൎണ്ണന ചെയ്വാൻ കുമാരനാശാനു സാധിച്ചതെന്നാകുന്നു എന്റെ വിശ്വാസം. അനേകം ആശ്രമവൎണ്ണനകൾ എഴുതിക്കൂട്ടിയിട്ടുള്ള കവികുലഗുരുവായ വാല്മീകിയുടെ ആശ്രമംതന്നെയാണു് കുമാരനാശാൻ വൎണ്ണിച്ചിരിക്കുന്നതെന്നുള്ള സംഗതി ഈ സന്ദൎഭത്തിൽ പ്രത്യേകിച്ചും സ്മരണീയമാണു്.

ആശാന്റെ ചിന്താപരിസരം എത്ര പരിശുദ്ധമാണെന്നുള്ളതിലേക്കു് ആശാന്റെ എല്ലാ കവിതകളിലും ഒരുപോലെ പ്രകാശിച്ചുകാണുന്ന മറ്റൊരു സംഗതികൂടി ഇവിടെ പ്രസ്താവിക്കാം. കാവ്യം ചമയ്ക്കുന്നതു കവികൾ മിക്കവാറും വിജനസ്ഥലങ്ങളിൽ ഇരുന്നുകൊണ്ടാകുന്നു. എന്നാൽ നാം കാവ്യം വായിക്കുന്നതു ചിലപ്പോൾ തനിച്ചിരുന്നും, പലപ്പോഴും സ്നേഹിതന്മാരോടും സ്വജനങ്ങ

ളോട്ടുംകൂടിയിരുന്നും ആയിരിക്കും. കാവ്യപാരായണം ചെയ്യുന്നേടത്ത് മാതാപിതാക്കന്മാർ, മററു ഗുരുജനങ്ങൾ, സഹോദരീസഹോദരന്മാർ, പുത്രഭാഗിനേയന്മാർ മുതലായവരൊക്കെ ഉണ്ടായിരിക്കും. ഇവരിൽ ആരുടെയെങ്കിലും സന്നിധിയിൽവച്ച് ആദ്യവസാനം യാതൊരു സങ്കോചവും കൂടാതെ വായിക്കുവാൻ നമുക്കു സാധിക്കുന്ന കാവ്യങ്ങൾ സംസ്കൃതഭാഷയിൽത്തന്നെ ദുർലഭമാകുന്നു. ഈ വിഷയത്തിൽ മഹാപരാധികളായിട്ടുള്ളവർ മലയാളഭാഷയെ സംബന്ധിച്ചിടത്തോളം മലയാളബ്രാഹ്മണരാകുന്നു. രസങ്ങളിൽ പ്രാധാന്യം ശൃംഗാരരസത്തിനാണെന്നുള്ളതു ശരിതന്നെ. അതു മലയാളബ്രാഹ്മണകവികളോളം കടന്നറിഞ്ഞവർ മററുജാതി കവികളിൽ കാണുകയില്ല. വെണ്മണിനമ്പൂരിപ്പാട്ടുമാത്രമേ പൂരപ്രബന്ധം എഴുതിയിട്ടുള്ളു എങ്കിലും, നമ്പൂരിമാരുടെ മിക്ക കൃതികളും പൂരപ്രബന്ധങ്ങളാകുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയോ, അവാസ്തവോക്തിയോ ഉണ്ടെന്നു് ആരും വാദത്തിനു പുറപ്പെട്ടുമെന്നു തോന്നുന്നില്ല. ഈശ്വരസ്തോത്രരൂപമായി എഴുതുന്ന പദ്യങ്ങളിൽക്കൂടിയും വികടമായവിധം ശൃംഗാരങ്ങളും കന്നത്തങ്ങളും പ്രയോഗിക്കാൻ നമ്പൂതിരിക്കവികൾക്കു മാത്രമല്ല, നമ്മുടെ മററു കവികൾക്കും ലേശം കൂസലില്ലാത്തതായിട്ടാണു കണ്ടുവരുന്നതു്. ഉത്തമകവികളുടെ കൂട്ടത്തിൽ മുന്നണിക്കു നില്ക്കുവാൻ യോഗ്യനും, സാത്വികനുമായിരുന്ന ചാത്തുക്കുട്ടിമന്നാടിയാരുടെ ഒരു വന്ദനശ്ലോകം ഇങ്ങനെയാണു്:

“നെററിക്കണ്ണുന്റെ മൂന്നാം തിരുമിഴിയിൽ—
ലെഴും നാളമേററങ്ങുമിങ്ങും
പാറിച്ചേർന്നുള്ള പുത്തൻ മഷിയെയുട—
നണിത്തിങ്കളിൽ കാൺകമൂലം

നെററിച്ചാന്തത്ര ചിന്നും വിധുമധിക-
പണിപ്പെട്ടഹോ! ഗംഗയെന്നെ-
പ്പുററിച്ചു കള്ളിയെന്നോത്തുമയൊരു നെട്ട-
വീപ്പിട്ടതേകട്ടെ മോദം.''

വെണ്മണി നമ്പൂരിപ്പാട്ടിലെ ''വീതാശങ്കം വിധു സ്ത്രീവടിവു വിധുധരൻ'' എന്നു തുടങ്ങുന്ന ഇഷ്ടദേവതാ നമസ്കാരവും, പെരുന്നെല്ലി കൃഷ്ണൻ വൈദ്യരുടെ സുഭദ്രാഹരണത്തിലെ നാന്ദിയും, വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ദൈവയോഗമണിപ്രവാളത്തിലെ മംഗളാചരണവും മിക്കവക്കും പരിചയമുള്ളതാണു്. അവ ഇവിടെ ഉദ്ധരിച്ചു്, കവികൾ ശൃംഗാരരസത്തെയും ഈശ്വരഭക്തിയെയും കുറിച്ചു സാമാന്യജനങ്ങൾക്കു് എത്ര തെററായ ബോധം ഉണ്ടാക്കുന്നുവെന്നു ചൂണ്ടിക്കാണിക്കുന്നതു് ഈ സഭയുടെ അന്തസ്സിനുതന്നെയും ഹാനികരമെന്നു തോന്നുന്നതിനാൽ, അതിലേക്കായി ഞാൻ ഉദ്യമിക്കുന്നില്ല. ശൃംഗാരരസപ്രയോഗത്തിൽ കാളിദാസനെ അതിശയിക്കുന്ന ഒരു മഹാകവി ഉണ്ടായിട്ടില്ലെന്നു് സവ്വസമ്മതമാണല്ലോ. കാളിദാസന്റെ ശൃംഗാരപ്രയോഗങ്ങൾക്കും, ഇതരകവികളുടെ ശൃംഗാരപ്രയോഗങ്ങൾക്കും തമ്മിലുള്ള ഒരു വൈജാത്യം നാം പ്രത്യേകം ഓമ്മിക്കേണ്ടതാകുന്നു. ശൃംഗാരവികാരങ്ങൾ മറ്റുള്ളവരിൽനിന്നു് ഒളിക്കാൻ മനുഷ്യനു് സ്വാഭാവികമായ ഒരു താൽപയ്യമുണ്ടു്. മനുഷ്യനു സദാചാരബോധവും നാഗരികാഭിവൃദ്ധിയും ഉണ്ടാകുംതോറും ഈ താൽപയ്യം വദ്ധിച്ചുവരുന്നതാണു്. നാഗരികത്വം വദ്ധിച്ചിരിക്കുന്ന ജനസമുദായങ്ങൾ വസ്ത്രധാരണത്തിൽ കൂടുതലായ നിഷ്കഷകാണിക്കുന്ന വിവരം എല്ലാവക്കും അറിവുള്ളതാണല്ലോ. എത്രത്തോളം ഒളിവു് ശൃംഗാരപ്രയോഗത്തിൽ വാച്യമായി വരുത്തുവാൻ കവി

കൾക്കു കഴിയുമോ അത്രത്തോളം ശൃംഗാരരസം സഹൃദയ ന്മാക്കു ഹൃദയാവർജ്ജകമായിത്തീരുന്നതാണു്. ഈ വിഷ യത്തിൽ മഹാകവി കാളിദാസൻ മറ്റു കവികളെ തുലോം അതിശയിച്ചുനില്ക്കുന്നുണ്ടു്. വാച്യത്തിലധികം വ്യംഗ്യ ത്തിലാണു് കാളിദാസൻ ശൃംഗാരരസത്തിനു കൊഴുപ്പു ണ്ടാക്കുന്നതു്. മററു കവികൾ വ്യംഗ്യംകൊണ്ടു് ആലോ ചിച്ചാലോചിച്ചു മനസ്സിലാക്കേണ്ട സംഗതികൾകൂടിയും വെറും വെൺപൊരുളാക്കി വെട്ടിത്തുറന്നു പറയുന്നതുനി മിത്തം നമ്മുടെ സാഹിത്യത്തിലെ ശൃംഗാരപ്രയോഗങ്ങൾ സഭ്യേതരമായിത്തീൎന്നുപോകുന്നുണ്ടു്. എന്നാൽ, ശൃംഗാര രസത്തിനു് ഒളിവുവരുത്തുന്ന വിഷയത്തിൽ കാളിദാസ നുള്ള സാമൎത്ഥ്യം അന്യാദൃശമാണെങ്കിലും, ആ മഹാ കവികൂടിയും ചില ദിക്കിൽ കുറേ കടന്നമട്ടിൽ ശൃംഗാര രസം പ്രയോഗിച്ചുകാണുന്നുണ്ടു്. കാളിദാസകൃതികളിൽ വച്ചു് അത്യുത്തമമെന്നു സൎവ്വസമ്മതമായ ശാകുന്തളം നാ ടകത്തിലെ ചില ശൃംഗാരപദ്യങ്ങൾ സഹോദരീസഹോ ദരന്മാൎക്കു് ഒരുമിച്ചിരുന്നു വായിക്കാനോ, രംഗത്തു ചൊല്ലി അഭിനയിച്ചു കാണിക്കാനോ കഴിയാത്തവിധം വികടമാ യിപ്പോയിരിക്കുന്നു എന്നുള്ള സംഗതി എല്ലാവൎക്കും അറി വുള്ളതാണല്ലൊ. കവിതകളിൽ കാളിദാസകവിതയും, കാളിദാസകവിതകളിൽ ശാകുന്തളവും, ശാകുന്തളത്തിൽ നാലാമങ്കവും വിശിഷ്ടമാണെന്നുള്ള ചൊല്ലു് സത്യമാ ണെങ്കിൽ, പച്ചശൃംഗാരം പ്രയോഗിക്കുന്നതിലുള്ള സാമ ൎത്ഥ്യാതിശയത്തിലല്ല കാളിദാസനെ ബഹുമാനിക്കേണ്ട തെന്നു സ്പഷ്ടമാകുന്നു. ശാകുന്തളം നാലാമങ്കത്തിലെപ്പോ ലെ വാച്യമായി ശൃംഗാരത്തിനു് അത്യന്താഭാവം വരു ത്തിയിരിക്കുന്ന അങ്കങ്ങൾ ശാകുന്തളത്തിൽ വേറെയില്ലെ ന്നു പറയേണ്ടതില്ലല്ലൊ.

ഈ വസ്തുത മനസ്സിൽ വച്ചുകൊണ്ടു് നിങ്ങൾ കുമാരനാശാൻെറ കവിതകൾ ഓരോന്നായി എടുത്തു്, നിർദ്ദയമായും നിഷ്പക്ഷപാതമായും പരിശോധിച്ചുനോക്കുക. അദ്ദേഹം എഴുതിയിട്ടുള്ള നാലു കാവ്യങ്ങൾ നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത ഇവയാകുന്നു. ഇവയിൽ പ്രരോദനത്തിലൊഴിച്ചു ശേഷം മൂന്നു കാവ്യങ്ങളിലും സ്ഥായിയായി നില്ക്കുന്ന രസം ശൃംഗാരമാകും. സഭ്യേതരമെന്ന ശങ്കയ്ക്കുപോലും അവകാശം കൊടുക്കുന്ന ഒരൊറ്റ ശ്ലോകംപോലും ഈ കാവ്യങ്ങളിൽ കാണാൻ കഴിയുന്നതല്ല. അമ്മയച്ഛന്മാരുടേയോ, ഗുരുജനങ്ങളുടേയോ, സഹോദരീസഹോദരന്മാരുടേയോ ഒരുമിച്ചിരുന്നോ, ശ്രീനാരായണൻെറ പരിശുദ്ധസന്നിധിയിൽവച്ചുതന്നെയോ ഈ കാവ്യങ്ങൾ പാരായണംചെയ്യുന്നതിൽ ആക്കും യാതൊരു സങ്കോചത്തിനും അവകാശമില്ലാത്തവണ്ണം വാച്യമായ ശൃംഗാരപ്രയോഗത്തിൽ അത്രമാത്രം അത്യന്താഭാവം കവി വരുത്തിയിട്ടുണ്ടു്. എന്നാൽ, ആശാൻെറ കാവ്യങ്ങളിലെ നായികാനായകന്മാരുടെ അനുരാഗവ്യാപാരങ്ങൾ ഏതു തരത്തിലുള്ളവയെന്നുംകൂടി ഓമ്മിച്ചുനോക്കുക. നളിനിയിലെ നായിക അഭീഷ്ടസിദ്ധി വരാത്ത അനുരാഗപരവശതയാൽ,

"—വായു വിരമിച്ചു കേതുവിൽ
താണുപററിയ പതാകപോലെ"

നായകനായ യുവയോഗിയുടെ തോളിൽ വീണു കഥാവശേഷയാകുന്നു. ലീലയിലെ നായികാനായകന്മാർ അനുരാഗഭ്രാന്തു പിടിപെട്ടു് വിന്ധ്യാടവീതടങ്ങളിൽ ചുറ്റിക്കറങ്ങി ആത്മഹത്യചെയ്യുന്നു. ചിന്താവിഷ്ടയായ സീതയോ,

"വേണ്ടാ ഖേദമെടോ, സുതേ വരികയെ-
ന്നോതും മുനീന്ദ്രൻെറ കാൽ-
ത്തണ്ടാർ നോക്കി നടന്നധോവദനയായ്-
ച്ചെന്നസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തിയൊന്നനുശയ
ക്ലാന്താസ്യനാം കാന്തനെ-
ക്കണ്ടാൾ, പൗരസമക്ഷ,മന്നിലയിലീ
ലോകം വെടിഞ്ഞാൾ സതി."

ആയുശ്ചോരമായവിധത്തിൽ അത്യുൽക്കടമായ അനുരാഗപരവശതയാൽ വലയുന്ന നായികാനായകന്മാരുടെ മനോവ്യാപാരങ്ങളെയാണു കവി തൻെറ കാവ്യങ്ങളിൽ വർണ്ണിച്ചിരിക്കുന്നതു്. പരമപാവനങ്ങളായ ഹൃദയങ്ങളുടെ അഗാധങ്ങളായ ഹ്രദങ്ങളിൽ വിഹരിക്കുന്ന അനുരാഗത്തിൻെറ വൈശിഷ്ട്യത്തെയും വൈജാത്യത്തെയും കുറിച്ചു കുമാരനാശാൻ അവർകൾക്കുള്ള അഭിപ്രായം എന്തെന്നു നോക്കുക.

നളിനിയിലെ നായിക, നായകനോടു തനിക്കുള്ള സാത്വികമായ അനുരാഗബന്ധത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു:

"എൻെറയേകധനമങ്ങു ജീവന-
ങ്ങെൻെറ ഭോഗമതുമെൻ്റെ മോക്ഷവും;
എൻെറയീശ! ദൃഢമീപദാംബുജ-
ത്തിൻെറ സീമയതു പോകില്ലില്ല ഞാൻ."

നളിനിയുടെ അനുരാഗത്തിൻെറ സ്വഭാവം പ്രകടമായി വർണ്ണിച്ചിരിക്കുന്നതു ലീലയിലാകുന്നു:

"പഴകിയ തരുവല്ലി മാററിടാം;
പുഴയൊഴുകും വഴി വേറെയാക്കിടാം;

കഴിയുമവ; മനസ്വിമാർ മന-
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ."

ലീലയിൽ മററൊരേടത്തു ലീലയെക്കൊണ്ടു കവി അനുരാഗത്തിൻെറ അഭേദ്യതയെ ഇങ്ങനെ വർണ്ണിപ്പിച്ചിരിക്കുന്നു:

"വിഹിതാവിഹിതങ്ങളോർത്തയേ,
മഹിതം സ്നേഹമഹോ മറക്കൊലാ
ഇഹധർമ്മരഹസ്യമന്തരാ
നിഹിതം, നിത്യവിഭിന്നമാം നയം.

അറിയും ജനനീതി സീമയെ-
ത്തിറമായ്ക്കാക്കുമപൂർണ്ണരാഗികൾ
നിറയും രതി ലോകസംഗ്രഹം
കുറിയാക്കാ സഖി, ശൂന്യലാന്നിടാ.

ഉടലോർക്കുക ബാഹ്യം, ആയതിൽ
തടവും ലോകമതീവബാഹ്യമാം
സ്ഫുടസൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങനെ തോഴി, ദേഹികൾ."

പക്ഷേ, ലീലയാണിങ്ങനെ പറഞ്ഞതെങ്കിലും, നളിനിയാണ് അങ്ങനെ ചെയ്തതു്. ലീല ഗുരുജനനിർബ്ബന്ധത്തിൽ അനുരക്തനല്ലാത്ത ഒരു വരനോടുകൂടി അല്പകാലം താമസിക്കുവാനിടയായി. ആ വരൻെറ മരണാനന്തരം, അത്യന്തം പശ്ചാത്താപത്തോടുകൂടിയാണ തൻെറ ഹൃദയസ്ഥിതി പരിശോധിച്ചറിഞ്ഞു് മേൽപ്രകാരം പറയുന്നതു്.

"നളിനിയിലെ നായികാനായകന്മാർ രാജസം മിക്കവാറും വിട്ടു് സാത്വികാവസ്ഥയിൽ എത്തിനില്ക്കുന്ന പുണ്യാത്മാക്കളാണ്...അതിൻെറ അടുത്ത താണപടി

യിൽ എത്തിയിട്ടുള്ള ജീവിതങ്ങളിലെ" അനുരാഗവ്യാപാരങ്ങളാണ് ലീലയിൽ വർണ്ണിച്ചിരിക്കുന്നതെന്നു കവി തന്നെ ലീലയുടെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, പരിശുദ്ധ സാത്വികത്വത്തിൻെറയും, പരിപൂർണ്ണ രാജസത്തിൻെറയും അതിമനോഹരമായ കലപ്പാണ് ചിന്താവിഷ്ടയായ സീതയുടെ ചിന്തകളിൽ പ്രകാശിച്ചു കാണുന്നത്.

സീതയെക്കൊണ്ട് കവി അനുരാഗത്തെ ഈ വിധം സ്തോത്രം ചെയ്യിക്കുന്നു:

"സഹജാമലരാഗമേ! മനോ-
ഗുഹയേല്പം സ്ഫുടരത്നമാണു നീ.
മഹനീയമതാണു മാറില്ല-
ന്മഹമാത്മാവണിയുന്ന ഭൂഷണം.

പുരുഷന്നു പുമത്ഥഹേതു നീ
തരുണിക്കത്തരുണീഗുണങ്ങൾ നീ
നിരുപിക്കുകിൽ നീ ചമയ്ക്കു ഹാ!
മരുഭൂ മോഹന പുഷ്പവാടിയായ്.

നയമാർഗ്ഗചരക്കു ദീപമാ-
യുയരും നിൻ പ്രഭ നാകമേറുവാൻ
നിയതം നരകം നയിപ്പു നി-
ന്നയഥാ യോഗമസജ്ജനങ്ങളെ

മൃതിയും സ്വയമിന്നു രാഗമേ!
ക്ഷതിയേകില്ല നിനക്കു; വാഴ്വു നീ
സ്മൃതിയാം പിതൃലോകസീമയിൽ
പതിവായശ്രുനിവാപമുണ്ടുമേ."

പുരുഷാത്ഥസിദ്ധിക്കും, സ്വർഗ്ഗപ്രാപ്തിക്കുതന്നെയും ഇടവരുത്തുന്നതാണ് അനുരാഗമെന്നും, അതു 'മനോഗുഹ

യേല്പം സ്ഫുടരത്ത'മാണെന്നും, 'മാറിലുന്മഹമാത്മാവണിയുന്ന ഭൂഷണ'മാണെന്നും കവിക്കുള്ള അഭിപ്രായത്തിന്നനുസരിച്ചുതന്നെയാണ് തൻെറ പാത്രങ്ങളുടെ അനുരാഗവ്യാപാരങ്ങളെ കുമാരനാശാൻ തന്റെ കൃതികളിൽ പ്രതിഫലിപ്പിച്ചിട്ടുള്ളത്. മററു കവികൾ, ചിലപ്പോൾ കാളിദാസൻകൂടിയും, 'നയമാൎഗ്ഗചരക്കു നാകമേറാനുയരും പ്രഭയോട്ടുകൂടിയ ദീപ'മായിരിക്കുന്ന അനുരാഗവ്യാപാരങ്ങളെ സാമാന്യജനങ്ങളുടെ ഹൃദയങ്ങളിൽ ദുഷ്വികാരങ്ങളെ ജനിപ്പിക്കുമാറു വൎണ്ണിച്ച്, രസങ്ങളിൽ അത്യുത്തമമായ ശൃംഗാരരസത്തെ സജ്ജനങ്ങൾക്കു സങ്കോചം കൂടാതെ പരസമക്ഷം വായിക്കുവാൻ നിവ്വാഹമില്ലാത്തവിധം പ്രതിപാദിച്ചു നമ്മുടെ സാഹിത്യത്തിനു കളങ്കമുണ്ടാക്കിയിട്ടുണ്ട്. പ്രാചീനന്മാരായ കാളിദാസാദിമഹാകവികൾ ശൃംഗാരത്തെ ഈവിധം ഒളിവുകൂടാതെ പ്രയോഗിക്കുവാനുള്ള കാരണം നാം വളരെ ദൂരെയെങ്ങും അന്വേഷിച്ചു പോകണമെന്നില്ല. അക്കാലത്തെ ജനസമുദായത്തിനുണ്ടായിരുന്ന സന്മാൎഗ്ഗബോധത്തിൻെറയും നാഗരികതയുടെയും സ്ഥിതി അങ്ങനെയായിരുന്നു. ഈശ്വരസന്നിധിയിൽ ദേവദാസികളുടെ പാട്ടും കൂത്തും ഈശ്വരാരാധനയുടെ ഒഴിച്ചുകൂടാത്ത ഒരു ചടങ്ങായി സ്വീകരിച്ച മതാചാൎയ്യന്മാരുടെ ഒരു കാലമായിരുന്നു അത്. സുകൃതികൾക്കു പ്രാപ്യസ്ഥാനമായിരുന്ന സ്വൎഗ്ഗത്തിൽക്കൂടിയും ഒരു വേശ്യാവാടമുണ്ടാക്കി, നിത്യയുവതികളായ ചില സുന്ദരിമാരെയും നിയമിച്ചിട്ടുണ്ടായിരുന്നു. അന്നത്തെ മതാചാൎയ്യന്മാർ ചെയ്തുവച്ച അനത്ഥത്തിൽനിന്നു നാം ഇന്നും പൂൎണ്ണമായി മുക്തരായിട്ടില്ലാത്തതുപോലെതന്നെ, അന്നത്തെ കവികൾ തെളിച്ചുവച്ച കവിതാമാൎഗ്ഗത്തിൽനിന്നു് ഇന്നത്തെ കവികൾക്കു വ്യതിയാനം സംഭവിച്ചിട്ടില്ല. മഹാകവി കാളി

ദാസന്റെ നിര്യാണം ഒരു വേശ്യാഗൃഹത്തിൽവച്ചായിരുന്നു എന്നുള്ള ഐതിഹ്യം പ്രസിദ്ധമാണല്ലൊ. എന്നാൽ ഇന്നത്തെ നമ്മുടെ സന്മാർഗ്ഗബോധത്തിന് ഒരു വലുതായ മാറ്റം സംഭവിച്ചിട്ടുണ്ട്. വാതിൽതുറപ്പാട്ടും മാരൻപാട്ടും ഇപ്പോൾ നാട്ടിൽ കേൾപ്പാനില്ലാതെ ആയിരിക്കുന്നു. ശൃംഗാരമഞ്ജരിയും അംബോപദേശവും അച്ചടിപ്പിക്കുവാൻ പുസ്തകവ്യാപാരികൾക്കുതന്നെ മടിയായിരിക്കുന്നു. കൊക്കോകവിലാസം അച്ചടിച്ചു പ്രചരിപ്പിക്കുന്നവരെ ക്രിമിനലായി പ്രാസിക്യൂട്ടുചെയ്യിക്കുവാൻ കോടതികളും സന്നദ്ധങ്ങളായിരിക്കുന്നു. സ്ത്രീകൾക്കു വിദ്യാഭ്യാസവും സ്വാതന്ത്ര്യവും നല്കിയാൽ സദാചാരത്തിനു മുറിവുപററുമെന്നുണ്ടായിരുന്ന ഭയം നീങ്ങി, സ്ത്രീലോകത്തിനു വിദ്യയും വിവേകവും വദ്ധിച്ച്, ആകപ്പാടെ ജനസമുദായത്തിൽ ഒരു വലുതായ പരിവത്തനം സംഭവിച്ചിരിക്കുന്നു. സാന്മാർഗ്ഗികമായ ഈ പരിവത്തനത്തിനു ബാധകമായി അവശേഷിച്ചിരിക്കുന്നതു നമ്മുടെ കവികളുടെ ശൃംഗാരപ്രയോഗങ്ങളും, തമിഴ്നാട്ടുകളിൽനിന്ന് ഇങ്ങോട്ടു കെട്ടിക്കേറിയിരിക്കുന്ന സംഗീതനാടകവുമാകുന്നു. ഈ ഒടുവിൽ പറഞ്ഞ കൂട്ടർ ജനസമുദായത്തിന്റെ സദാചാരധ്വംസകമായവിധത്തിൽ കാട്ടിക്കൂട്ടുന്ന ഗോഷ്ഠികളും അവർമൂലം സാഹിത്യത്തിനും, നടനകലയ്ക്കും, സംഗീതകലയ്ക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന അധഃപതനവും അത്യന്തം ശോചനീയമായിട്ടുള്ളതാകുന്നു. എന്നാൽ അവർ കേവലം ദ്രവ്യസമ്പാദനതല്പരതയോടുകൂടി ഒരു ജീവികാവൃത്തി സ്വീകരിച്ചിരിക്കുന്ന അപണ്ഡിതരായ സാമാന്യജനങ്ങളാകയാൽ അവരുടെയും അവരുടെ പടിയിൽ മാത്രം എത്തിയ നമ്മുടെ സംഗീതനാടകകവികളുടെയും ശൃംഗാരകവനങ്ങളേയും, ദൂഷിച്ച

നാടകാഭിനയങ്ങളേയും ഒരുവിധം ക്ഷമിക്കാം. നല്ല പണ്ഡിതന്മാരും പ്രസിദ്ധന്മാരും, അന്യഥാ മാന്യന്മാരുമായ നമ്മുടെ ഒന്നാം തരത്തിൽപ്പെട്ട കവികളുടെ വെൺപൊരുളായ ശൃംഗാരപ്രയോഗങ്ങൾ ക്ഷമിക്കുവാൻ നമ്മുടെ ഇക്കാലത്തെ Standard of morality തീരെ അനുവദിക്കയില്ല. കുമാരനാശാൻ അവർകളുടെ കവിതയിൽ ഈ ദോഷത്തിന്റെ സ്പർശലേശമില്ലെന്നു് എത്ര വിപരീതദൃഷ്ടിയോടുകൂടി അദ്ദേഹത്തിൻെറ കവിത വായിക്കുന്നവരും സമ്മതിക്കുന്നതാണു്. അദ്ദേഹത്തിൻെറ ചില കാവ്യങ്ങളിൽ ശൃംഗാരരസം സ്ഥായിയായി നില്ക്കുന്നുണ്ടെങ്കിലും, കവിതയുടെ സാർവ്വത്രികമായ പരിശുദ്ധിയിൽ ശൃംഗാരരസം അതിലുണ്ടെന്നു സാമാന്യന്മാക്കു തോന്നുകതന്നെയില്ല. ഇത്ര വിദഗ്ദ്ധതയോടെ ശൃംഗാരരസത്തെ ഗോപനംചെയ്യുന്നതിനു ശൃംഗാരകവനത്തിൽ അതിവിദഗ്ദ്ധനായ കാളിദാസനുപോലും കഴിഞ്ഞിട്ടില്ല. മലയാളസാഹിത്യത്തിന്റെ ആധുനികസ്ഥിതിയിൽ കാണുന്ന പരിവത്തനത്തിനു് ആശാൻെറ കവിതാപ്രസ്ഥാനങ്ങൾ നിദാനമായിത്തീന്നിട്ടുണ്ടെന്നു് സാഹിത്യചരിത്രം സൂക്ഷ്മതയോടെ പരിശോധിച്ചു നോക്കുന്നവക്കു കാണാവുന്നതാണു്. മലയാളകവികളുടെ ശൃംഗാരരസപ്രയോഗരീതിക്കും അദ്ദേഹത്തിൻെറ കാവ്യങ്ങൾ ഒരു പരിവത്തനമുണ്ടാക്കുമെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതാണു്.

ആശാന്റെ കവിത വായിക്കുന്നവക്കു് അവർ കവിതയിൽ തന്മയന്മാരായി ലയിച്ചിരിക്കുന്ന സമയംമുഴുവനും അവർ നിത്യം പരിചയിച്ചിരിക്കുന്ന ലോകത്തിൽനിന്നു വളരെ ഉയന്ന ഒരു ഉൽകൃഷ്ടവും പരിശുദ്ധവുമായ ലോകത്തിലെത്തി നിർവൃതി അനുഭവിക്കുന്നതുപോലെ ഒരു സുഖവും പാവനവികാരങ്ങളും അവരുടെ മനസ്സിനു് അനുഭ

വമാകുന്നതാണ്. കാവ്യത്തിൻെറ പരമപ്രയോജനം അതുതന്നെയാകുന്നു. ഒരു സമുദായനായകൻെറ നിലയിൽ ആശാൻ അവർകൾക്കുള്ള ഉൽകൃഷ്ടമായ ചുമതല തൻെറ കവിതകളെക്കൊണ്ടു മററാക്കും സാധിക്കാൻ കഴിയാത്ത വിധം അദ്ദേഹം നിർവഹിച്ചിരിക്കുന്നു. ആശാൻെറ കവിതകൾ പഠിക്കുകയും നിത്യം പാരായണംചെയ്യുകയും ചെയ്യുന്നതുകൊണ്ടുള്ള വലിയ പ്രയോജനം അതു മനസ്സിനെ ശുദ്ധീകരിക്കുകയും, മനസ്സിൽ പാവനവികാരങ്ങളെ ജനിപ്പിക്കുകയും അവക്കു വിപരീതമായ വികാരങ്ങളെ ജനിപ്പിക്കുന്ന കവിതകളിലും വിഷയങ്ങളിലും വിരക്തിയുണ്ടാക്കുകയും ചെയ്യുമെന്നുള്ളതാകുന്നു. ഇങ്ങനെ ഒരു മനഃസ്ഥിതി ഒരു ജനസമുദായത്തിനുണ്ടാക്കിത്തീക്കുവാൻ കഴിയുന്നതിൽ കൂടുതലായി ഒരു സമുദായത്തിനു് ഒരു സമുദായനായകനു വരുത്തുവാൻ കഴിയുന്ന ഉൽക്കഷം ഒന്നുംതന്നെ ഇല്ല.

ആശാന്റെ കവിതക്കുള്ള മറ്റൊരുൽക്കഷ്വം ആശാൻെറ കവിതയെ സംബന്ധിച്ചു ചിലർ ദോഷാരോപണംചെയ്യുന്നതിനുള്ള ഹേതുവുംകൂടി എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതാണ്. കാവ്യം പ്രപഞ്ചമുകുരമാണല്ലോ. പ്രപഞ്ചത്തിനു് ആഭ്യന്തരമെന്നും ബാഹ്യമെന്നും രണ്ടു വിഭാഗങ്ങളുണ്ടു്. ബാഹ്യപ്രപഞ്ചത്തെ സൂക്ഷ്മമായ കവിതാമുകുരത്തിൽ പ്രതിബിംബിപ്പിക്കുന്നതിനു മിക്ക മഹാകവികൾക്കും കഴിഞ്ഞിട്ടുണ്ടു്. ആഭ്യന്തരപ്രപഞ്ചവ്യാപാരങ്ങൾ മനസ്സിൽ സംഭവിച്ചുകൊണ്ടിരിക്കുന്നവയാകുന്നു. മനസ്സിൻെറ മേൽത്തട്ടിൽ ഉണ്ടാകുന്ന ക്ഷോഭങ്ങളും ചുഴലികളും സാമാന്യന്മാക്കും അനുഭവമുള്ളതും, സാമാന്യകവികൾക്കു തന്മയത്വത്തോടുകൂടി വണ്ണിച്ചു ഫലിപ്പിക്കുവാൻ സാധിക്കുന്നതും, സാധിച്ചിട്ടുള്ളതുമാകുന്നു.

എന്നാൽ മനസ്സിൻെറ അടിത്തട്ടിലിറങ്ങി അവിടെയുള്ള വ്യാപാരങ്ങളെ അറിയുന്നതിനും, അറിഞ്ഞപ്രകാരം അവയെ വർണ്ണിച്ചു ഫലിപ്പിക്കുന്നതിനും സാമാന്യകവികൾക്കു കഴിയുന്നതല്ല. അപാരമായ പാണ്ഡിത്യവും, അന്തരിന്ദ്രിയവ്യാപാരങ്ങളെ ഗ്രഹിക്കുവാനുള്ള മനോനിയന്ത്രണശക്തിയും സമ്പാദിച്ചിട്ടുള്ളവൎക്കല്ലാതെ ഹൃദയത്തിൻെറ അഗാധങ്ങളായ ഹ്രദങ്ങളിൽ അവഗാഹനംചെയ്ത് അവിടെയുണ്ടാകുന്നതും, പരമാത്മചൈതന്യത്തിൻെറ വിസ്ഫുരണങ്ങളായി മനസ്സിൽ പ്രതിബിംബിക്കുന്നതുമായ സുസൂക്ഷ്മവികാരങ്ങളെ ഗ്രഹിക്കുവാനും, ഗ്രഹിച്ചപ്രകാരം അവയെ വർണ്ണിച്ചു വായനക്കാരുടെ മനസ്സിലും തത്തുല്യമായ വികാരങ്ങളെ ജനിപ്പിക്കുവാനും കഴിയുന്നതല്ല. കുമാരനാശാൻെറ കവിതകൾ പകൎത്തിക്കാണിച്ചിരിക്കുന്നതു മിക്കവാറും മനസ്സിൻെറ അഗാധമായ ഉള്ളറകളിൽ ഉണ്ടാകുന്ന വികാരങ്ങളാകുന്നു. പരമാത്മചൈതന്യത്തോടു മനസ്സിൻെറ ആ ഭാഗത്തിനുള്ള സാമീപ്യംനിമിത്തം അവ അത്യന്തം പരിശുദ്ധങ്ങളും, വായനക്കാരുടെ മനസ്സിലും പരിശുദ്ധവിചാരങ്ങളെ ജനിപ്പിക്കുന്നതിനു ശക്തങ്ങളും ആയിരിക്കുന്നതിനെക്കുറിച്ച് അത്ഭുതപ്പെടാനില്ല. എന്നാൽ മനസ്സിൻെറ മേൽത്തട്ടിലുള്ള ഓളങ്ങളിലും ഒഴുക്കുകളിലും കിടന്നു നീന്തിക്കളിക്കുന്ന സാമാന്യവായനക്കാൎക്ക്, ആഭ്യന്തരപ്രപഞ്ചമുകുരമായ ആശാൻെറ കാവ്യങ്ങളുടെ ആശയം അവ്യക്തമായിരിക്കുന്നു എങ്കിൽ അതു് ആശാൻെറ കുററമല്ല. കുററം തങ്ങളുടേതാണെന്നു മനസ്സിലാക്കാൻ കഴിയാത്ത ഉപരിപ്ലവബുദ്ധികളായ വായനക്കാർ അപരാധം ആശാൻെറ ഭാഷയിലാണു കൊണ്ടുചെന്നു ചുമത്തുന്നതു്. 'നല്ലോരുകണ്ടം, കട്ടതട്ടിയിട്ടു നടക്കാൻ മേലാ' എന്നു് ആശാൻെറ ഭാഷാരീതിയെ ഉദ്ദേശിച്ചു്

അപലപിക്കുന്നവരോട് എനിക്കു പറയാനുള്ള സമാധാനം, 'കട്ടതട്ടാതെ സുഖമായി നടക്കാവുന്ന കണ്ടങ്ങൾ പുല്ലുകരുക്കാത്ത പൂഴിക്കണ്ടങ്ങളാകുന്നു' എന്നുമാത്രമാകുന്നു.

ഇത്ര അസാമാന്യമഹാകവിയായിരിക്കുന്ന രാജശ്രീ കുമാരനാശാൻ അവർകൾക്കു സാൎവ്വഭൗമകുമാരനിൽനിന്നു സംഭാവന ലഭിച്ചതിനെ അനുമോദിക്കുവാനായി കൂടിയിരിക്കുന്ന ഈ മാന്യസദസ്സിൽ ഒരു അപണ്ഡിതനെന്നു നിങ്ങൾക്കുതന്നെ അറിയാവുന്ന എന്നെ പണ്ഡിതമാത്രസാദ്ധ്യമായ ഈ വേലയ്ക്കു നിയോഗിച്ചതിൽ നിങ്ങൾ എനിക്കുംകൂടി ഒരു ബഹുമതിയാണു ചെയ്തിരിക്കുന്നതു്. കുമാരനാശാനവർകൾക്കു ബാല്യമായിരിക്കുമ്പോൾ അദ്ദേഹംതന്നെ തൻെറ കവിത മററുള്ളവൎക്കു സ്വീകാൎയ്യമായിരിക്കുമോ എന്നു സംശയിച്ചു സമാധാനപ്പെട്ടതിങ്ങനെയായിരുന്നു:

"ചേറിൽനിന്നുയരിലും സരോരുഹം
നാറുമോ, കളയുമോ മരാളകം?"

ഈ സമാധാനവും ധൈൎയ്യവുംതന്നെയാണു്, തൻെറ കവിതാപരിമളം കൊററിക്കു നാറിയെങ്കിലും മരാളകത്തിന്റെ അഭിനന്ദനത്തിനു പാത്രമാക്കിത്തീൎത്തതു്. ഈ ധൈൎയ്യവും സമാധാനവും സമുദായത്തിൽ സാൎവ്വത്രികമായി പരക്കുവാൻ ജഗന്നിയന്താവു സഹായിക്കട്ടെ എന്നു പ്രാൎത്ഥിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

# ദുരവസ്ഥ

കുമാരനാശാൻ അവർകളുടെ ഈ നൂതനകൃതി പുറത്തായപ്പോൾ, ഇതു കേരളീയരുടെ ഇടയിൽ ഒരു ചുഴലി ഉണ്ടാക്കാതിരിക്കയില്ല എന്നു് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതാണു്. കേരളീയ ഹിന്ദുജനസമുദായത്തെ ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്ന പല സാമുദായികരോഗബീജങ്ങളെയും അടിച്ചുപറത്തുന്നതിനു് ആ ചുഴലി ഉപകാരപ്പെട്ടേക്കാമെന്നു ഞങ്ങൾക്കു തോന്നിയിരുന്നതിനാൽ ദുരവസ്ഥയുടെ ആവിർഭാവത്തെ സകൗതുകം സല്ക്കരിക്കയാണു് ഞങ്ങൾ ചെയ്തതു്. ഒരു ചുഴലി ഉണ്ടാകുമെന്നു് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നെങ്കിലും, പ്രതീക്ഷിച്ചിരുന്നേടത്തു് എങ്ങുനിന്നുമല്ല അതിന്റെ പുറപ്പാടു്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽനിന്നു് ലോകത്തിനു പല നല്ല പാഠങ്ങളും പഠിക്കാനുണ്ടായിരുന്നപോലെ, മലബാറിലെ മാപ്പിള ലഹളയിൽനിന്നു മലയാളികൾക്കും പല നല്ല പാഠങ്ങളും പഠിക്കുവാനുണ്ടായിരുന്നു. ഓരോ ചിന്തകന്മാരും അവരവരുടെ പ്രതിഭാവിലാസംപോലെ ഓരോ പാഠങ്ങളാണു് ഈ മഹാസംഭവങ്ങളിൽനിന്നു ലോകത്തിനു് ഉപദേശിച്ചുകൊടുത്തിട്ടുള്ളതു്. കുമാരനാശാൻ അവർകൾ ഈ ലഹളയിൽനിന്നു് എല്ലാവർക്കും വിശദമായി വെളിപ്പെട്ടതും, സമാധാനകാലത്തു് അലസതകൊണ്ടു് എല്ലാവരും മറന്നുപോകാൻ ഇടയുള്ളതുമായ കേരളീയ ഹിന്ദുക്കളുടെ ചില പഴയ ദുരാചാരദുരവസ്ഥകളെ ശക്തിയായും, എന്നാൽ അസൂയക്കാരല്ലാത്ത ആർക്കും പരിഭവിക്കാൻ ഇട

---

**കേരളകൗമുദി—1098 ധനു 6**

കൊടുക്കാത്ത രീതിയിലും, വെളിപ്പെടുത്തിക്കൊണ്ടു് ഒരു കാവ്യം നിൎമ്മിച്ചു. അതിൽ മാപ്പിളലഹളക്കാലത്തു് ലഹളക്കാർ യഥാൎത്ഥത്തിൽ നടത്തിയതൊ, യഥാൎത്ഥത്തിൽ നടത്തിയതെന്നു് എല്ലാവരും പരസ്യമായി പറഞ്ഞുവരുന്നതൊ ആയ സംഭവങ്ങളെ വിവരിച്ചു്, ലഹളക്കാരുടെ നിഷ്ഠുരകത്വത്തെ വെളിപ്പെടുത്തുവാനായി അവരെ ദുഷ്ടന്മാരെന്നും, ക്രൂരന്മാരെന്നും, രാക്ഷസന്മാരെന്നും കവിസാധാരണമായ വിശേഷണപദങ്ങളേയും കവി ഉപയോഗപ്പെടുത്തി. ഈ വിശേഷണങ്ങൾ ലഹളക്കാൎക്കല്ലാതെ, അവരുടെ വൎഗ്ഗക്കാരിലൊ മതക്കാരിലൊപെട്ട നിരപരാധികൾക്കും യോഗ്യന്മാൎക്കുംകൂടി സംബന്ധിക്കും എന്നു വിചാരിക്കാൻ കാൎയ്യമൊന്നുമില്ലെങ്കിലും, മാന്യന്മാരായ ചില മുഹമ്മദീയർ ആവക പദപ്രയോഗങ്ങൾ മുഹമ്മദീയലോകത്തിനു പൊതുവേ ആക്ഷേപകരമായിത്തീൎന്നിരിക്കുന്നു എന്നു് വ്യക്തമായി പ്രതിഷേധംചെയ്യുന്നു. ആശാൻ അവർകളുടെ ഉദ്ദേശശുദ്ധിയിൽ ഞങ്ങൾക്കു ലേശം സംശയമില്ലെങ്കിലും, ഈ കൃതി ഉദ്ദേശിക്കുന്ന ദുരവസ്ഥയെ വെളിപ്പെടുത്തുന്നതിനു് ഈവക പദപ്രയോഗങ്ങൾ ആവശ്യമാണെന്നു് ഞങ്ങൾ വിചാരിക്കുന്നില്ല. സാഹിത്യധൎമ്മം അനുസരിച്ചു് ആ പ്രയോഗങ്ങൾക്കു നിരാക്ഷേപമായ സമാധാനം പറയുവാൻ കഴിയുമെന്നു് ഞങ്ങൾ അറിയുന്നുണ്ടെങ്കിലും, മുഹമ്മദീയസമുദായത്തിലുണ്ടായിട്ടുള്ള ഈ തെററിദ്ധാരണയെ സമാധാനം പറഞ്ഞു് സാധൂകരിക്കാൻ ശ്രമിക്കുകയേക്കാൾ, അവരിൽ മാന്യന്മാരുമായി ആലോചിച്ചശേഷം, ആക്ഷേപകരമെന്നു ശരിയായിട്ടായാലും തെററായിട്ടായാലും അവർ യഥാൎത്ഥത്തിൽ വിശ്വസിക്കുന്ന പദപ്രയോഗങ്ങളെ ദുരവസ്ഥയിൽനിന്നു നീക്കിക്കളവാൻ ശ്രമിക്കുന്നതാണു നന്നെന്നു

ഞങ്ങൾക്കു തോന്നുന്നു. ഇതിനെ സംബന്ധിച്ച് ആലപ്പുഴയിൽ കൂടിയ മുസ്ലീംയോഗത്തിൽ പാസാക്കി, കുമാരനാശാൻ അവർകൾക്ക് അയച്ച ഒരു നിശ്ചയത്തിൻെറയും, അതിന് ആശാൻ അവർകൾ അയച്ച മറുപടിയുടെയും പകർപ്പുകൾ ഇവിടെ അയച്ചുകിട്ടിയതു് അന്യത്ര ചേർത്തിട്ടുണ്ടു്. ദുരവസ്ഥയെക്കുറിച്ച് ബഹളമായ നിരൂപണം പല പത്രങ്ങളിലും ഇപ്പോൾ ആരംഭിച്ചിട്ടുണ്ടു്. അതു ചുഴലിയായി ധാരാളം പൊടിയിളക്കുകയും, കുറെ പുല്ലു പറിക്കുകയും ചെയ്യും.

## ആലപ്പുഴ മുസ്ലീം യുവജനസംഘത്തിൻെറ പ്രമേയം (23-4-'98)

"എൻ. കുമാരനാശാൻ അവർകൾ രചിച്ചിട്ടുള്ള 'ദുരവസ്ഥ' എന്ന പദ്യകൃതിയിൽ ഇസ്ലാംമതത്തേയും സമുദായത്തേയും അകാരണമായും അടിസ്ഥാനരഹിതമായും അവഹേളിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന ഒട്ടനേകം പ്രയോഗങ്ങൾ കാണുന്നതിനാൽ, പ്രസ്തുത കൃതിയോടു മുസ്ലിമീങ്ങൾക്കുള്ള വെറുപ്പിനെ ഈ യോഗം രേഖപ്പെടുത്തുന്നു. പരസ്പരം സൗഹാർദ്ദത്തിൽ വർത്തിച്ചുവരുന്ന ഹിന്ദുമുസ്ലിം സമുദായങ്ങളെ ഭിന്നിപ്പിക്കാതിരിക്കുന്നതിനും, മുസ്ലിമീങ്ങൾക്കുണ്ടായിട്ടുള്ള അവജ്ഞയെ ഇല്ലാതാക്കുന്നതിനുംവേണ്ടി പ്രസ്തുത കൃതിയുടെ പ്രസിദ്ധീകരണത്തെ പിൻവലിക്കണമെന്നു് ഈ യോഗം അദ്ദേഹത്തോടു് ആവശ്യപ്പെടുന്നു."

## ആശാൻെറ മറുപടി

തോന്നയ്ക്കൽ
98 വൃശ്ചികം 28

മുസ്ലിം യുവജനസംഘം കാര്യദശി അവർകൾക്കു്,
ആലപ്പുഴ.

മാന്യരെ! നിങ്ങളുടെ 24-ാം തീയതിയിലെ കത്തും 'പ്രതിഷേധയോഗ'ത്തിലെ പ്രമേയത്തിൻെറ പകർപ്പും കിട്ടി.

'ദുരവസ്ഥ' എന്ന എൻെറ കൃതിയിൽ നിങ്ങളുടെ മതത്തേയും സമുദായത്തേയും പൊതുവേ സ്പശിക്കുന്നതായി സഭ്യേതരമായ യാതൊരു വാക്കും പ്രയോഗിച്ചിട്ടുള്ളതായി ഓക്കുന്നില്ല. മലബാറിൽ ലഹള നടത്തിയ അക്രമികളായ മുഹമ്മദീയരേയും, മതഭ്രാന്തിനെ മുൻനിറുത്തിയുള്ള അവരുടെ പൈശാചികപ്രവൃത്തികളേയും അതിൽ കാവ്യയോഗ്യമായ വിധത്തിൽ വണ്ണിച്ചിട്ടുണ്ടു്. ആ സന്ദഭ്ങ്ങളിൽ രസാനുഗുണമായും, ലഹളയെ സംബന്ധിച്ചു ഞാൻ അറിഞ്ഞിട്ടുള്ള വാസ്തവങ്ങളെ അടിസ്ഥാനമാക്കിയും ചെയ്തിട്ടുള്ള പദപ്രയോഗങ്ങൾ അവരേയും അവരുടെ പ്രവൃത്തികളേയും മാത്രം കുറിക്കുന്നവയാണു്. ദൂരസ്ഥമായ മതത്തേയോ സമുദായത്തേയോ അതുകൾ വിവക്ഷിക്കുന്നില്ല. ശാന്തമായ മനഃസ്ഥിതിയോടുകൂടി പുസ്തകം ദയ ചെയ്തു് ഒരിക്കൽക്കൂടി വായിച്ചുനോക്കിയാൽ, വാസ്തവം നിങ്ങൾക്കുതന്നെ വെളിവാകുന്നതാണു്.

ആ കൃതിയുടെ ഉദ്ദേശ്യംതന്നെ സമുദായപരിഷ്കരണമാകുന്നു. ഒരു കാവ്യത്തിൽ ദോഷങ്ങളെ ദൃഷിപ്പിക്കുന്നതു് അവയിൽനിന്നു മുക്തമാക്കി വ്യക്തികളേയും സമുദായത്തേയും ശുദ്ധീകരിക്കണമെന്നുള്ള സദുദ്ദേശ്യത്തോടു

കൂടിയാണ്. ഈ കൃതിയിലും അപ്രകാരമേ ചെയ്തിട്ടുള്ളൂ. ഹിന്ദുമതത്തിലേയും മുഹമ്മദ്ദമതത്തിലേയും ഉത്തമാദർശങ്ങൾക്കും, രണ്ടു മതത്തിലേയും ഉത്തമാനുയായികൾക്കും അതിൽ ആക്ഷേപാർഹമായി ഒന്നും ഉണ്ടായിരിക്കയില്ലെന്നാണ് എൻെറ ദൃഢമായ വിശ്വാസം.

വിശേഷിച്ചും പല സംഗതിയിലും എനിക്കു ബഹുമാനമുള്ള മുസ്ലീംമതത്തേയും, അനവധി യോഗ്യന്മാരും എനിക്കുതന്നെ പല മാന്യസ്നേഹിതന്മാരുമുള്ള നിങ്ങളുടെ സമുദായത്തേയും വൃഥാ ആക്ഷേപിച്ച് അതൃപ്തി സമ്പാദിപ്പാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ഈ കൃതി എഴുതാൻ ഞാൻ സമയവ്യയംചെയ്തതെന്നു തീരുമാനിക്കുന്നതു കഷ്ടമല്ലെ?

അതുകൊണ്ട്, വൃഥാ തെററിദ്ധരിച്ചു ക്ഷോഭമുണ്ടാക്കാതിരിപ്പാൻ പ്രതിഷേധയോഗക്കാരോടു ഞാൻ സ്നേഹപൂർവ്വം അപേക്ഷിക്കുന്നതായി അറിയിപ്പാൻ താൽപര്യപ്പെടുന്നു.

എന്ന്, എൻ. കുമാരനാശാൻ

SAHGUPTA PUBLIC LIB... KOZHIKODE.

# കുചേലവൃത്തവും കരുണയും

ഈയിടെ പുറപ്പെട്ട 'സഹൃദയ' മാസികയിൽ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകൾ രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിനേയും കുമാരനാശാൻെറ കരുണ വഞ്ചിപ്പാട്ടിനേയും താരതമ്യപ്പെടുത്തി ഒരു നിരൂപണം ചെയ്തു കാണുന്നു. സാഹിത്യപഞ്ചാനനനെന്നു പ്രസിദ്ധമായ ബിരുദം ധരിക്കുന്ന ഒരു പണ്ഡിതൻെറ നിരൂപണവും, അതു പ്രസിദ്ധപണ്ഡിതന്മാരായ ഏഴുപേരുടെ പ്രസാധകത്വത്തിൽ പുറപ്പെട്ടിരിക്കുന്ന സഹൃദയമാസികയിൽ പ്രഥമസ്ഥാനം നല്കി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന നിരൂപണവുമാകയാൽ, കഥയില്ലാത്തവരുടെ നിരൂപണങ്ങളിൽ പെടുത്തി, അഗണ്യകോടിയിൽ തള്ളിക്കളയാവുന്നവയല്ല.

'രാമപുരത്തുവാര്യരുടെ കൃതിയായ കുചേലവൃത്തം വഞ്ചിപ്പാട്ട് അന്യാദൃശമായ ഒരു കൃതിയാണെ'ന്നു സാഹിത്യപഞ്ചാനനനുള്ള അഭിപ്രായത്തെക്കുറിച്ച് ആർക്കും വിപ്രതിപത്തിയില്ല. ആ കൃതിയെക്കുറിച്ചു സഹൃദയയിൽ മി. പി. കെ. ഉപന്യസിച്ചിരുന്ന സാരമായ കാര്യങ്ങളെല്ലാം മി. കെ. ആർ. കൃഷ്ണപിള്ള ബി. എ., ബി. എൽ. അതിനെ പ്രസാധനം ചെയ്തു പ്രസിദ്ധപ്പെടുത്തിയതിൽ ചേർത്തിരുന്ന മുഖോപന്യാസത്തിൽ കുറേക്കൂടി വിശദമായും ഭംഗിയായും പ്രതിപാദിച്ചിട്ടുണ്ടായിരുന്നു എന്നു തോന്നുന്നു. അന്ന് ആശാൻെറ 'കരുണ' അവതരിച്ചിട്ടുണ്ടായിരുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ, ആ സഹൃദയൻ ഈ

---

കേരളകൗമുദി—21-3-1111

രണ്ടു കൃതികളേയും താരതമ്യപ്പെടുത്തുന്ന സാഹസത്തിനു് ഒരുമ്പെടുകയുമില്ലായിരുന്നു.

'കുചേലവൃത്തത്തിന്റെ അധിപ്രസരം കരുണയിൽ കാണ്മാനുണ്ടോ, കരുണ എത്രമാത്രം സ്വതന്ത്രമാണു്?' ഈ വിചാരണകഴിച്ചു പണ്ഡിതനായ പഞ്ചാനനജഡ്ജി കണ്ടുപിടിച്ച ഒരു തെളിവു മതിയായ തെളിവുതന്നെയോ എന്നു പരിശോധിച്ചു നോക്കുക.

"കുചേലസന്ദർശനത്തിൽ ശ്രീകൃഷ്ണനുണ്ടായ ബാഷ്പോൽഗമം വർണ്ണിക്കുമ്പോൾ,

'ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ?'

എന്നു വാര്യർ ചോദിക്കുന്നു. വാസവദത്ത ഭസ്മീഭവിച്ച ശേഷം ഉപഗുപ്തനുണ്ടായ ബാഷ്പധാരയെ,

'ഉൽക്കടശോകതിക്തമല്ലോക്കുകിലിന്നയനാംബു
ദുഃഖസത്യജ്ഞനദ്ധീരൻ കരകയില്ല.'

എന്നു് ആശാൻ വർണ്ണിക്കുന്നു. ഇവിടെ ഒരേ ആശയം അന്യഥാ പ്രതിപാദിതമായി എന്നല്ലാതെ പറയാനില്ല" എന്നു് സാഹിത്യപഞ്ചാനനൻ ശപഥം ചെയ്യുന്നു. 'ഒരേ ആശയംതന്നെ അന്യഥാ പ്രതിപാദിത'മായിത്തീർന്നിട്ടുള്ള ദൃഷ്ടാന്തങ്ങൾ അന്യോന്യം കാണുകയൊ കേൾക്കുകയൊ പോലും ചെയ്തിട്ടില്ലാത്ത വിഭിന്നദേശീയരായ കവികളുടെ കൃതികളിൽപ്പോലും സുലഭമാണെന്നുള്ള കഥ ഇരിക്കട്ടെ. മി. പി. കെ. ഈ നിരൂപണസാഹസത്തിനൊരുങ്ങിയപ്പോൾപോലും, ആശാന്റെ കൃതി ശ്രദ്ധിച്ചല്ല വായിച്ചതെന്നുള്ളതിനു മേലുദ്ധരിച്ച ഭാഗത്തിൽത്തന്നെ രണ്ടു തെളിവുകൾ ഉണ്ടു്. ഒന്നാമതു്, ഉപഗുപ്തനു് പി. കെ. പറയുമ്പോലെ 'ബാഷ്പധാര'യേ ഉണ്ടായില്ല.

"ആ മഹാനെൻറ കണ്ണിൽനിന്നാച്ചാമ്പലി-
ലൊരശ്രുകണം
ആമലകീഫലംപോലെ അടൻവീണു."

എന്നാണു് ആശാൻ പാടിയിരിക്കുന്നതു്. 'ഒരു അശ്രുകണം' ബാഷ്പധാരയാവുകയില്ലല്ലോ. 'ദുഃഖസത്യജ്ഞനദ്ധീരൻ' എന്നു് ആശാൻ എഴുതിയതിനെ 'ദുഃഖസത്യജ്ഞാനധീര'നെന്നു് പി. കെ. ഒന്നു തിരുത്തി എഴുതിയതിൽ അർത്ഥദോഷമില്ലെങ്കിലും, അശ്രദ്ധയ്ക്കു് അതും ഒരു തെളിവാണു്. ബുദ്ധമതക്കാർക്കുള്ള 'നാലു് ആര്യസത്യങ്ങളിൽ ഒന്നാമത്തേതാണു് ദുഃഖസത്യം' എന്നു് കരുണയിൽ ആശാൻതന്നെ കൊടുത്തിട്ടുള്ള 'ഫുട്ട്നോട്ടു്' നോക്കിയിരുന്നുവെങ്കിൽ, വാര്യരുടെ 'ആശയം അന്യഥാ പ്രതിപാദിത'മായതല്ല ആശാന്റെ കൃതിയിൽ കാണുന്നതെന്നു് പഞ്ചാനനനു ബോധപ്പെട്ടുമായിരുന്നു. ഈ സംഗതി രണ്ടു കൃതികളിലെയും താഴെപ്പറയുന്ന വരികൾ സൂക്ഷിച്ചു വായിച്ചാൽ മനസ്സിലാകുന്നതാണു്:

"അന്തണനെക്കണ്ടിട്ടു സന്തോഷംകൊണ്ടോ
തസ്യ ദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ
എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു, ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളു?"

[കുചേലവൃത്തം]

കുചേലനെ കണ്ടപ്പോൾ ശ്രീകൃഷ്ണൻ കണ്ണുനീരണിഞ്ഞതു 'സന്തോഷം'കൊണ്ടോ, 'സന്താപം'കൊണ്ടോ എന്തുകൊണ്ടെന്നു കവി സന്ദേഹിക്കുന്നു. 'ധീരനായ' ശ്രീകൃഷ്ണൻ കരഞ്ഞിട്ടില്ലാത്തതുകൊണ്ടു് 'സന്താപ'മല്ല കണ്ണീരിനു ഹേതുവെന്നു് കവിതന്നെ മനസ്സിലാക്കുന്നു. നിർമ്മ

നായ കൃഷ്ണനു സ്നേഹിതനെ കണ്ടുണ്ടായ 'സന്തോഷം'കൊണ്ടു കണ്ണുനീരുണ്ടായതല്ലെന്നു കവി പറഞ്ഞിട്ടില്ലാത്തതിനാൽ, കണ്ണുനീരിനു ഹേതു 'സന്തോഷ'മാണെന്നു വായനക്കാർ മനസ്സിലാക്കിക്കൊള്ളട്ടെ എന്നാണോ കവിയുടെ ആശയം എന്നറിഞ്ഞുകൂട.

"അന്തണനെക്കണ്ടിട്ടു...ശൗരി കണ്ണുനീരണിഞ്ഞതു്" എന്തുകൊണ്ടാണെന്നു് വാര്യർ മററൊരു ദിക്കിൽ സൂചിപ്പിച്ചിട്ടില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

"അന്തണരിലേകനെന്നാൽ കഴിഞ്ഞു കൃഷ്ണനെത്രയും
ജന്തുവായ ജളനേയും പ്രസാദിപ്പിക്കും."

ഇങ്ങനെ ജളനായ അന്തണനെപ്പോലും കാണുമ്പോൾ എല്ലാം കഴിയുന്ന കൃഷ്ണനു സതീർത്ഥ്യനായ അന്തണനെ കണ്ടപ്പോൾ ധീരതയിളകി കണ്ണീരുണ്ടാവാൻ കാരണമന്വേഷിച്ചു സന്ദേഹത്തിൽ നിറുത്തേണ്ട ആവശ്യമുണ്ടായിരുന്നില്ല.

ഇനി ആശാൻ പറഞ്ഞിരിക്കുന്നതെന്തെന്നു നോക്കാം. വാസവദത്തയുടെ ദഹനം കഴിഞ്ഞു്,

"ഹാ! മിഴിച്ചുനിന്നവനങ്ങമ്മധുരയിലെ മുഖ്യ-
കാമനീയകത്തിൻ ഭസ്മകദംബം കണ്ടു!
ആ മഹാന്റെ കണ്ണിൽനിന്നച്ചാമ്പലിലൊരശ്രുകണ-
മാമലകീഫലംപോലെയടന്നുവീണു.

ഉൽക്കടശോകതികതമല്ലോക്കുകിലന്നയനാംബു
ദുഃഖസത്യജ്ഞനദ്ധീരൻ കരകയില്ല;
തൽകൃതാത്മതാസുഖത്തേൻതുള്ളിയല്ലതു, ജന്തുവി-
നുൽക്രമണത്തിൽ മോദിക്കാ ഹൃദയാലുക്കൾ;
ക്ഷിപ്രസിദ്ധികണ്ടതിന്ന വിസ്മയരസവുമല്ല-
തതുതചാപല്യം ഹേതുദർശിയാന്നിടാ;

കരുതാം മററൊന്നല്ലതു 'കരുണ'തൻകയത്തിലെ-
പ്പുരിണതോജ്ജ്വലമുക്താഫലമല്ലാതെ."

'ദുഃഖസത്യം' ബൗദ്ധഭിക്ഷുക്കൾ 'ആഹ്ത'ന്മാരാകുന്നതിന്ന് അഹ്രായിത്തീരുംമുമ്പ് അവശ്യം ഗ്രഹിച്ചിരിക്കേണ്ട നാല്' 'ആര്യസത്യ'ങ്ങളിൽ ഒന്നാണെന്നു മുമ്പേ പറഞ്ഞുവല്ലോ. വാര്യരുടെ'ധീരനും' ആശാൻെറ ധീരനും ഒന്നല്ല. വാര്യരുടെ ധീരൻ അമ്മാവനായ,

"കംസനെ മഞ്ചത്തിന്നന്തിക്കാതംവഴി ദൂരത്തിട്ടു
ഹിംസിച്ചിട്ടും വൈരമൊട്ടുങ്ങാഞ്ഞിട്ടൊട്ടുക്കം
ഹംസത്തെ പിടിച്ചിഴച്ച"

ധീരനാണ്. അത്രമാത്രമല്ല,

"പിള്ളയായിട്ടു പിറന്നുവീണപ്പോഴേത്തുടങ്ങിയ
കള്ളവിദ്യ ശമ്പരൻെറ ശരമേല്ലോളം"

കൊണ്ടുനടന്നു്,

"വെണ്ണകട്ടുതിന്നും വേശ്യമാക്കൂലിവേലചെയ്തും"

പലരേയും ചതിച്ചുകൊന്നും പ്രസിദ്ധിനേടിയ ധീരൻകൂടിയാണ്. ആശാൻെറ ധീരൻ 'തീറോ' എന്നു ചിലർ എഴുതിവരുന്ന ധീരനാണ്. അതു ബുദ്ധഭിക്ഷുക്കൾക്ക് അവർ ആഹ്തന്മാരായാലും, ഉപസമ്പദന്മാരായാലും, പരിവ്രാജകന്മാരായാലും, ധമ്മമാത്രന്മാരായാലും, ധമ്മമഹാമാത്രന്മാരായാലും, ബോധിസത്വന്മാരായാലും പൊതുവേ പറഞ്ഞുവരുന്ന ഒരു പേരാകുന്നു. ഈ സങ്കേതാത്ഥത്തിലാണ 'ദുഃഖസത്യജ്ഞനദ്ധീരൻ' എന്നതിലെ ധീരശബ്ദം ആശാൻ പ്രയോഗിച്ചിരിക്കുന്നതു്. ഭിക്ഷുണികൾക്കു 'ധീരി'കളെന്നും ബൗദ്ധഗ്രന്ഥങ്ങളിൽ പ്രയോഗം കാണാവുന്നതാണ്.

വാസവദത്തയെ ദഹിപ്പിച്ച ഭസ്മകദംബം നോക്കി

കുറേനേരം മിഴിച്ചുനിന്ന മഹാനായ ഉപഗുപ്തധീരൻെറ കണ്ണിൽനിന്നു് ഒരശ്രുകണം ആമലകീഫലംപോലെ ആ ചാമ്പലിൽ അടൎന്നുവീണതിനു ഹേതുവായ മനോവികാരം എന്താണെന്നു കവി ചിന്തചെയ്യുന്നു. ദുഃഖംകൊണ്ടാണോ, കൃതാൎത്ഥതകൊണ്ടാണോ, വിസ്മയംകൊണ്ടാണോ എന്നു പൂർവപക്ഷം ഊഹിച്ചു്, അല്ലെന്നു സകാരണം സമാധാനംചെയ്തശേഷം 'കരുണ'കൊണ്ടാണെന്നു കവി നമ്മെ മനസ്സിലാക്കിയിട്ടു്, തൻെറ കാവ്യത്തിനു 'കരുണ' എന്നു പേരിട്ടതിൻെറ ഔചിത്യത്തെ സഹൃദയന്മാൎക്കു വിസമ്മതിക്കാൻ നിവൃത്തിയില്ലാത്തവിധം സമൎത്ഥിക്കുകയും ചെയ്തിരിക്കുന്നു. ആശാൻെറ 'ഉള്ളിൽക്കിടന്നിരുന്ന കുചേലവൃത്തം, സഞ്ചിയിൽ സംഭൃതമായ പൂച്ചയെപ്പോലെ തല വെളിയിൽ കാട്ടിയത'ല്ല, സ്പഷ്ടമെന്നു പഞ്ചാനനൻ ശപഥംചെയ്യുന്ന വരികൾ എന്നു്, നിർബ്ബന്ധബുദ്ധിയില്ലാത്തപക്ഷം, അദ്ദേഹത്തിനുതന്നെ ബോദ്ധ്യംവരുവാൻ ഒരു സംഗതികൂടി പറയാം. ആശാൻ തൻെറ വഞ്ചിപ്പാട്ടിനു 'കരുണ' എന്നു പേരുസങ്കല്പിച്ചുകൊണ്ടു്, കാവ്യം ആരംഭിക്കുന്നതുതന്നെ,

"അനുപമ കൃപാനിധിയഖിലബാന്ധവൻശാക്യ-
ജിനദേവൻ, ധൎമ്മരശ്മി ചൊരിയുംനാളിൽ"

എന്നാണു്. ഈ വരികളിൽ ഒററവാക്കുപോലും നിഷ്പ്രയോജനമായി പ്രയോഗിച്ചിട്ടില്ലെന്നു കാവ്യം സശ്രദ്ധം പരിശോധിച്ചുനോക്കുന്ന സഹൃദയപണ്ഡിതന്മാൎക്കു ബോധപ്പെടുന്നതാണു്. കാവ്യനാമത്തിനൊപ്പിച്ചു് 'അനുപമകൃപാനിധി' എന്നുതുടങ്ങുന്നകാവ്യം,

"അംഗുലിമാലനുപോലും ആർഹതപദമേകിയ
തുംഗമാം കരുണയെ നീ വിശ്വസിച്ചാലും"

എന്നുള്ള ദൃഷ്ടാന്തത്തെ ഉദ്ധരിച്ച്, 'അനുപമ' വിശേഷണത്തിനു സാധുത്വവും നല്കിക്കൊണ്ട്, 'കരുണതൻകുയത്തിലെ പരിണത മുക്താഫലം' ആണു് ഉപഗുപ്തന്റെ അശ്രുകണമെന്നു സമാധാനിച്ച്, കാവ്യത്തെ ഉപസംഹരിക്കയാണു് ആശാൻ ചെയ്തിരിക്കുന്നതു്. 'കരഞ്ഞിട്ടുണ്ടോ' എന്നു് ഒരൊററവാക്കു കുചേലവൃത്തത്തിലും, 'കരകയില്ല' എന്നു മറെറാരുവാക്കു കരുണയിലും ഉള്ളതു കണ്ടുകൊണ്ടു്, ആരോ പുലിയെക്കണ്ടതുപോലെ പൂച്ചയെ സ്വപ്നംകണ്ട സാഹിത്യപഞ്ചാനനൻ കാട്ടുതകത്തതാണെന്നു വായനക്കാൎക്കു് ഊഹിക്കാമല്ലോ.

സാഹിത്യകലയിൽ വൎണ്ണനക്കു പല സമ്പ്രദായങ്ങൾ ഉള്ളവയിൽ വൎണ്ണ്യവസ്തുവിനെ 'യഥാതഥ'മായി വൎണ്ണിക്കുന്ന ഒരു സമ്പ്രദായം വാരൃക്കുള്ളതിനെ ആശാൻ അനുകരിച്ചിട്ടുണ്ടെന്നും, ആ അനുകരണം ചിലേടത്തു ഭംഗിയായും മററു ചിലേടത്തു് അഭംഗിയായും പരിണമിച്ചിട്ടുണ്ടെന്നും മിസ്റ്റർ പി. കെ. പറയുന്നു. യഥാതഥമായി വൎണ്ണിക്കുന്ന സമ്പ്രദായം പൂൎവ്വകവികളിൽ പലക്കുമുണ്ടെന്നു സമ്മതിക്കുന്ന പി. കെ. കരുണയിൽ ആശാൻ അവരെ ആരേയുമനുകരിക്കാതെ വാരൃരെത്തന്നെയാണു് അനുകരിച്ചതെന്നു കണ്ടുപിടിച്ച സാമൎത്ഥ്യം ഇരിക്കട്ടെ. ഈ അനുകരണംകൊണ്ടുണ്ടായ ഭംഗിയേയും അഭംഗിയേയും ഉദാഹരിക്കുവാൻ രണ്ടു കവിതകളിൽനിന്നും സാഹിത്യപഞ്ചാനനൻ ഉദ്ധരിച്ചിരിക്കുന്ന ഭാഗങ്ങൾ അദ്ദേഹത്തിന്റെ ഉദ്ദേശത്തെ സഹായിക്കുന്നില്ലെന്നു വെളിപ്പെടുത്തുവാൻ യാതൊരു പ്രയാസവുമില്ല.

"കാലത്തെഴുന്നേററു കുളിച്ചുതൊഴുതുവന്ന പതിയുടെ
കാലടി വന്ദിച്ചു പൊതി കൈയിൽ കൊടുത്തു

ക്ഷുലങ്കഷകുതൂഹലം കുടയുമെടുത്തിട്ടനു-
കൂലയായ പത്നിയോടു യാത്രയും ചൊല്ലി''

എന്നുള്ള വരികൾ യാഥാതഥ്യത്തിനു ദൃഷ്ടാന്തമായി വാര്യരുടെ കവിതയിൽനിന്നും ഉദ്ധരിക്കുന്നു. തലേന്നാൾ രാത്രി കുചേലനും ഭാര്യയും തമ്മിൽ പറഞ്ഞു നിശ്ചയിച്ചിരുന്നതനുസരിച്ചു രാവിലെ കുചേലനെഴുന്നേറ്റു യാത്രയ്ക്കാരംഭിച്ചപ്പോൾ പത്നിയോടേപ്പാടുചെയ്തിരുന്നതനുസരിച്ചു പത്നി അവൽപ്പൊതി കൊടുത്തു യാത്രവഴങ്ങിയെന്നു മാത്രമേ വാര്യർ ഈ വരികൾകൊണ്ടു വെളിപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ളു എന്നും, യഥാതഥമായി വർണ്ണിക്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ലെന്നും, കുചേലന്റെ യാത്രാവർണ്ണന വാര്യർ തന്നെ മറെറാരേടത്തു യഥാതഥമായി വർണ്ണിച്ചിരിക്കുന്നതിൽനിന്നു വെളിപ്പെടുന്നതാണ്. ആ വർണ്ണന താഴെ ചേർക്കുന്നു:

''കണ്ടാലെത്ര കഷ്ടമെത്രയും മുഷിഞ്ഞ ജീർണ്ണവസ്ത്രം
കൊണ്ടു തററുടുത്തിട്ടുത്തരീയവുമിട്ടു
മുണ്ടിൽ പൊതിഞ്ഞ പൊതിയും മുഖ്യമായ പുസ്തകവും
രണ്ടുംകൂടെക്കക്ഷത്തിങ്കലിടുക്കിക്കൊണ്ടു്,
ഭദ്രമായ ഭസ്മവും ധരിച്ചു നമസ്കാരകിണ-
മുദ്രയും മുഖരമായ പൊളിക്കുടയും
രുദ്രാക്ഷമാലയുമേന്തി നാമകീർത്തനവുംചെയ്തു
ചിദ്രൂപത്തിങ്കലുറച്ചു ചെഞ്ചമ്മേ ചെല്ലും''

അന്തണന്റെ വർണ്ണനയാണു യഥാതഥമായ വർണ്ണന. പി. കെ. ഉദ്ധരിച്ച വർണ്ണന യഥാതഥമായിരുന്നുവെങ്കിൽ അതിൽ മുഷിഞ്ഞ ജീർണ്ണവസ്ത്രം, അതുകൊണ്ടുള്ള തററുടുപ്പ്, ഉത്തരീയം, മുഖ്യമായ പുസ്തകം, അവൽപ്പൊതിയും

പുസ്തകവുംകൂടി കക്ഷത്തിലിടുക്കിയ കാര്യം, ഭസ്മക്കുറി, മുഖരമായ പൊളികുട, രുദ്രാക്ഷമാല, നാമകീർത്തനം ഇവ യൊന്നും വിട്ടുകളയുവാനിടയില്ല. പി. കെ. ഉദ്ധരിച്ചിരി ക്കുന്ന ഭാഗത്തിൽ വാര്യരുദ്ദേശിച്ചിട്ടില്ലാത്ത ഒരു ധ്വനി യുണ്ടെന്നു പി. കെ. ധ്വനിപ്പിക്കുന്നു. കുളിയും ഊത്തും കഴിഞ്ഞു വന്ന കുചേലന്റെ ആഹാരകാര്യത്തിൽ കവി മൗനം അവലംബിച്ചതു കുചേലകുടുംബത്തിലെ ദാരിദ്ര്യ ത്തെ ധ്വനിപ്പിക്കാനാണുപോലും! കുചേലകുടുംബത്തിലെ 'ദുർവാരദാരിദ്ര്യ'ത്തെക്കുറിച്ചു് എട്ടുപത്തു വരികളിലായി 'ഇല്ലം വീണു കുത്തുമാറായ'തുവരെ വർണ്ണിച്ചതിന്റെ ധ്വനി വായനക്കാരുടെ കാതിൽ മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ ത്തന്നെ, പിന്നെയും ഒരു ധ്വനികൂടി മുഴക്കുന്നതു് ഏതു ചെകിടന്റെ ആവശ്യത്തിന്നായിട്ടാണെന്നു മനസ്സിലാകു ന്നില്ല. വഴിയാത്രയ്ക്കു പുറപ്പെടുന്നവൻ കുളിച്ചാലെന്തു് കുളിച്ചില്ലെങ്കിലെന്തു്? ഊക്കുകഴിച്ചാലെന്തു് കഴിച്ചില്ലെ ങ്കിലെന്തു്? എന്നുള്ള ഉദാസീനത വിചാരിക്കാതെയിരു ന്നതു യഥാതഥവർണ്ണനയ്ക്കുവേണ്ടിയാണെന്നു പി. കെ. പറ ഞ്ഞുകാണുന്നു. കുളിക്കാൻ പോയപ്പോൾ ഉലപ്പെണ്ണ ചാ ത്തിയോ ഇല്ലയോ എന്നു പറയാതിരുന്നതു കുടുംബത്തിലെ ദാരിദ്ര്യംകൊണ്ടു് എണ്ണ ഇല്ലാതെവന്നിട്ടാണെന്നു മറ്റൊ രു ധ്വനികൂടി കണ്ടുപിടിക്കാമായിരുന്നതു് എന്തുകൊണ്ടു് ഈ ധ്വനികാരൻ വിട്ടുകളഞ്ഞു എന്നു വിസ്മയിക്കേണ്ടി യിരിക്കുന്നു. കുചേലൻ പല്ലുതേച്ച കാര്യം പറയാതിരുന്ന തു് ഉമിക്കരിക്കു വീട്ടിൽ ഉമിപോലുമില്ലാഞ്ഞിട്ടാണെന്നു ള്ള ധ്വനിയും വിട്ടുകളയേണ്ടതില്ലായിരുന്നു. പക്ഷേ, കുചേലനു പല്ലില്ലാഞ്ഞിട്ടാണെന്നുംകൂടി ധ്വനിപ്പിക്കാമാ യിരുന്നു. ഇല്ലാത്ത ഭംഗി ഉണ്ടെന്നു വരുത്താനും, ഉള്ള ഭംഗി ഇല്ലെന്നു വരുത്താനും ശ്രമിക്കുന്ന സാഹിത്യപഞ്ചാ

നനൻെറ ധ്വനിഭ്രമത്തിന്നു നിദാനം ചികിത്സയില്ലാത്ത ഒരു രോഗമാണെന്നു വായനക്കാക്ക് ഊഹിക്കാമല്ലോ.

ആശാൻെറ യഥാതഥവണ്ണനയിൽ അഭംഗി കണ്ടു പിടിച്ച പി. കെ.യുടെ കണ്ണിലെ കാചത്തിനു ചികിത്സ യൊന്നുമില്ല.

"ഉത്തരമഥുരാപുരിക്കുത്തരോപാന്തത്തിലുള്ള
വിസ്തൃതരാജവീഥിതൻ കിഴക്കരികിൽ"

എന്നുള്ള കരുണയിലെ വരികളെ ഉദ്ധരിച്ചിട്ടു പഞ്ചാന നൻ ഇങ്ങനെ ഉപന്യസിക്കുന്നു: "ഇത്യാദി കഥോപക്ര മംതന്നെ നോക്കുക. വാസവദത്തയുടെ വാസസ്ഥാനം മധു രാപുരിയായിരുന്നു എന്നു പറഞ്ഞാൽ മതിയാകുമായിരു ന്നു. ആ നഗരിയുടെ വടക്കുവശത്തു രാജപാതയുടെ കിഴ ക്കുവശത്തായിരുന്നു എന്നുള്ള വിവരങ്ങൾ സ്വസങ്കല്പ ത്തെ യഥാതഥമായി പ്രതിപാദിക്കുവാൻ ഗ്രന്ഥകത്താവു വിസ്തരിച്ചിട്ടുള്ളതാണ്. ഇതുകൊണ്ടു പ്രബന്ധത്തിനു വല്ല ചമൽക്കാരവും കൂടിയിട്ടുണ്ടെന്നു പറയുവാനില്ല."

കവിഹൃദയം അറിഞ്ഞുവേണം കാവ്യരസം ആസ്വ ദിക്കാനെന്നു പൂവ്വന്മാർ നിഷ്കഷിച്ചിട്ടുള്ളതു വെറുതേയല്ല. ആശാൻ കരുണ എഴുതുവാൻ സങ്കല്പിച്ചപ്പോൾത്തന്നെ ഒരു സംഗതി ആശാൻെറ ഹൃദയത്തിൽ മുന്നിട്ടുനിന്നിരി ക്കുമെന്നു കരുണ വായിച്ചുനോക്കുന്ന ഏതു സഹൃദയനും എളുപ്പത്തിൽ മനസ്സിലാകുന്നതാണ്. മഹാജനസമക്ഷം ആശാൻ തൻെറ കവിതയെ സമപ്പിച്ചുതുടങ്ങിയതു വീണ പൂവിൻെറ പ്രസിദ്ധീകരണം മുതല്ക്കാണല്ലോ.

"ഹാ! പുഷ്പമേ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ!

ശ്രീഭൂവിലസ്ഥിര,യസംശയ,മിന്നു നിൻെറ-
യാഭൂതിയെങ്ങു? പുനരെങ്ങു കിടപ്പിതോർത്താൽ!"

ഈ ആശയംതന്നെ,

"ഹാ! സുഖങ്ങൾ വെറും ജാല,മാരറിവൂ നിയതിതൻ
ത്രാസുപൊങ്ങുന്നതും താനേ താണുപോവതും?"

എന്നു കരുണയിൽ ഒരു തത്വോപദേശമായിട്ടും ആശാൻ നിബന്ധിച്ചിട്ടുണ്ട്. മനുഷ്യജീവിതത്തിൽ കാണാറുള്ള ഈ വൈരുദ്ധ്യത്തെ (Contrast) കാണിച്ച്, ഐഹിക സുഖങ്ങളിലുള്ള ആസക്തി ആപല്ക്കരമെന്നുള്ള തത്വാവബോധം ജനങ്ങളിൽ ഉണ്ടാക്കിത്തീർക്കാമെന്നുള്ളതു്, ആശാൻെറ കവിതകളിൽ ധാരാളം കാണാവുന്ന ഒരു സന്ദേശമാകുന്നു. കേവലം രസത്തിനുവേണ്ടി മാത്രമല്ല ആശാൻ കവിതയെഴുതുന്നതു്. അദ്ദേഹത്തിനു് ഒരു സന്ദേശവുംകൂടി വായനക്കാൎക്കു നല്കുവാനുണ്ടായിരിക്കും. അങ്ങനെയല്ലാതെ ആശാൻ കവിതയെഴുതിയിട്ടില്ലെന്നു നിശ്ചയമായും ശപഥംചെയ്യുവാൻ കഴിയുന്നതാണു്. ജീവിതത്തിലെ ഈ പരസ്പരവൈരുദ്ധ്യത്തെ കാണിക്കുവാനായി വാസവദത്തയുടെ കഥയുടെ രണ്ടു പ്രധാന രംഗങ്ങളെ ആശാൻ സങ്കല്പിച്ചു. ഒന്നു വാസവദത്തയുടെ മാളികയുടെ തെക്കേ മുററത്തു് അശോകവൃക്ഷത്തിൻെറ താഴെ; മറ്റേതു ചുടുകാട്ടിൽ അശ്വത്ഥവൃക്ഷത്തിൻെറ താഴെ. വാസവദത്തയുടെ മാളിക മഥുരാപുരിയിലെന്നു പറഞ്ഞാൽ മതിയായിരുന്നു, എന്നു പി. കെ. പറയുന്നു. തീച്ചയായും അതു പോരെന്നാണു് എൻെറ അഭിപ്രായം. മേൽപ്പറഞ്ഞ രണ്ടു രംഗങ്ങളുടേയും വൎണ്ണനകളിൽ കാണുന്ന വൈരുദ്ധ്യങ്ങൾ എന്തെല്ലാമാണെന്നു പരിശോധിച്ചുനോക്കുന്ന സഹൃദയന്മാൎക്കു് അതു നിസ്സന്ദേഹമായി ബോധപ്പെടുന്നതാണു്.

ഉത്തരമധുരാപുരിയുടെ ഉത്തരോപാന്തത്തിലുള്ള വിസ്തൃതരാജവീഥിയുടെ കിഴക്കരികിലുള്ള മാളികമുറ്റത്തു വാസവദത്തയെ്ക്കൊണ്ടുചെന്നിരുത്തിയതിൻെറ 'ചമൽക്കാര'മറിയണമെങ്കിൽ, മറേറ രംഗത്തിൻെറ വൎണ്ണന സൂക്ഷിച്ചു പരിശോധിക്കണം. ആദ്യരംഗം മധുരാപുരിയുടെ വടക്കുകിഴക്കേ ഭാഗത്തു്; രണ്ടാമത്തെ രംഗമാകട്ടെ, 'അഴകോടനഗരത്തിൻ തെക്കുകിഴക്കുവഴിയൊഴുകും യമുനതൻെറ' ജനരഹിതമായ മേലേകരയിലും. ശ്മശാനം തെക്കുകിഴക്കു ഭാഗത്തായിരിക്കുമെന്നുള്ളതു നമ്മുടെ ആചാരങ്ങളിൽനിന്നു വ്യക്തമാണല്ലോ. അതിനു വിപരീതമായി വടക്കുകിഴക്കു ഭാഗത്തു വാസവദത്തയുടെ മാളിക ആശാൻ സ്ഥാപിച്ചതാണു്. ഉപാന്തത്തിൽ സ്ഥാപിച്ചതിനും ഉപപത്തി ഇല്ലാതില്ല. 'തച്ഛാഖാനഗരം വേശോ, വേശ്യാജനസമാശ്രയഃ' എന്നുള്ള അമരേശംകൊണ്ടു തന്നെ വേശ്യാഗൃഹങ്ങൾ ഉപാന്തനഗരത്തിൽ (ശാഖാനഗരത്തിൽ) ആയിരിക്കണമെന്നു പണ്ടേയുള്ള നഗരവ്യവസ്ഥ മനസ്സിലാക്കാമല്ലോ. 'വിസ്തൃതരാജവീഥി'യാണു് ആദ്യരംഗത്തിലെങ്കിൽ, രണ്ടാമത്തെ രംഗത്തിൽ 'അരയാൽത്തറവരെയും വടക്കുനിന്നെത്തുന്ന കാൽപ്പെരുമാററം കുറഞ്ഞ പാഴ്നടക്കാവും' നാം കാണുന്നുണ്ടു്. രാജവീഥിയുടെ കിഴക്കരികിൽ മാളിക സ്ഥാപിച്ചതിൻെറ യുക്തി സഹൃദയന്മാരെ അത്യധികം ആഹ്ലാദിപ്പിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

'പടിഞ്ഞാറു ചാഞ്ഞു സൂൎയ്യൻ പരിരമ്യമായു് മഞ്ഞയും കട്ടിച്ചുവപ്പും കലൎന്നു തരുക്കളുടെ രാജൽകരകേസരങ്ങൾ വീശി' നില്ക്കുന്ന സന്ധ്യാസമയത്താണു് വാസവദത്തയെ രംഗപ്രവേശം ചെയ്യിക്കുന്നതു്. വാസവദത്ത ആ സമയത്തു് 'അകത്താളിരുന്നാൽ കാണത്തക്കവണ്ണം'

അശോകച്ചുവട്ടിൽ വന്നിരുന്നതു് രാജവീഥിയിൽക്കൂടി പോകുന്ന കുബേരവിടന്മാരെ ആകർഷിക്കുവാനായിരുന്നു വെന്നു് സ്പഷ്ടമാണല്ലൊ. അവളുടെ നൈസർഗ്ഗികമായ സൗന്ദര്യത്തെ ആശാൻ വർണ്ണിച്ചിരിക്കും പ്രകാരമുള്ള വസ്ത്രാഭരണാദ്യലങ്കാരങ്ങൾകൊണ്ടു് അവൾതന്നെ മിനുക്കിയതിനെ, മഞ്ഞയും കട്ടംചുവപ്പും കലന്ന സൂര്യരശ്മി ഉജ്ജ്വലിപ്പിച്ചിരിക്കുമെന്നു് സഹൃദയന്മാക്കു മനസ്സിലാക്കുവാൻ യാതൊരു പ്രയാസവുമില്ല. സന്ധ്യാസൂര്യപ്രകാശം തട്ടുവാൻ സൗകര്യമുള്ള കിഴക്കരികിൽ അവളെ ഇരുത്തിയതിന്റെ ഔചിത്യം ഇത്രയും പറഞ്ഞതുകൊണ്ടു പി. കെ. സമ്മതിക്കുകയില്ലെങ്കിൽ, അദ്ദേഹം പടിഞ്ഞാറെ അരികിൽ ചെന്നു നിഴലിലിരുന്നുകൊള്ളട്ടെ എന്നു പറയാനേ നിവൃത്തിയുള്ളു. പി. കെ. ഉദ്ധരിച്ച മേൽക്കാണുന്ന രണ്ടു വരികൾ 'പ്രബന്ധത്തിനു വല്ല ചമൽക്കാരവും കൂട്ടിയിട്ടുണ്ടെന്നു പറയുവാനില്ല' എന്നു പറയുന്നതിനെ അദ്ദേഹം പുനരാലോചനചെയ്തു് 'പറയുവാനുണ്ടു്' എന്നു് തിരുത്തുമോ എന്നറിഞ്ഞില്ല. ആശാന്റെ ഈ രണ്ടുവരികളിൽ ഒരു ഒററവാക്കുപോലും ചമൽക്കാരകാരിയായിട്ടല്ലാതെ, നിഷ്പ്രയോജനമായൊ, പദപൂരണത്തിനുവേണ്ടിയൊ, പ്രാസത്തിനുവേണ്ടിയൊ പ്രയോഗിച്ചിട്ടില്ലാ എന്ന വസ്തുത കൂടി വായനക്കാർ മനസ്സിലാക്കേണ്ടതാണു്. ആരും പറയാതെതന്നെ ഈ വസ്തുത മനസ്സിലാക്കിയിട്ടുള്ള സഹൃദയന്മാർ ഉണ്ടെന്നു് എനിക്കറിയാം. ആവത്തനം അവർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

യഥാതഥവർണ്ണന ഭംഗിയായും അഭംഗിയായും പരിണമിച്ചിട്ടുള്ളതിനു കരുണയിൽനിന്നു പഞ്ചാനനൻ ഉദ്ധരിച്ചുകാണിക്കുന്ന ഭാഗങ്ങൾ രസകരങ്ങളാണു്. "വാസവദത്തയുടെ ഭവനത്തിലേക്കു വരുന്ന വണിഗ്വരനെ വർണ്ണി

ക്കുമ്പോൾ അയാളുടെ കിന്നരിവച്ച പാദുകകൾ, പട്ടുതലപ്പാവ്, വൈരക്കല്ലു കടുക്കൻ, അംഗുലീയങ്ങൾ, കൗശേയവസ്ത്രം, പൊന്നരഞ്ഞാൺ മുതലായ അലങ്കാരവിശേഷങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നതു് വേശ്യയെ വേശ്യയാക്കാൻ ഉപകരിക്കുന്നതാകയാൽ ഉചിതംതന്നെ. എന്നാൽ ഈ ആവേശം അവിടെ വിശ്രമിക്കാതെ, അയാൾ വന്ന കാളവണ്ടിയിലും വണ്ടിക്കാളകളിലുംകൂടി വ്യാപിച്ചുകാണുന്നു. 'ആനതാഗ്രമായ കൊമ്പിൽ...താടയാട്ടിയും' ഇത്യാദി യാഥാതഥ്യവ്യവസായം നോക്കുക. ഇങ്ങനെ യഥാതഥവർണ്ണനാപ്രസക്തി കരുണയിൽ പലേടത്തും കാണുന്നുണ്ടു്. ചിലേടത്തു് അതുകൊണ്ടു് സാരസ്യവും മററു ചിലേടത്തു് വൈരസ്യവും തോന്നുന്നുണ്ടു്." പഞ്ചാനനനു് 'വൈയർത്ഥ്യവും' വൈരസ്യവും' തോന്നിയതായി കരുണയിൽ കണ്ട വർണ്ണനകളിൽ ഏററവും പ്രധാനമായതിനെയാണു് അദ്ദേഹം മേലുദ്ധരിച്ചു കാണിച്ചിരിക്കുന്നതെന്നു വിചാരിക്കണമല്ലോ. എത്രത്തോളം 'വൈയർത്ഥ്യവും വൈരസ്യവും' സഹൃദയന്മാർക്കു് ഇതിൽ തോന്നാമെന്നു പരിചിന്തനം ചെയ്യേണ്ടതു് ആവശ്യമാകുന്നു. സഹൃദയന്മാരുടെ ഹൃദയങ്ങളെല്ലാം ഒരുപോലെയുള്ളവയല്ലല്ലോ; അതിലും വിശേഷിച്ചു പഞ്ചാനനഹൃദയം. വാസവദത്തയെ വശ്യയാക്കുവാൻ വേഷപ്രൗഢി ചെട്ടിയാരെ ധരിപ്പിച്ചതു് ഉചിതംതന്നെയെന്നു സമ്മതിക്കുന്ന വിമർശകൻ ചെട്ടിയാരുടെ വരവു് അതിനു് ഉപയോഗപ്പെട്ടുകയില്ലെന്നു ധരിച്ചിട്ടാണല്ലോ അതു് 'അമിതമായി വലിച്ചുനീട്ടിയതാ'ണെന്നു് അപവദിക്കുന്നതു്. വേഷപ്രൗഢിക്കും സ്ഥാനവലിപ്പത്തിനും അനുരൂപമായ വാഹനങ്ങൾ എല്ലാവരും ഉപയോഗിക്കാറുണ്ടെന്നു മി. പി. കെ.യ്ക്കും അറിയാവുന്ന കാര്യമാണു്. മി. പി. കെ.യ്ക്കു നടന്നുപോകുവാൻ

തക്ക ബലം കാലിനില്ലാഞ്ഞിട്ടോ, സമയം ലാഭപ്പെടുത്ത ണമെന്നു കരുതിയിട്ടോ, അല്ല അദ്ദേഹം സ്വന്തമായി ഒരു മോട്ടോർകാർ സവാരിക്കു് ഉപയോഗപ്പെടുത്തിവരുന്നതു്. പൊടിപാറിച്ചു പഥികന്മാർക്കുപദ്രവമുണ്ടാക്കിയും, റോഡിലിറങ്ങിയ കുട്ടികളെയും മൃഗങ്ങളെയും പരിഭ്രമിപ്പിച്ചും വായുവേഗത്തോടെ ചിലർ മോട്ടോർകാറിൽ കയറി പോകുന്നതു കണ്ടാൽ, അമ്മ കിണററിൽ വീണെന്നോ, വീടിനു തീപിടിച്ചെന്നോ ഉള്ള വർത്തമാനം കേട്ടിട്ടുണ്ടായ വ്യഗ്രതയാണെന്നു തോന്നും. വെററിലമുറുക്കിയും വെടി പറഞ്ഞും സമയം ചിലവഴിക്കുന്നവരുടെ മോട്ടോർകാർ സവാരിസമയം ലാഭപ്പെടുത്തുവാനാണെന്നു് ആരും ധരിച്ചിട്ടാവശ്യമില്ല. അന്തസ്സും പദവിയും കാണിക്കുവാൻ മാത്രമാണു് ഈ സവാരികളിലധികവുമെന്നു് ആക്കും ഗ്രഹിക്കുവാൻ കഴിയും. ചെട്ടിയാർ വലിയൊരു സമ്പന്ന നാണെന്നു് കവി നമ്മെ മനസ്സിലാക്കിയിട്ടുണ്ടു്. അതിനൊത്ത വേഷപ്രൗഢിയും സവാരിയുമാണു് അയാൾക്കുണ്ടായിരുന്നതു്. ഈ സവാരിയെ വർണ്ണിച്ചിട്ടു പ്രയോജനമില്ലെന്നു വിചാരിക്കാനും തരമില്ല. ആകാശചുംബിയായ മാളികമുകളിൽ താമസിക്കുന്ന വാസവദത്തയെ കാണാൻ ചെല്ലുന്ന ചെട്ടിയാർ കാൽനടയായിച്ചെന്നു കതകിനു മുട്ടി വിളിച്ചു്, വേലക്കാരിയോ മററോ മുഖേന താൻ വന്ന വിവരം വാസവദത്തയെ അറിയിക്കുന്നതിനെക്കാളും, കവി വർണ്ണിച്ചിരിക്കുംപ്രകാരം 'ഉടനേ ചക്രങ്ങൾനിലത്തു രുളുമൊച്ചകൾ കൂട്ടി പൊടിപൊങ്ങിച്ചു വീഥിയിൽ വടക്കുനിന്നും' ഒരു കാഞ്ചനക്കളിത്തേരിൽ കയറി, കാളമണി കിലുക്കിക്കൊണ്ടു ചെല്ലുന്നതല്ലെ നല്ലതെന്നു സഹൃദയന്മാർ തീരുമാനിക്കേണ്ടതാണു്. കാർഡുകൊടുത്തു വിവരമറിയിക്കുന്ന ഇപ്പോഴത്തെ പരിഷ്കൃതസമ്പ്രദായമൊന്നും

അക്കാലത്തുണ്ടായിരുന്നതുമില്ലല്ലോ. വടക്കുനിന്നു് വലിയ ഒച്ചപ്പാട്ടുണ്ടാക്കിക്കൊണ്ട് വരുന്നതാരാണെന്നു നോക്കിക്കാണുവാനുള്ള ജിജ്ഞാസ അശ്രമമായി വാസവദത്തയിൽ ജനിപ്പിക്കണമെന്നുള്ള വിചാരവും ചെട്ടിയാർക്കുണ്ടായിരുന്നു എന്നല്ലാതെ കവിയുടെ ഈ വർണ്ണനയിൽനിന്നൂഹിക്കാൻ തരമുണ്ടോ? ചെട്ടിയാരുടെ കാഞ്ചനക്കളിത്തേരു മാളികയുടെ മുൻഭാഗത്തു് വന്നുനിന്നപ്പോൾത്തന്നെ വാസവദത്തയുടെയും തോഴിയുടെയും ദൃഷ്ടി അയാളിൽ പതിഞ്ഞു എന്നും കവി നമ്മെ മനസ്സിലാക്കുന്നുണ്ട്. കാളയുടെയും കാളവണ്ടിയുടെയും വർണ്ണന ഈ സന്ദർഭത്തിൽ എത്രമാത്രം യോജിച്ചതാണെന്നും, എത്ര ആവശ്യമായിരുന്നു എന്നും വെളിപ്പെടുത്തുവാൻ ഇതിലധികം പറയേണ്ടുന്ന ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

'കരുണയിലെ യഥാതഥവർണ്ണന അമിതമായി വലിച്ചുനീട്ടുകമൂലം വൈയർത്ഥ്യവും വൈരസ്യവും തോന്നുന്നുണ്ട്' എന്നുള്ളതിനെ കാണിക്കുവാൻ ഉദ്ധരിച്ച വർണ്ണന അതിനു തീരെ ഉപകാരപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, തീരെ അസംബന്ധമായിത്തീർന്നിട്ടുണ്ടെന്നും സ്പഷ്ടമാണല്ലോ. യഥാതഥവർണ്ണനയിൽ "കക്ശമായികടന്നുകൂട്ടുന്നവർ ദോഷങ്ങളെ സ്ഫുടിപ്പിച്ചു ഗുണം ഉപന്യസിക്കുവാൻ ഉദ്യമിച്ചതായിട്ടും സാഹിത്യചരിത്രത്തിൽ ദൃഷ്ടാന്തങ്ങളുണ്ട്. അറിഞ്ഞോ അറിയാതെയോ കരുണയുടെ പരിണാമം ഏകദേശം അത്തരത്തിലാണെന്നു പറയേണ്ടിയിരിക്കുന്നു" എന്നു വിമർശകൻ പറയുന്നു. പാൾ കാറസ്സിന്റെ The Gospel of Buddha എന്ന പുസ്തകത്തിൽ കണ്ട ഒരു കഥയെ കാവ്യമാക്കുക മാത്രമെ ആശാൻ ചെയ്തിട്ടുള്ളു. കഥയ്ക്കു് യാതൊരുത്തരവാദിത്വവും ആശാനില്ല. വാസവദത്ത ധനമോഹത്താൽ ചെയ്ത ദുഷ്പ്രവൃത്തികൾ കഥയിലുള്ളതാണു്.

ആശാൻ സ്വന്തമായി അതിൽ യാതൊന്നും കൂട്ടിച്ചേർത്തിട്ടില്ല. 'ദോഷങ്ങളെ സ്ഫുടിപ്പിച്ചു ഗുണം ഉപന്യസിക്കുവാനുള്ള ഉദ്യമം' ആശാനുണ്ടായിരുന്നു എന്നു പറയുന്നതിനെക്കാൾ, 'അകൃത്രിമപ്രണയത്തിന്നുറവൊന്നു' വാസവദത്തയുടെ ഹൃദയത്തിൽ തുളുമ്പിനിന്നിരുന്നതിന്റെ മാഹാത്മ്യത്തെ ഉപന്യസിക്കുവാൻ ഉദ്യമിച്ചതായിട്ടാണ് കരുണയിൽ നാം കാണുന്നതെന്നു പറയുന്നതു കുറേക്കൂടി ശരിയായിരിക്കും.

"പ്രേമമേ, നിൻ പേരുകേട്ടാൽ പേടിയാം, വഴിപിഴച്ച
കാമകിങ്കരർ ചെയ്യുന്ന കട്ടംകൈകളാൽ"

എന്നു വാസവദത്തയുടെ ദുഷ്പ്രവൃത്തിയെ കർക്കശമായി അപഹസിക്കയും ആശാൻ ചെയ്തിട്ടുണ്ട്. ഇതു രണ്ടും ആശാൻ ചെയ്തതു് 'അറിഞ്ഞോ അറിയാതെയോ' അല്ല, അറിഞ്ഞുകൊണ്ടുതന്നെയാണെന്നു് നിസ്സംശയം പറയാവുന്നതാണ്.

കരുണയിലെ രണ്ടു രംഗങ്ങളുടെയും വൈരുദ്ധ്യത്തെ കാണിക്കുവാൻ അവയുടെ വർണ്ണനയിൽ ആശാൻ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. ചെട്ടിയാർ കാളവണ്ടിയിൽ കയറി, വിസ്തൃതമായ രാജവീഥിയൂടെ, വലിയ കോലാഹലത്തോടെ വാസവദത്തയുടെ അടുക്കൽ വന്നതായിട്ടാണ് ഒന്നാമത്തെ രംഗം. രണ്ടാമത്തെ രംഗത്തിൽ, യാതൊരു കോലാഹലവും കൂടാതെ നടക്കാവൂടെ വാസവദത്തയുടെ അടുക്കലേക്കു വരുന്ന ഉപഗുപ്തനെയാണു നാം കാണുന്നതു്. രണ്ടുപേരുടേയും വരവ്് വളരെ വേഗത്തിലാണ്. ഒരാൾ കാളവണ്ടിയിലും, മറേറയാൾ കാൽനടയായും എന്നു മാത്രമെ വ്യത്യാസമുള്ളൂ. ചെട്ടിയാർ വലിയ വേഷാഡംബരത്തോടുകൂടിയാണ് വാസവദത്തയുടെ മുമ്പാകെ ചെല്ലുന്നതു്. അയാളുടെ

ധനത്തിൻെറ പുളപ്പ് വസ്ത്രാഭരണങ്ങളിലും വാഹനത്തിലും കാണുന്നുണ്ട്. ഭിക്ഷു ഒരു മഞ്ഞച്ചീവരവും, കൈയിൽ ഭിക്ഷയ്ക്കുള്ള ചട്ടിയുമേന്തി, നിസ്സാനായിട്ടാണ് അവളുടെ മുമ്പാകെ ചെല്ലുന്നതു്. ചെട്ടിയാർ അയാളുടെ വസ്ത്രാഭരണാദ്യലങ്കാരങ്ങൾകൊണ്ട് ആകൃതി ഭാസുരമാക്കുവാൻ വിഫലമായി ശ്രമിച്ചു. ഉപഗുപ്തൻ തൻെറ ഭാസുരാകൃതികൊണ്ട് തൻെറ നിഴലിനെ 'ചാരുവും പ്രാംശുവു'മാക്കിത്തീർത്തു. രണ്ടുപേരുടെയും വരവിൻെറ ഉദ്ദേശ്യം എത്ര വിരുദ്ധമാണെന്നു് പ്രത്യേകം വിസ്തരിക്കേണമെന്നില്ലല്ലോ.

വൈരുദ്ധ്യത്തെ പൂർണ്ണമാക്കുവാൻവേണ്ടി മാത്രം രണ്ടു രംഗങ്ങളിലും പ്രവേശിച്ച പാത്രങ്ങളുടെ വർണ്ണനയിൽ എത്രതന്നെ നിഷ്കർഷ ആശാനുണ്ടായിരുന്നിട്ടും, ഈ നിഷ്കർഷമൂലം വർണ്ണനയ്ക്കു യാതൊരഭംഗിയും അസ്വാരസ്യവും ഒരേടത്തും വരുത്തിയിട്ടില്ലെന്നു് ഏതു സഹൃദയനും സമ്മതിക്കുന്നതാണു്. കുററം പറഞ്ഞേതീരൂ എന്നു് നിർബ്ബന്ധബുദ്ധിയുള്ളവക്കുപോലും ആശാൻെറ വർണ്ണന ഒരു ദിക്കിലെങ്കിലും വിരസമായിത്തീർന്നിട്ടുണ്ടെന്നു് ചൂണ്ടിക്കാണിക്കുവാൻ കഴിയുകയില്ലെന്നുള്ളതിലേക്കു്, അസ്വാരസ്യം ഉള്ളവയെന്നു സമത്ഥിക്കാൻ മി. പി.കെ. ഉദ്ധരിച്ച വർണ്ണനകൾ സാക്ഷ്യംവഹിക്കുന്നതാണു്. കരുണയെക്കാൾ മേലേ എന്നു് പി. കെ. പ്രശംസിക്കുന്ന കുചേലവൃത്തത്തിലെ ചില വർണ്ണനകൾ ഇന്നുള്ള വായനക്കാക്കു് എത്രമാത്രം ഹൃദ്യമായിത്തീരുമെന്നു് കാണിക്കുവാൻ, കുചേലൻ കണ്ട ദ്വാരകയുടെ യഥാതഥമൊ, വൃഥാകഥനമൊ ആയ താഴെക്കാണുന്ന വർണ്ണന ദൃഷ്ടാന്തമായി ഉദ്ധരിക്കാവുന്നതാണു്. മുഴുവൻ വരികളും ഇവിടെ ഉദ്ധരിച്ചു്, സ്ഥലം മെനക്കെടുത്തണമെന്നു വിചാരിക്കുന്നില്ല. നാല്

ത്തിയാറു വരികളിലുള്ള ഈ വണ്ണനയിൽനിന്നു ചില വരികൾ മാത്രം ഉദ്ധരിക്കാം.

"ഭാഗവതിയായ പുരി പൊക്കംകൊണ്ടു നഭസ്സിന്റെ
ഭാഗത്തേയുമതിക്രമിച്ചു..."

"ചുററുമംബരം ചുംബിക്കും പൊന്നുംപുറക്കോട്ടയ്ക്കക-
ത്തൊററരത്നക്കൽത്തളം..."

"മുകളിലാകാശംമുട്ടമകമതിലുകടേയും
മുകപ്പുകടേയുമെണ്ണം ഗണിച്ചുകൂടാ."

അതിശയോക്തിക്കു കുചേലീയമായ ദാരിദ്ര്യമാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിലെ ഈ വണ്ണനയിൽ കാണുന്നതു്. ഈ അതിശയോക്തിതന്നെ തിരുവനന്തപുരംവണ്ണനയിലും, 'അററത്തിങ്കലന്തരീക്ഷം പൊക്കിക്കളഞ്ഞ' കൊടിമരത്തിലും കാണുന്നുണ്ടു്.

"ഇന്ദിര രണ്ടെണ്ണായിരത്തെട്ടായിട്ടിരുന്നരുളും
മന്ദിരങ്ങളുമത്രയുമുണ്ടെന്നു വസ്സും.
നന്ദഗോപ പുത്രപുത്ര പൗത്രാദി ഗൃഹഗണനം
ദന്ദശൂകേശനുമെളുതല്ല വണ്ണിപ്പാൻ
പ്രദ്യോതന കോടി പ്രകാശന്മാരായി വിളങ്ങിടും
പ്രദ്യുമ്നാനിരുദ്ധാദി സത്മങ്ങളും സദാ
മദ്യമത്തനായ മാധവാഗ്രജൻെറ മന്ദിരവും
വിദ്യാവൃദ്ധനാമുദ്ധവരുടെ ഗൃഹവും"

ഇത്യാദി ഗൃഹങ്ങളുടെ കണക്കു്, സെൻസസ് എടുക്കുന്ന എന്യൂമറേറ്റർമാരെയും തോല്പിക്കുന്നവിധം അങ്ങോട്ടു പിന്നെയും പോകുന്നുണ്ടു്.

"കല്പാന്തകാലത്തൊന്നിക്കും കടലുകളുടെ ഘോഷ-
മല്പമാക്കും പുരുഷാരപൂരങ്ങളുടെ
ചൊല്ലൊണ്ടുമിരപ്പു്..."

ഇക്കാലത്തെങ്ങാനുമായിരുന്നെങ്കിൽ, വല്ല റഗുലേഷനും കൊണ്ടു നിയന്ത്രിക്കേണ്ട ആവശ്യം നേരിട്ടമായിരുന്നു. കുചേലവൃത്തത്തിൻെറ രീതിയിൽനിന്നു തുലോം വ്യത്യസ്തമായ രീതിയിലുള്ള ഒരു വഞ്ചിപ്പാട്ടാണ് കരുണയെന്ന് നിഷ്പക്ഷബുദ്ധ്യാ രണ്ടു കാവ്യങ്ങളേയും താരതമ്യപ്പെടുത്തി വായിക്കുന്ന സഹൃദയന്മാക്കു ബോധപ്പെടുന്നതാണ്.

രണ്ടു കാവ്യങ്ങളുടെയും സന്ദേശംതന്നെ രണ്ടാണ്. ആശാൻെറ സന്ദേശം, കരുണയുടെ മാഹാത്മ്യവും ഭോഗാസക്തിയുടെ ദുഷ്ഫലവും വായനക്കാരെ ബോദ്ധ്യപ്പെടുത്തുക എന്നുള്ളതാണ്. കുചേലവൃത്തത്തിലെ സന്ദേശമാകട്ടെ,

"അന്തണാരിലേകനെന്നാൽ കഴിഞ്ഞു കൃഷ്ണനെത്രയും
ജന്തുവായ ജളനേയും പ്രസാദിപ്പിക്കും"

എന്നുള്ള വരികളിൽനിന്നു കാണാവുന്ന അന്തണഭക്തിയുടെ മാഹാത്മ്യം വെളിപ്പെടുത്തുക എന്നുള്ളതുമാണ്. രണ്ടു കവികളും രണ്ടു സന്ദേശങ്ങളും അവരവരുടെ രീതിയനുസരിച്ചു വളരെ ഭംഗിയായി നിവ്വഹിച്ചിട്ടുണ്ടെന്ന് ആരും സമ്മതിക്കുന്നതാണ്. രണ്ടിനെയും പരസ്പരം താരതമ്യപ്പെടുത്തുന്ന അസംബന്ധത്തിന് ആരും തുനിയാതിരിക്കുകയാണുത്തമം.

ടി. പി. കെ.യുടെ ഈ ലേഖനത്തിൽ അദ്ദേഹത്തിന്റെ സ്ഥിതിയിലുള്ള ഒരാൾക്കു തീരെ യോജിക്കാത്തതരത്തിലുള്ള ഒരു വികടത്വം അവസാനമായി കാണിച്ചിട്ടുള്ളതിനെക്കുറിച്ചുകൂടി അല്പം പ്രസ്താവിക്കാതെ തരമില്ല. വാസവദത്തയുടെ കഥ ആശാൻെറ സങ്കല്പസൃഷ്ടിയല്ലെന്നു കരുണയുടെ മുഖവുരയായി ആശാൻതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. വാസവദത്ത ഹിന്ദുമതക്കാരിയായിരുന്നൊ,

ബുദ്ധമതക്കാരിയായിരുന്നോ എന്നു് ആശാൻ വെളിപ്പെടുത്തിയിട്ടില്ല. പാൾ കാറസും അതു പറഞ്ഞുകാണുന്നില്ല. ഈ രണ്ടു മതക്കാരിലും, മറ്റെല്ലാ മതക്കാരിലും വേശ്യകളുണ്ടെന്നുള്ളതു പ്രസിദ്ധമായ ഒരു വസ്തുതയാണു്. രണ്ടുമൂന്നു കൊല്ലം മുമ്പു്, 'Modern Review' എന്ന പ്രസിദ്ധമാസികയിൽ വാസവദത്തയുടെ കഥ മറ്റൊരുപ്രകാരത്തിൽ എഴുതിയിരിക്കുന്നതു വായിക്കയുണ്ടായി. അവൾ ജനനാൽ വേശ്യാവർഗ്ഗത്തിൽപ്പെട്ടവളായിരുന്നില്ല. ഒരു വലിയ സമ്പന്നനായ വണിഗ്വരൻെറ ഏകപുത്രിയായിരുന്നു അവൾ. ഒരു ദിവസം ആ വണിഗ്വരൻ ബൗദ്ധഭിക്ഷുക്കളെ ഭിക്ഷയ്ക്കായി (സദ്യയ്ക്കായി) തൻെറ ഗൃഹത്തിൽ ക്ഷണിച്ചുവരുത്തി. ഭിക്ഷുക്കൾക്കു വിളമ്പിക്കൊണ്ടുനിന്നതു് വാസവദത്തയായിരുന്നു. പരമസുന്ദരനായിരുന്ന ഉപഗുപ്തനെ ആ സന്ദർഭത്തിൽ അവളും, അവളെ ഉപഗുപ്തനും കാണുകയാൽ, പരസ്പരം, 'താരാമൈത്രകം' എന്നു പറയുന്നതരത്തിലുള്ള അനുരാഗത്താൽ അവർ ബദ്ധരായിത്തീൎന്നു. ഉപഗുപ്തൻ ബ്രഹ്മചൎയ്യനിഷ്ഠകൊണ്ടു് ഈ അനുരാഗത്തിൽനിന്നു നിവൃത്തനായി. വാസവദത്തയ്ക്കു് അതു സാധിച്ചില്ല. നല്ല നിലാവുള്ള ഒരു രാത്രിയിൽ അവൾ ഉപഗുപ്തൻ താമസിച്ചിരുന്ന വിഹാരത്തിലെത്തി, അദ്ദേഹത്തെ കണ്ടു. രണ്ടുപേരും തമ്മിലുണ്ടായ സംഭാഷണത്തിൽനിന്നു തൻെറ പ്രണയം നിഷ്ഫലമാണെന്നു് വാസവദത്തയ്ക്കു ബോദ്ധ്യമാവുകയാൽ, മറ്റൊരാളിൽ അനുരക്തയായിത്തീരുക അസാദ്ധ്യമെന്നു നിശ്ചയിച്ചുവെങ്കിലും, ഭോഗാസക്തിയിൽനിന്നു മനസ്സു നിവൃത്തമാകാതിരുന്നതിനാൽ കാലക്രമേണ അവൾ വേശ്യാവൃത്തിയിൽ ഏൎപ്പെട്ടു എന്നും, അനന്തരം കരുണയിൽ കാണുംപ്രകാരമുള്ള സംഭവങ്ങൾ നടന്നുവെന്നുമാണു് ആ മാസികയിൽ വിവരിച്ചു കണ്ടതു്. പാൾ

കാറസിൻെറ പുസ്തകത്തിൽ കണ്ട കഥ മാത്രം വച്ചുകൊണ്ടു് കരുണ എഴുതിയ ആശാൻ അവളുടെ പൂൎവ്വചരിത്രം അറിഞ്ഞിരുന്നില്ലെന്നുള്ളതു നിശ്ചയമാണു്. എങ്കിലും ഉപഗുപ്തനിൽ അവൾക്കു ദൃഢമായ അനുരാഗം ഉണ്ടായിരുന്നുവെന്നു് ആശാൻ കരുണയിൽ വ്യക്തമാക്കിയിട്ടുണ്ടു്. 'നിബിഡാന്ധകാരത്തിൽ ഒരു രശ്മികന്ദളം' എന്നു മാത്രമേ ആശാൻ അവളുടെ അനുരാഗത്തെ കരുതിയിരുന്നുള്ളു. മേൽ പ്രസ്താവിച്ച കഥയിൽനിന്നുപോലും വാസവദത്ത ബുദ്ധമതക്കാരിയായിരുന്നോ അല്ലയോ എന്നു പറവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ഈ കഥ നടന്നതായി പറയുന്ന കാലത്തു് ബുദ്ധഭിക്ഷുക്കളെ ഹിന്ദുക്കളും ബഹുമാനിച്ചു സൽക്കരിക്കുന്നതു പതിവായിരുന്നു. മരണസമയത്തു ക്രിസ്ത്യാനികളായിത്തീൎന്നവൎക്കുപോലും പാതിരിമാർ അവസ്ഥ കൊടുക്കുന്ന ഒരു പതിവു് ഉള്ളതായി നാം കണ്ടുവരുന്നുണ്ടല്ലോ. ഉപഗുപ്തൻ വാസവദത്തയ്ക്കു മരണസമയത്തു നല്കിയ 'ഉപദേശഗുളിക'യെ ആ തരത്തിൽ പെട്ടതാണെന്നു വിചാരിക്കുവാൻപോലും ക്ഷമയില്ലാതെ, 'ശ്രമണഹതക'നെന്നു് ശ്രീബുദ്ധനെ ആക്ഷേപിക്കുന്ന വാസവദത്ത ഹിന്ദുമതസ്ഥയാണെന്നു് ആശാൻ സൂചിപ്പിക്കുന്നു എന്നു് സ്വപ്നം കണ്ടുകൊണ്ടു് മി. പി. കെ. പറഞ്ഞിരിക്കുന്ന അസംബന്ധത്തിനു മറുപടി പറഞ്ഞിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. ശ്രമണഹതകനെന്നു ബുദ്ധമുനിയെ അപഹസിക്കുക മാത്രമല്ല,

"യമരാജ്യത്തിലശ്ശാക്യസ്ഥവിരനു
പോയൊട്ടുങ്ങാൻ സ്ഥലമില്ലല്ലി?"

എന്നു് ഇച്ഛാഭംഗകാലുഷ്യംകൊണ്ടു് അവൾ ആക്രോശിക്കുകകൂടി ചെയ്യുന്നുണ്ടു്. ബുദ്ധമുനിയുടെ ഉപദേശംകൊണ്ടല്ലായിരുന്നുവെങ്കിൽ ഉപഗുപ്തപ്രണയം തനിക്കു ലഭ്യ

മാകുമായിരുന്നുവെന്നുള്ള ആശയമാണ്, ശാപരൂപമായ ഈ വാക്കുകളെ അവളെക്കൊണ്ടു പുലമ്പിപ്പിക്കുവാൻ ഇട വരുത്തിയതു്. ഇച്ഛാഭംഗം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ സ്വന്തം മതക്കാരെക്കുറിച്ചു മാത്രമല്ല, സ്വബന്ധുക്കളെക്കു റിച്ചുപോലും ഇങ്ങനെയുള്ള വാക്കുകൾ പുലമ്പുന്നതു നാം സാധാരണ കേട്ടുവരുന്നുണ്ടു്. പി. കെ. പറയുമ്പോലെ, ആശാനു് 'ബുദ്ധമതത്തോടു പ്രകടമായ പ്രതിപത്തി' ഉണ്ടായിരുന്നു എന്നു സമ്മതിക്കാൻ തയാറാണെങ്കിലും, 'ഹിന്ദുമതത്തിനോടു് അനുല്ബണമായ അരോചകമു ണ്ടായിരുന്നു' എന്നു് അദ്ദേഹം പറയുന്നതു് ആശാൻെറ ക വിതകളുമായൊ, ആശാനുമായൊ അദ്ദേഹത്തിനുണ്ടായിട്ടു ള്ള പരിചയക്കുറവിനോടു മറ്റെന്തോ ബുദ്ധികാലുഷ്യവും കൂടികലർന്നതുകൊണ്ടാണെന്നേ വിചാരിക്കാൻ തരമുള്ളു. 'പ്രാണപ്രയാണവേളയിലെങ്കിലും, ഹിന്ദുമതക്കാരിയാ യിരുന്ന വാസവദത്തയിൽ ബുദ്ധമതം കുത്തിവച്ചതാണു് ആശാൻെറ രസം' എന്നു് സാഹിത്യപഞ്ചാനനൻ പറ ഞ്ഞു നിറുത്തിയിരുന്നുവെങ്കിൽ വേണ്ടില്ലായിരുന്നു. 'വാ സവദത്ത ഇസ്ലാംമതസ്ഥയെന്നു സൂചിപ്പിച്ചിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന അസ്വാസ്ഥത എത്രമാത്രമായിരുന്നു' എന്നു് അവസാനിപ്പിച്ചിരിക്കുന്നേടത്താണു് അദ്ദേഹ ത്തിൻെറ 'വൃശ്ചികപുച്ഛം' പ്രത്യക്ഷപ്പെടുന്നതു്.

5/7903

★

SENGUPTA PUBLIC LIBRARY • KOZHIKODE. K. •

# ആശാൻസ്മരണകൾ

## സി. വി. കുഞ്ഞുരാമൻ

ആശാനെപ്പററിയുള്ള സ്മരണകളും, ആശാന്റെ കൃതികളെക്കുറിച്ചുള്ള നിരൂപണങ്ങളും അടങ്ങുന്ന ഈ കൃതി സാരസ്വതമായ ചൈതന്യം മൂൎത്തിമത്തായി സമുല്ലസിച്ച ആ മഹാകവിയുടെ ജീവിതത്തിലേക്കും കൃതികളിലേക്കും വെളിച്ചം വീശുന്നതാണ്. സുദീൎഘമായ ആദ്യലേഖനം അതിസുന്ദരമായ ഒരു നോവൽപോലെ രസനിഷ്യന്ദിയായിട്ടുണ്ടെന്നുമാത്രമല്ല മുക്കാൽനൂററാണ്ടിനുമുമ്പുള്ള ഇന്നാട്ടിലെ സാമൂഹികമായ അവസ്ഥാവിശേഷം കാണിച്ചുതരികയും ചെയ്യുന്നു. സാഹിത്യകുശലനും, സഹൃദയനുമായിരുന്ന ഗ്രന്ഥകാരനു് ആശാൻെറ വ്യക്തിത്വവും, ആശാന്റെ സാഹിത്യസൃഷ്ടികളുടെ അന്തസ്സത്തയും അനുവാചകൎക്കു വ്യക്തമാക്കിത്തരുവാൻ ഈ കൃതിയിൽക്കൂടി സാധിച്ചിരിക്കുന്നു. മഹാകവിയെ സംബന്ധിക്കുന്ന പല പുതിയ വിവരങ്ങളും നല്കുന്ന ഭാഗങ്ങൾ അത്യന്തം രസാവഹമാണ്. പ്രൗഢവും മനോഹരവുമായ ഭാഷയും, ഗ്രന്ഥകാരനു സഹജമായ നൎമ്മബോധവും കൊണ്ടു് ഉടനീളം ആകൎഷകമായ ഈ കൃതി അസുലഭവും ആസ്വാദ്യവുമായ ഒരു സാഹിത്യസദ്യയാണ്.

നാഷണൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ
1500–020965

SENGUPTA PUBLI... KOZHI...

## ...തി മഹോൽസവ പരിപാടികൾ

...തി 9 മണിമുതൽ

നൃത്തസംഗീതനാടകം

**'ഭക്തധ്രുവൻ'**

അവതരണം : ഈണം മടപ്പള്ളി

...0 തിങ്കൾ : വൈകുന്നേരം 6-30 മുതൽ

ഭജന By അഞ്ജലി ഭജനസമിതി, ചാലപ്പുറം

...തി 8 മണിക്ക്

27-9'-90 വ്യാഴം: വൈ...

ഭജന By മാ...

രാത്രി 9 മണിമുതൽ

ഗാനഭൂഷണം പ...

ജനാർദ്ദനൻ ആൻറ് ...

**ഭക്തി...**

ു, കോഴിക്കോട്-673004.

ൻസവം. ______

F.207